
Mar Gregorios Orthodox Maha Edavaka - Muscat

# Vineyard

PARISH BULLETIN

Edition 2022-2023 • Vol-1




പെരുന്നാൾ
പതിപ്പോടു
കൂടിയത്

• Articles • Perunnal Supplement • Health Care
• Ladies Corner • Kids Zone • News

# FAVOURS RECEIVED



**St. Geevarghese Mar Gregorios**
**(Parumala Thirumeni)**

**Inserted by**

Geevarghese Yohannan & Family

**Kuzhivila Puthen veedu,**
**Nellikkunnam, Kottarakkara**

# CONTENTS


- **Articles ................................5-18**
- **Health Care.............................. 19**
- **Ladies Corner .......................... 20**
- **Kids Zone................................. 20**
- **Special Supplement............21-25**
- **News.................................26-29**



## PUBLICATION OFFICIALS

**PRESIDENT / VICAR.......** Rev. Fr. Varghese Tiju Ipe
**ASSOCIATE VICAR .........** Rev. Fr. Aby Chacko

**HON. TRUSTEE ..............** Jabson Varghese
**HON. CO–TRUSTEE........** Binu Joseph Kunchattil
**HON. SECRETARY ..........** Joseph Varghese (Biju Parumala)

## VINEYARD COMMITTEE

**GENERAL CONVENOR ....** George Kunjumon
**EDITOR-IN-CHIEF...........** John P. Luke

**EDITORIAL BOARD MEMBERS:**
- Binu Varghese
- Bipin Varghese
- Mariamma Philip
- Master Joel Yuhanon Thomas

**FINANCE CONVENER:**
- Saji John
- Saji Abraham

**PRINTING & DISTRIBUTION:**
- Tijo Thomas
- Nibu Varghese



**EMAIL:** mgomevineyard@gmail.com
**ONLINE PUBLICATION:** www.mgomemuscat.com/vineyard




# ഈറ്റുനോവ്

അത്തിവൃഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലമില്ലെങ്കിലും, ഒലിവു മരത്തിൽ കായ്കൾ ഇല്ലാതായാലും, വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും, ആട്ടിൻ കൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും കർത്താവിൽ ഞാൻ ആനന്ദിക്കും – ഹബക്കൂക് 3 :17

ചെറുപ്പത്തിൽ പഠിച്ച ഒരു ചെറു കഥയുണ്ട്. ഒരു വണ്ട് താമരപ്പൂവിൽ തേൻ തേടിയെത്തുന്നു. തേൻ നുകർന്നു കൊണ്ടിരിക്കെ സന്ധ്യയാകുന്നു. സൂര്യൻ മറഞ്ഞാൽ പിന്നെ താമരക്കു കൂമ്പു വിരിഞ്ഞു നിൽക്കാനാകില്ല. അങ്ങനെ വണ്ട് താമര ഇതളുകളുടെ തടവറയിൽ ആയി. താമര സ്നേഹപൂർവ്വം വണ്ടിനോട് പറഞ്ഞു. “നാളെ പ്രഭാതത്തിലെ എനിക്ക് ദളങ്ങളെല്ലാം വിരിച്ചു നില്കാനാവൂ. നീ ഇതിനകത്തിരുന്നു വെറുതെ സമയം കളയാതെ എന്റെ ദളങ്ങളെ മുറിവേൽപിച്ചിട്ടു നീ കടന്നു പൊയ്ക്കൊള്ളുക”, വണ്ടാകട്ടെ അതിനേക്കാൾ സ്നേഹനിർഭരനായിരുന്നു. വണ്ട് പറഞ്ഞു: “നിന്നെ വേദനിപ്പിച്ചു കൊണ്ട് എനിക്കിതിൽ നിന്നും പോകേണ്ട കാര്യമില്ല. നാളെ പ്രഭാതത്തിൽ നിന്റെ ദളങ്ങൾ വിരിയുമ്പോൾ ആരെയും വേദനിപ്പിക്കാതെ എനിക്ക് പറന്നു പോകാനാകും.” അവരങ്ങനെ സ്നേഹപൂർവ്വം കൊച്ചുവർത്തമാനങ്ങൾ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ അത് വഴി വന്ന ഒരു ആന ഈ താമരയെയും അതിനുള്ളിൽ കുടുങ്ങിയ വണ്ടിനേയും ഒരുമിച്ചു വിഴുങ്ങുന്നു. എന്ത് കൊണ്ടിങ്ങനെ സംഭവിക്കുന്നു ? ആരെയും വേദനിപ്പിക്കില്ല , വേദനിപ്പിക്കരുത് എന്ന് നിർബന്ധമുള്ള വണ്ടും താമരയുമൊക്കെ നന്മയുടെ ദൃശ്യ അടയാളങ്ങളാണ്. എന്നിട്ടും എന്ത് കൊണ്ടാണ് നന്മ മാത്രം ചിന്തിക്കുന്നവർ അത് പ്രവർത്തിക്കുന്നവർ ഇത്തരം ദുരന്തങ്ങൾക്കു വിധേയരാകേണ്ടി വരുന്നത് ?

നമ്മുടെയൊക്കെ ജാലകത്തിൽ നിന്ന് നോക്കുമ്പോൾ ഉത്തരമില്ലാത്ത ഒരു ചോദ്യമായി അവശേഷിക്കുന്നു. ‘സഹനം എന്തിനു നീതിമാന്’ ? എന്നാൽ ബൈബിൾ സഹനത്തെക്കുറിച്ചു നൽകുന്ന അനുമാനങ്ങൾ എന്തൊക്കെയാണ് ? ഒന്ന്, സഹനം കൂടുതൽ നന്മയിലേക്കുള്ള ഇടദൂരമാണ്. ക്രിസ്തുവിന്റെ ഉപമകൾ നമ്മെ പഠിപ്പിക്കുന്നത് അതാണ്. നിലത്തു വീണു ഗോതമ്പുമണി നശിക്കുമ്പോൾ അത് ജീർണിക്കുമ്പോൾ ആണ് അതിൽ നിന്നും പുതു ജീവന്റെ നാമ്പ് മുളക്കുന്നത്. പിന്നീട് ഏറെ നാളുകൾ കൊണ്ട് ഈ നാമ്പ് നൂറുമേനിയുടെ കൊയ്ത്തുത്സവമായിട്ടു മാറുന്നു. നീതിമാന്റെ സഹനം നിലത്തു വീണ ഗോതമ്പു മണിയിൽ നിന്നും നൂറുമേനിയിലേക്കുള്ള ദൂരമാകാം.

മറ്റൊന്നാണ് ഈറ്റുനോവാരംഭിക്കുന്ന സ്ത്രീയുടെ ഉപമ. ഒരു പക്ഷെ, ഒരു സ്ത്രീക്ക് കടന്നു പോകേണ്ടതിൽ വച്ച് ഏറ്റവും വലുതായ വേദനകളിലൊന്ന്. എന്നിട്ടും കുഞ്ഞിന്റെ മുഖം കാണുമ്പോൾ’ അമ്മ തന്റെ വേദന മറക്കുന്നു. സഹനം കൂടുതൽ നന്മയിലേക്കുള്ള ഇടദൂരമാകാം. നിലത്തുവീണ ഗോതമ്പുമണിയിൽ നിന്ന് നൂറുമേനിയിലേക്കു. സ്ത്രീയുടെ ഈറ്റുനോവിൽ നിന്ന് അമ്മയുടെ സാഫല്യത്തിലേക്കു ...

രണ്ടാമത്തെ അനുമാനം സഹനം ദൈവദർശനത്തിനു നിമിത്തമായി മാറുന്നു. ജീവിതത്തിലേക്ക് കടന്നു വരുന്ന ചില അപ്രതീക്ഷിത ദുരന്തങ്ങൾ നമ്മെ ഒരുപക്ഷെ കുറേകൂടി ആഴമുള്ള ദൈവദര്ശനത്തിലേക്കു നയിച്ചേക്കാം .ശൗലിൽ നിന്നും പൗലോസിലേക്കുള്ള മാറ്റം ഒരു മകുടോദാഹരണമാണ്. അഹന്തയുടെ അശ്വത്തിലേറി ക്രൈസ്തവരെ കൈയാമം വയ്ക്കാൻ പോകുന്ന ശൗലിന്റെ ജീവിതത്തിലേക്ക് അപ്രതീക്ഷിതമായി കടന്നു വന്ന വീഴ്ചയും അന്ധതയുമെല്ലാം ദൈവിക ദർശനമുള്ള പൗലോസായി അവനെ പരിണാമപ്പെടുത്തുകയാണ്. .

മൂന്നാമതായി, സഹനം നമ്മെ കൂടുതൽ കരുത്തുള്ളവരായിട്ടു മാറ്റുന്നു. ആവർത്തന പുസ്തകത്തിൽ പ്രതിപാദിക്കുന്ന ഒരു ഉദാഹരണം ഉണ്ട്. തള്ളപ്പക്ഷി തന്റെ കൂടു ചിതറികുന്നത് കുഞ്ഞുങ്ങളെ  പറക്കാൻ പഠിപ്പിക്കുന്നതിന് വേണ്ടിയാണു. മാനമൊക്കെ ഒന്ന് ചുറ്റി പറന്നു കാണാൻ തന്റെ ചിറകുകളിലേക്കു ‘അമ്മ കുഞ്ഞുപക്ഷികളെ കയറ്റിയിട്ടു, തന്റെ ചിറകൊന്നു തെന്നിച്ചു കുഞ്ഞുങ്ങളെ വേർപെടുത്തി’ അമ്മ വേറെയായി മാറുന്നു. ചാകാനൊരുങ്ങി കുഞ്ഞുങ്ങൾ താഴേക്ക് വീഴുമ്പോൾ പെട്ടെന്ന് ഉള്ളിന്റെയുള്ളിൽ ജീവിക്കാനുള്ള തൃഷ്ണ ഉണരുന്നു .ഈ ദുരന്തത്തെ അതിജീവിക്കാൻ മുകളിലേക്ക് ചിറകടിച്ചുയരുന്ന കുഞ്ഞുപക്ഷികളെ നമുക്കവിടെ കാണാൻ കഴിയുന്നുണ്ട്. അങ്ങനെ പറക്കുവാൻ കരുത്തുള്ളവരായി അവർ മാറുകയാണ്. ജീവിതത്തിന്റെ സഹനാനുഭവങ്ങിലൂടെ കടന്നു പോകുന്ന മനുഷ്യന്റെ ചിറകുകൾക്ക് വലിയൊരു കരുത്തുണ്ട്.

നാലാമതായി, സഹനം നമ്മളെ പച്ചമനുഷ്യരാക്കി മാറ്റുന്നു. വിശപ്പിന്റെയും ഒറ്റപെടലിന്റെയും അനുഭവത്തിലൂടെ കടന്നു പോയിട്ടുള്ള മനുഷ്യർക്കാണ് വളരെ പെട്ടെന്നു അത്തരം ആളുകളെ തിരിച്ചറിയാനും ചേർത്തുപിടിക്കാനും സാധിക്കുന്നത്. സഹനം ഒരുവനെ ലോകത്തോടു, സമൂഹത്തോട് പ്രതിബദ്ധത ഉള്ളവരാക്കി മാറ്റുന്നു.

നീതിമാന്റെ സഹനം എന്തിനു എന്ന് ബൈബിൾ വളരെ ലളിതമായി നമ്മെ പഠിപ്പിക്കുകയാണ്. നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്ന അപ്രതീക്ഷിതമായ ഈറ്റുനോവുകൾ അത്ഭുതകരമായ നന്മയിലേക്കുള്ള ഇടദൂരമാണ് എന്ന് ഒട്ടും സന്ദേഹമില്ലാതെ നമുക്ക് വിശ്വസിക്കാം. നമ്മുടെ സഹനത്തിന്റെ വഴികളിൽ സഹയാത്രികനായി ക്രിസ്തു ഉണ്ടെന്നുള്ള തിരിച്ചറിവ് നമുക്കു കൂടുതൽ കരുത്തു പകരട്ടെ.

പ്രിയ വായനക്കാരെ, ദൈവനിയോഗത്തിന്റെ നാൾവഴികളിൽ അരനൂറ്റണ്ടുകാലം പിന്നിട്ട് നമ്മുടെ മഹായിടവക ചരിത്രത്തിൽ ഇടം പിടിക്കുകയാണ്. സുവർണ ജൂബിലി വർഷത്തിലെ വിനെയാർഡിന്റെ ആദ്യ ലക്കം പൂർത്തിയാകാൻ സഹായിച്ച ദൈവത്തിന്റെ അളവറ്റ കൃപാകൾകും ദൈവിക പ്രേരണയാൽ ഒപ്പം പ്രവർത്തിച്ചവർക്കും അളവറ്റ നന്ദി . ലേഖനങ്ങൾ നല്കിയവർക്കും എല്ലാറ്റിനും പ്രേരക ശക്തി ആയവർക്കും ക്രിസ്തു യേശുവിന്റെ നാമത്തിൽ നന്ദി അറിയിക്കുന്നു .

– **ജോൺ പി. ലൂക്ക്,** ***ചീഫ് എഡിറ്റർ***

# Dearly beloved in Christ,



Greetings on the Golden Jubilee celebrations of Mar Gregorious Orthodox Maha Edavaka. We are celebrating fifty years of unforgettable moments, those fruitful years which our forefathers trod. This was God's misson accomplished through their vision. They have taught us to worship our God almighty love our Church and fellow beings. They had a huge enthusiasm and prioritised helping the poor along with various other activities of the church.

I often ponder how  a parish having insufficient funds for its own needs could render help and be a part of all these charity projects.

At this juncture, it is apt to appreciate and applaud all our parish members for their precious contributions and prayers.

On the occasion of our Golden jubilee we have to fulfill many of our charity projects like "Thanel- Beitho Santhwanam" being a few.

" We make a living by what we get but we make a life by what we give"

Along with charity we need to strengthen our spiritual life therby helping us live a life in accordance to the holy scriptures and the Liturgy of our Church.

We must do all we can to empower ourselves our church and our communities to protect our youth. We must encourage their healthy behaviour so that they would be away from any kind of abuse.


Superstitious beliefs are still followed everywhere. The news updates us on some alarming ones. We must protect one and all as st. Paul says" Have nothing to do with Godless myths and old tales; rather train yourself to be Godly (1 Timoth 4:7) we have to be Godly humans instead of being human Gods.

We commemorate the 120th perunal of our patron saint, St Gregorious of Parumala.

He was a saint of prayer determination and dynamism. Thirumeni set apart his life for God and the church. We receive blessings through this holy father. Let the memories of L.L.H.G Mar Theodosius be eternal.

Let the intercession of St. Gregorious and Mar Theodosius be a strong fortress for our church and its parish members now and forever.

**Fr. Varghese Tiju Ipe,**
***Vicar***



# സദാചാരം



— അഭിവന്ദ്യ സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത


ആൽബേർട്ട് കാമുവിന്റെ ഒരു ഏകാന്തഭാഷണമുണ്ട്. ആധുനിക ലോകത്തിന്റെ കപട സദാചാരത്തിനു നേരെ തിരിച്ചുപിടിച്ച കണ്ണാടി കണക്കെയുള്ള ഒരു മോണോലോഗ്. പാരീസിലെ സമർത്ഥനും മാതൃകാപരനുമായ ഒരു അഭിഭാഷകന്റെ അന്തഃസംഘർഷങ്ങളുടെ കഥനമാണിത്. തന്റെ ഹൃദയത്തിന്റെ ഒളിവിടങ്ങളിൽ പതിയിരിക്കുന്ന ഇരട്ടമുഖം അയാളെ അസ്വസ്ഥനാക്കുന്നു. വിനീതനും ആദർശവാനുമായി നടിച്ചിരുന്ന അയാൾ സ്വയം മദ്യ മദിരാശികളിലേക്കു പതിക്കുന്നതിന്റെ കഥകൾ ആകസ്മീകമായി കണ്ടുമുട്ടിയ ഒരുവനോട് പങ്കുവയ്ക്കുന്ന രീതിയിലാണ് എഴുത്ത് പുരോഗമിക്കുക. വായനക്കാരന്റെ മനഃസാക്ഷിക്കോടതിയിൽ കടന്ന് 'ഈ ദുഃഖിതനായ ന്യായാധിപൻ' ഓരോ വരിയിലും നമ്മെ വിധിക്കുന്നു.


നമ്മുടെ ഉള്ളിലെ കാപിട്യത്തിന്റെ ബഹുമുഖ ഭാവങ്ങളെ നിരാദ്രം അനാവരണം ചെയ്തു കൊല്ലാതെ വായന മുന്നോട്ടു നീങ്ങില്ല. അയാൾ പറയുന്നത് നോക്കുക. ഒരു തരത്തിൽ നാമെല്ലാം ന്യായാധിപൻമാരാണ്. നിരന്തരം മറ്റുള്ളവരെ വിധിക്കുന്നവരാണ്. അതേ സമയം തന്നെ നാം മറ്റുള്ളവരുടെ ദൃഷ്ടിയിൽ കുറ്റക്കാരാണ്. എല്ലായ്പ്പോഴും വിചാരണകളും, വിമർശനങ്ങളും നേരിടുന്നവരാണ്. മാറ്റുകുറഞ്ഞ രീതിയിൽ ക്രിസ്തുവായി തീരുന്നത്രേ! എപ്പോഴും പരസ്പരം കുരിശിലേറ്റിക്കൊണ്ട് അത് സാധ്യമാക്കുന്നു. ലോകത്തിൽ മറ്റുള്ളവരെപ്പോലെ മാന്യരായി ജീവിക്കുക എന്നത് നല്ല കാര്യമാണ്. എന്നാൽ അതിന് മറ്റുള്ളവരെല്ലാം എന്റെ 'മാന്യത' യുടെ നിർവ്വചത്തിനുള്ളിൽ ആയിത്തീരണമെന്ന നമ്മുടെ ശാഠ്യത്തെയാണ് കഥാനായകൻ പരിഹസിക്കുക.

സകലരെയും വിധിക്കുന്ന നാം എന്നാണ് ഉള്ളിലേക്ക് നോക്കുക. സകലത്തെയും പറ്റി നമുക്ക് അഭിപ്രായങ്ങളുണ്ട്. ഒരു പക്ഷേ നമ്മെക്കുറിച്ചൊഴികെ! ശരിക്കും നമ്മെക്കുറിച്ച് നമുക്കെന്താവും പറയാനാവുക. മോശപ്പെട്ടതൊന്നും ചെയ്യാഞ്ഞിട്ടില്ല ഞാനതൊന്നും വെളിപ്പെടുത്താത്തത്. പിന്നെയോ ഞാനണിഞ്ഞിരിക്കുന്ന ഉത്തമപുരുഷന്റെ മുഖംമൂടിയഴിഞ്ഞ് വീഴാതിരിക്കാൻ മാത്രമാണ് സഖേ !

പക്ഷേ, സാക്ഷാൽ ഉത്തമപുരുഷൻ ക്രിസ്തുവിന്റെ വംശാവലി കുറിച്ചു വയ്ക്കുമ്പോൾ ശിഷ്യൻമാർ അങ്ങനെയൊരു മറച്ചു വയ്ക്കലും നടത്തിയിട്ടില്ല. കുതന്ത്രത്തിൽ ജ്യേഷ്ഠാവകാശം സ്വന്തമാക്കിയതും വഴിവക്കിലെ പ്രലോഭനവും മഹാനായ രാജാവിന്റെ വ്യഭിചാരവും എന്നിങ്ങനെ നിലവിലെ സവർണ്ണ ഫ്യൂഡൽ കുടുംബ ചരിത്രങ്ങളിൽ എഴുതുവാൻ പാടില്ലാത്ത പലതിനെയും ഓർമ്മിപ്പിക്കുന്ന വല്ലാത്തൊരു ചരിത്രമെഴുത്താണ് ക്രിസ്തുവിന്റ വംശാവലി. ചിലപ്പോൾ മനുഷ്യ പുത്രന്റെ ജീവിതവഴികളിൽ ഒപ്പം നടന്നവർക്ക് കപട സദാചാരബോധത്തിന്റെ സെൻസർഷിപ്പുകളൊന്നും നമ്മെപ്പോലെ അത്രമേൽ പരിചയമില്ലത്താതുകൊണ്ടാവും ഈ തുറന്നെഴുത്ത് സാധ്യമായത്.

വീഴ്ചകൾ മറച്ചുവയ്ക്കാനും കൊട്ടിഘോഷിക്കാനുമുള്ളവയല്ല. മറിച്ച്, ഒരുയിർത്തെഴുന്നേല്പിനുള്ള തുടർപിറവികൾ തന്നെയാകണം ജീവനിലെ ഓരോ പതനവും !



# കമ്പോളത്തിന്റെ നടുവിൽ വിവേകത്തോടെ



— റവ. ഫാ. ഫിലിപ്പ് തരകൻ, തേവലക്കര
*വൈസ് പ്രസിഡന്റ്, അഖില മലങ്കര മർത്ത മറിയം വനിതാ സമാജം*

നമുക്ക് വേണ്ടിയുള്ള തീരുമാനങ്ങളെടുക്കാൻ നമ്മൾ കൂടുതലായി നിർമ്മിതബുദ്ധിയെ ആശ്രയിക്കുമ്പോൾ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന് എന്താണ് സംഭവിക്കുക? ഇപ്പോൾ നല്ല സിനിമ നിർദ്ദേശിക്കുന്നതിന് നെറ്റ് ഫ്ളിക്സിനെയും ഇടത്തേക്കോ, വലത്തേക്കോ തിരിക്കണോ എന്നറിയാൻ ഗൂഗിൾ മാപ്പിനെയുമാണ് നമ്മൾ വിശ്വസിക്കുന്നത്. എന്ത് പഠിക്കണം? എന്ത് ജോലി ചെയ്യണം ? ആരെ വിവാഹം ചെയ്യണം ? എന്നൊക്കെ തീരുമാനിക്കാൻ നിർമ്മിത ആശ്രയിങ്കൽ തുടങ്ങുമ്പോൾ തീരുമാനങ്ങൾ എടുക്കുന്ന നാടകമായി ജീവിതത്തെ കാണുന്നത് അവസാനിപ്പിക്കാം. ജനാധിപത്യ തെരഞ്ഞെടുപ്പുകൾക്കും സ്വതന്ത്ര വിപണിക്കും അർത്ഥം നഷ്ടപ്പെടും. അതുപോലെതന്നെ മതവിശ്വാസങ്ങൾക്കും കലാസൃഷ്ടികൾക്കും സംഭവിക്കും. (യുവാൽ നോവാ വിരാരി)

തീരുമാനങ്ങൾ എടുക്കാനുള്ള മനഷ്യ ശേഷി ഇന്ന് തടവറയിലാണ്. അടിച്ചേൽപ്പിക്കപ്പെടുന്ന സ്വാധീനങ്ങളുടെ വലയത്തിലാണ് മനുഷ്യ ജീവിതം. ഉപഭോക്തൃ താല്പര്യങ്ങൾ നിശ്ചയിക്കാനുള്ള മനുഷ്യ കഴിവിൻമേൽ കമ്പോള ശക്തികൾ നടത്തുന്ന അധിനിവേശം വളരെ വലുതാണ്. മിതവ്യയത്തിൽനിന്ന് ദുർവ്യയത്തിലേക്ക് നാം കൂപ്പുകുത്തിയിരിക്കുന്നു. കുടുംബ ബഡ്ജറ്റുകൾ താളം തെറ്റുന്നു. ആർത്തി മനുഷ്യരിൽ വർധിക്കുന്നു. തൽഫലമായി അധാർമ്മികതയും അനീതിയും പെരുകുന്നു.

## താളം തെറ്റുന്ന കുടുംബ ബഡ്ജറ്റ്

ഇന്നത്തെ ജീവിതത്തെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഇടമാണ് ഷോപ്പിംഗ് മാളുകൾ. ചൂടും വെയിലും പൊടിയുമേൽക്കാതെ സൂര്യനു കീഴിലുള്ള എന്തും സ്വന്തമാക്കുന്ന ശീതീകരിക്കപ്പെട്ട അത്ഭുത ലോകമാണത്. ഇത്തരം ഇടങ്ങളുടെ ആവിർഭാവത്തോടെ നമ്മുടെ ഉപഭോക്തൃ ശൈലിക്ക് മാറ്റം വന്നിരിക്കുന്നു. അതുപോലെ തന്നെ സ്വാധീനം ചെലുത്തുന്ന മറ്റൊരിടം E- ഷോപ്പുകളും, E -മാർക്കറ്റുകളുമാണ്. ഒരു കൗതുകത്തിന് E- ഷോപ്പുകളിൽ നാം ഒരു സാധനത്തിന്റെ കാര്യം അന്വേഷിച്ചാൽ നമ്മുടെ സൗജന്യ മാധ്യമ അക്കൗണ്ടിലേക്ക് പ്രസ്തുത വസ്തുക്കളുടെ അത്ഭുത ലോകമാണ് തുറക്കുന്നത്. നമ്മുടെ ചിന്താശേഷി ആശയ ലോകത്തുനിന്ന് ആശയകുഴപ്പത്തിന്റെ ലോകത്തിലേക്ക് വഴുതി വീഴും. ഒരു തരം മസ്തിക പ്രക്ഷാളനത്തിന് നാം വിധേയമാകും. ഒരുമിച്ചിരുന്ന് തങ്ങളുടെ വരുമാനത്തിനും ആവശ്യത്തിനും അനുസരിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി ആയിരുന്നു ഒരു മാസത്തേക്കുള്ള സാധനങ്ങൾ വാങ്ങിയിരുന്നത്. ഇപ്പോൾ കുടുംബാംഗങ്ങൾ ഒരുമിച്ചിരിക്കുന്നത് അപൂർണ്ണ കാഴ്ചയാണ്. വാങ്ങാൻ പോകുന്നവരുടെ കയ്യിൽ ഒരു പട്ടിക ഉണ്ടാകുന്നത് അപാനകരമായി മാറി.

കൂടുതൽ ചെലവഴിക്കുന്നവൻ കൂടുതൽ ആദരം അർഹിക്കുന്നു എന്ന നിലയിലേക്ക് ജീവിത സമവാക്യങ്ങൾ മാറി. ഓരോ ഭവനത്തിലെയും അനാവശ്യ വസ്തുക്കളുടെ ചാർട്ട് തയ്യാറാക്കാമെങ്കിൽ നമ്മുടെ വാങ്ങൽ പ്രക്രിയയിലെ അബദ്ധം എന്തെന്ന് കൂടുതൽ വെളിവാകും. ആഹാരം മുതൽ മൗത്ത് വരെ ആ പട്ടികയിൽ നമുക്ക് കാണാൻ കഴിയും.

ഒന്നോ രണ്ടോ ഷോപ്പിംഗ് കഴിയുമ്പോൾ ആ മാസത്തെ വരുമാനം തീരും. പിന്നെ കടം വാങ്ങാൻ ... കടം വീട്ടാനുള്ള മാനസിക സംഘർഷം ... അങ്ങനെ ജീവിതം ദുഃസഹമായി മാറും. വാങ്ങൽ പ്രക്രിയ വിവേകത്തോടെ നിർവ്വഹിക്കപ്പെടേണ്ട ഒന്നാണ്. അത്യാവശ്യം ആവശ്യം എന്നീ തലങ്ങളെ നാം തിരിച്ചറിയണം. കമ്പോള ബുദ്ധിയെ തിരിച്ചറിയാനുള്ള പക്വത നാം ആർജ്ജിക്കണം."വാങ്ങൽ പ്രക്രിയ, പരിശീലിപ്പിക്കാൻ തക്കവണ്ണമുള്ള ബോധന തലം സ്കൂൾ തലത്തിൽ ആവിഷ്ക്കരിക്കപ്പെടണം. ഭവനങ്ങൾക്കും ആത്മീയ പ്രസ്ഥാനങ്ങൾക്കും വലിയ പങ്ക് ഇതിൽ നിർവ്വഹിക്കാനുണ്ട്."

## നൈതിക പ്രതിസന്ധി


ആർത്തി സംസ്കാരത്തിന്റെ ആധാര ശില "ഞാൻ" എന്ന ചിന്തയാണ്. എനിക്ക് എന്നെ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല എന്നതാണ് ഏറ്റവും വലിയ പ്രതിസന്ധി. ഒരു ലക്ഷം രൂപാ ശമ്പളമുള്ള സർക്കാരുദ്യോഗസ്ഥൻ നിത്യവൃത്തിക്ക് പാടുപെടുന്ന കൂലിപ്പണിക്കാരനിൽ നിന്ന് കൈക്കൂലി വാങ്ങുന്നു. അടിസ്ഥാന കാരണം ഉദ്യോഗസ്ഥന്റെയും കുടുംബത്തിന്റെയും കമ്പോളലഹരി എത്ര കിട്ടിയാലും മതിവരാത്ത അവസ്ഥയിലേക്ക് എത്തിച്ചിരിക്കുന്നു. സൂഫി കവിയായ റൂമി കുറിക്കുന്നു: "Greed makes man blind and foolist and makes him an easy prey for death."

പുതിയ ഉപഭോക്തൃ ശൈലി നമ്മിൽ നിന്ന് ചോർത്തികളയുന്നത് അപരബോധമാണ്. ആരുടെ ഒക്കയോ ഔദാര്യമാണ് ഈ ജീവിതം. തുടക്കത്തിലും ഒടുക്കത്തിലും ആരോ പകരുന്ന ഒരിറ്റ് ജലമാണ് നമ്മുടെ ആയുസ്സ്. ലോകത്ത് എവിടെയോ ഉള്ളവന്റെ ദാരിദ്ര്യം എന്റെ കൂടിയാണെന്ന തിരിച്ചറിവ് നാം നമ്മിൽ നിറയ്ക്കണം. ന്യൂനപക്ഷത്തിന്റെ ധൂർത്തിലാണ് ബഹു പൂരിപക്ഷം ദാരിദ്രിത്തിലമരുന്നത്. നാം ഓരോരുത്തരുടെയും അടുക്കളയിൽ നിന്ന് പാഴാക്കികളയുന്ന ഭക്ഷണം മാത്രം മതി ഓരോവർഷവും ലോകത്ത് നിന്ന് പട്ടിണി മൂലം പൊലിയുന്ന ജീവനുകൾ തിരിച്ചുപിടിക്കാൻ. സങ്കീർത്തനം നമ്മെ ഓർമ്മപ്പെടുത്തുന്നു." മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേക ഹീനനായാൽ നശിച്ചു പോകുന്ന മൃഗങ്ങൾക്ക് തുല്യനത്രേ". (49:20) ജീവിതത്തിന്റെ സമസ്ത മേഖലകളിലും നാം ഇടപെടേത് ദൈവദത്തമായ വിവേകത്തോടായിരിക്കണം.

*(ശേഷം ... 11-ൽ)*



# Druxit - ലഹരിയിൽ നിന്ന് മോചനം നേടൂ



— റവ. ഫാ. പി. എ. ഫിലിപ്പ്, *ഡയറക്ടർ, മിനിസ്ട്രി ഓഫ് ഹ്യുമൻ എംപവർമെന്റ്*

കോവിഡ് മഹാമാരി മനുഷ്യരാശിക്ക് സമ്മാനിച്ചത് വിവരണാതീതമായ പ്രതിസന്ധിയാണ്. സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക മേഖലകളിൽ മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് ലോകം ക്രമേണ മുക്തമായിക്കൊണ്ടിരിക്കുമ്പോൾ തുടർച്ചയായി നാം കേൾക്കുന്ന വാർത്തകളും അത്ര ശുഭകരമല്ല. അടിയ്ക്കടി ഉണ്ടാവുന്ന പ്രകൃതിദുരന്തങ്ങൾ, രാഷ്ട്രങ്ങളുടെ സാമ്പത്തിക പ്രതിസന്ധികൾ, കടിഞ്ഞാണില്ലാത്ത വിലക്കയറ്റം ഇതെല്ലാം മനുഷ്യജീവിതം ദുഃസ്സഹമാക്കിയിരിക്കുന്നു. കുട്ടികളിലും യുവജനങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈകാരികവും മാനസികവുമായ മാറ്റങ്ങളാണ് ഏറ്റവും ആശാജനകമായിട്ടുള്ളത്. ലഹരി വസ്തുക്കളുടെ ഉപയോഗം നമ്മുടെ കുട്ടികളിലും യുവജനങ്ങളിലും ഭയാനകമായി വർദ്ധിച്ചുവരുന്നതായി അടുത്തകാലത്തെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മയക്കുമരുന്ന് ഉപയോഗവും വിപണനവും വിതരണവും നിർബാധം തുടരുന്നു. പിടിക്കപ്പെടുന്ന കേസുകളേക്കാൾ എത്രയോ ഇരട്ടിയാണ് പിടിക്കപ്പെടാത്തവ എന്നത് സമാധാനജീവിതം ആഗ്രഹിക്കുന്നവരെ പേടിപ്പെടുത്തുന്നു. പെൺകുട്ടികളടക്കം സ്ക്കൂൾകുട്ടികളെ വലവീശിപ്പിടിക്കുന്ന ലഹരി മാഫിയാ സംഘങ്ങൾ സമൂഹത്തിൽ പിടിമുറുക്കുന്നു എന്നത് ആശങ്കയോടെ മാത്രമേ വീക്ഷിക്കാൻ സാധിക്കൂ.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ലഹരിക്കെതിരേ നടത്തുന്ന ബോധവൽക്കരണ പരിപാടികൾ പ്രശംസാഹർഹമാണ്. എങ്കിലും ലഹരി ഉപയോഗത്തിന്റെ തോത് വർദ്ധിക്കുന്നു എന്നത് ഈ മേഖലയിലുള്ള നമ്മുടെ ഓരോരുത്തരുടേയും കൂട്ടുത്തരവാദിത്തതിന് അടിവരയിടുന്നു. സമൂഹത്തിലെ ഇത്തരം അപചയങ്ങൾക്കും ജീർണ്ണതയ്ക്കും എതിരേ സഭയും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആശങ്കാജനകമായ ഈ സാഹചര്യം കണക്കിലെടുത്ത് ''ലഹരിയിൽ നിന്നുള്ള മോചനം'' എന്ന ലക്ഷ്യത്തെ മുൻനിറുത്തി ''ഡ്രഗ്സിറ്റ് (**Druxit**)'' എന്ന ഒരു ലഹരിവിരുദ്ധ ബോധവൽക്കരണ പദ്ധതി സഭ ആവിഷ്ക്കരിക്കുകയാണ്. സഭാ മാനവശാക്തീകരണ വിഭാഗം നേതൃത്വം നൽകുന്ന ഈ ത്രിവത്സര പദ്ധതി വിഭാവനം ചെയ്യുന്ന ബൃഹത്തായ കർമ്മപരിപാടികൾ എല്ലാ ഇടവകകളും ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## നൂതന പ്രതിഭാസം

രാജ്യാന്തര തലത്തിലെ കണക്കുകൾ വ്യക്തമാക്കുന്നത് മദ്യം, കനാബിസ്, ഒപിയം എന്നിവയുടെയും **MDMA** പോലെയുള്ള രാസലഹരികളുടെയും ഉപയോഗം വർദ്ധിച്ചുവരുന്നു എന്നാണ്. സ്ത്രീകളെക്കാൾ പുരുഷന്മാരാണ് ലഹരിയ്ക്ക് കുടുതലും അടിമയാകുന്നത്. കുത്തിവയ്പ് രൂപത്തിലെടുക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നത് എയ്ഡ്സ് പോലെയുള്ള രോഗങ്ങളുടെ വ്യാപനത്തിനും മരുന്നുകൾ പതിവിലും കൂടിയ അളവിൽ ശരീരത്തിലെത്തുന്നത് ചില സന്ദർഭങ്ങളിൽ മരണത്തിനുപോലും കാരണമാകാറുണ്ട്. മുൻകാലങ്ങളിലെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ലഹരി ഉപയോഗിക്കുന്നവർ ഉണ്ടെങ്കിലും ലഹരിയ്ക്ക് അടിമയാകുന്ന പ്രവണത വളരെക്കുറവായിരുന്നു. എന്നാലിന്ന് ലഹരിയ്ക്ക് അടിമയാകുന്ന ആളുകളുടെ എണ്ണം കൂടിവരികയാണ്. ഇത് കൂടാതെ കൂടിയ അളവിൽ ലഹരി ലഭിക്കുന്നതിന് വിവിധ രീതിയിലുള്ള ലഹരി വസ്തുക്കളെ സംയോജിപ്പിച്ച് ഉപയോഗിക്കുന്നതും വർദ്ധിച്ചുവരുന്നു. ഇതിനൊരു ഉദാഹരണമാണ് മദ്യത്തിൽ മയക്കുമരുന്ന് കലർത്തി ഉപയോഗിക്കുന്നത്. ഇന്ത്യയിൽ ഇതുവരെ പ്രചാരത്തിലില്ലാതിരുന്ന ലഹരിയുടെ ഈ രീതിയിലുള്ള ഉപയോഗവും ഇപ്പോൾ വർദ്ധിച്ചുവരുന്നുണ്ട്. നഗര-ഗ്രാമീണ മേഖലാ വ്യത്യാസമില്ലാതെ ഇപ്പോൾ ഈ പ്രവണത ഏറിവരികയാണ്.

1950-ൽ ലഹരി ഉപയോഗത്തിന്റെ ശരാശരി പ്രായം 28 വയസ്സായിരുന്നുവെങ്കിൽ 2020 ആയപ്പോഴേക്കും അത് 12 വയസ്സായി കുറഞ്ഞു. ഈ കണക്കുകൾ വ്യക്തമാകുന്നത് നമ്മുടെ കൗമാരക്കാർ ലഹരിരാക്ഷസന്റെ പിടിയിൽ അകപ്പെട്ടു കഴിഞ്ഞു എന്നാണ്. കൗമാരക്കാരിലും യുവജനങ്ങളിലും ലഹരി ആസക്തിയും



അടിമത്തവും ഭയാനകമായി വർദ്ധിച്ചുവരുന്നു. എന്തുകൊണ്ടാണ് കൗമാരക്കാരിൽ ലഹരി ആസക്തി വർദ്ധിക്കുന്നത്? കൗമാരായത്തിന്റെ ചില പ്രത്യേകതകൾ ആണ് ഇത്തരം കാര്യങ്ങൾക്ക് വശംവദരാകുവാൻ അവരെ പ്രേരിപ്പിക്കുന്നത്.

### 1. ഉയർന്ന നിലയിലുള്ള ഊർജ്ജം (High Level of Energy)

ശാരീരിക മാനസിക വളർച്ചയുടെ ഒരു പ്രധാനഘട്ടത്തിലാണ് കൗമാരക്കാർ. അവർക്ക് കായികശേഷിയും ഊർജ്ജവും വളരെ കൂടുതലാണ്. ഈ ഉയർന്ന ഊർജ്ജത്തെ നന്നായി വഴിതിരിച്ചു വിട്ടില്ലെങ്കിൽ അത് അപകടകാരിയാവും അപാരശക്തിയുള്ള കുതിരകൾക്ക് നോട്ടം തെറ്റാതിരിക്കുവാൻ അവയുടെ ഇരുകണ്ണുകൾക്കും വശങ്ങളിലായി ഒരു ലോഹമറ ഘടിപ്പിച്ചിരിക്കുന്നത് ഒരു ഉദാഹരണമാണ്. (**High energy level demands good focusing.**)

### 2, സാഹസികതയുടെ വസന്തകാലം (Risk taking)

കൗമാരക്കാർ പൊതുവേ സാഹസികരാണ്. പുതിയ കാര്യങ്ങൾ പരീക്ഷിച്ചു നോക്കുവാനുള്ള വ്യഗ്രത അവരിൽ വളരെ കൂടുതലാണ്. സാഹസികതയ്ക്കുള്ള വ്യഗ്രത നല്ലതാണെങ്കിലും അതിനെ സർഗ്ഗാത്മകമായി തിരിച്ചുവിട്ടില്ലെങ്കിൽ അതും വലിയ അപകടങ്ങളിൽ കൊണ്ടു ചെന്നെത്തിക്കും. ദുർഗ്ഗമമായ മലയിടുക്കിൽ അകപ്പെട്ടുപോയ ബാബുഎന്ന യുവാവിന്റെ കഥ നാം മാധ്യമങ്ങളിലൂടെ ശ്രദ്ധിച്ചതാണ്. സാഹസികതയെ സർഗ്ഗാത്മകമാക്കുവാൻ യുവജനങ്ങളെ പ്രേരിപ്പിക്കേണ്ടതുണ്ട്.

### 3. സ്വത്വബോധം വളരുന്ന കാലം (Identity crisis)

ബാല്യത്തിന്റെയും യൗവനത്തിന്റെയും മധ്യേയുള്ള കൗമാരം സ്വത്വപ്രതിസന്ധിയുടെ കാലമാണ്. ബാലനാണോ യുവാവാണോ എന്ന ആശയക്കുഴപ്പം ഉണ്ടാകാവുന്ന പ്രായം. അതിനാൽ തന്നെ വേണ്ടത്ര പക്വത ഈ പ്രായത്തിൽ ഉണ്ടായെന്നു വരില്ല. ലഹരിയിലേക്കും മറ്റു വൈകൃതങ്ങളിലേക്കും പോകാനുള്ള സാധ്യതയും ഏറെയാണ്. ഇവിടെ വഴികാട്ടികളുടെ (**Mentors**) പങ്കു വളരെ നിർണ്ണായകമാണ്.

### 4. സാഹൃദങ്ങളുടെ സ്വാധീനം (Peer Influence)

കൗമാരക്കാരിൽ നിർണ്ണായക സ്വാധീനമുള്ളവരാണ് ചങ്ങാതിമാർ. നല്ല ചങ്ങാതിമാരെ ഈ പ്രായത്തിൽ ലഭിക്കുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. ''ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട'' എന്ന പഴഞ്ചൊല്ലുണ്ടല്ലോ ഇപ്പോൾ പുറത്തുവരുന്ന റിപ്പോർട്ടുകൾ അനുസരിച്ച് അധികം കുട്ടികളും ലഹരിയ്ക്ക് അടിപ്പെടുന്നത് സുഹൃത്തുക്കളുടെ സ്വാധീനവും സമ്മർദ്ദവും കൊണ്ടാണ്. കുമാരി കുമാരൻമാർക്ക് നല്ല സുഹൃദ് ബന്ധങ്ങൾ ഉണ്ടാവുന്നുണ്ടോ എന്ന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### ഏതൊക്കെയാണ് ശ്രദ്ധിക്കേണ്ട ലക്ഷണങ്ങൾ?

പ്രത്യകിച്ചു കാരണമില്ലാതെ പഠനനിലവാരത്തിൽ പിന്നോട്ടു പോകുക, രഹസ്യങ്ങൾ ഒളിപ്പിക്കാൻ ശ്രമിക്കുന്ന സ്വഭാവം, മുറിക്കകത്ത് അസാധാരണമായ മണങ്ങൾ അനുഭവപ്പെടുക. കൂടുതൽ പോക്കറ്റ് മണി ആവശ്യപ്പെടുക. വീടുകളിൽ നിന്ന് പൈസ കളവു പോവുക, വിലപിടിപ്പുള്ള സാധനങ്ങൾ കാണാതെപോകുക, ഉറക്കത്തിന്റെ രീതിയിൽ വരുന്ന വ്യത്യാസം, അമിതമായ ഉറക്കം, കൂടുതൽ സമയം മുറി അടച്ചിടുക, അപരിചിതരോ, പ്രായത്തിൽ മുതിർന്നവരോ ആയ പുതിയ കൂട്ടുകാർ, കൈകളിലോ ദേഹത്തോ കുത്തിവയ്പിന്റെ പാടുകളോ, അസാധാരണമായ നിറവ്യത്യാസമോ കാണുക. വസ്ത്രധാരണരീതിയിൽ വരുന്ന പെട്ടെന്നുള്ള വ്യത്യാസങ്ങൾ. ഇവയൊക്കെ ലഹരി ആസക്തിയുടെ ലക്ഷണങ്ങളാവാം.

### മയക്കുമരുന്നുസാധ്യതകൾ ആർക്കൊക്കെ?

സ്നേഹവും പരിഗണനയും ലഭിക്കാത്ത കുട്ടികൾ മയക്കുമരുന്നിന്റെ ചതിക്കുഴിയിൽ വീഴാനുള്ള സാധ്യത വളരെ കൂടുതലാണ്. പിരിഞ്ഞു താമസിക്കുന്ന മാതാപിതാക്കളുള്ളവർ, സാമൂഹിക പ്രതിബദ്ധതയും സഹജീവി സ്നേഹവും ഇല്ലാത്ത രക്ഷിതാക്കളുള്ള കുട്ടികൾ, ബന്ധുക്കളുടെ സംരക്ഷണയിൽ വളരുന്ന കുട്ടികൾ, ചെലവാക്കാൻ അമിത പണം ലഭിക്കുന്ന കുട്ടികൾ ഒക്കെ ലഹരിക്കടിമപ്പെടാനുള്ള സാധ്യതയേറെയാണ്. കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ലഹരിക്കടിമപ്പെടുന്നവരുമുണ്ട്. ലഹരി നൽകുന്ന അപകടത്തെപ്പറ്റി വേണ്ടത്ര അവഗാഹമില്ലാത്തതും കുട്ടികളെ കുരുക്കിലാക്കും.

### ലഹരി ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ

ചെറുപ്രയത്തിൽത്തന്നെ മദ്യവും മയക്കുമരുന്നും രുചിക്കുന്നത് കുട്ടികളുടെ ബുദ്ധിവികാസത്തെ ഗുരുതരമായി ബാധിക്കും. മാനസികവും ശാരീരികവുമായ വളർച്ചയും പിന്നിലാക്കുന്നു. സ്കൂൾ കുട്ടികൾ അധികവും ഉപയോഗിക്കുന്നതായി കാണുന്നത് കഞ്ചാവിനേക്കാൾ മാരകമായ സിന്തറ്റിക് പശപോലുള്ള ചില ലഹരി പദാർത്ഥങ്ങളാണ്. അരോമാറ്റിക് അനിലിൻഡൈകളാണ് ഇത്തരം പശകളിലാക്കൊയുള്ളത്. ഇത് സ്ഥിരം വലിക്കുമ്പോൾ പശപ്പുക നിറഞ്ഞ് ശ്വാസതടസ്സം, കുഴഞ്ഞ സംസാരം, മൂക്കിൽ നിന്ന് രക്തസ്രാവം, മണവും കാഴ്ചയും കുറയുക ഇവയുണ്ടാകാം. ഇത് വളരെ ഉയർന്ന അളവിൽ ആകുമ്പോൾ മരണംവരെ സംഭവിക്കാം.

ലഹരിമരുന്നുകൾ ഞരമ്പിലേക്ക് കുത്തിവയ്ക്കുന്നത് എച്ച് ഐ വി, ഹെപ്പറ്റൈറ്റിസ് ബി, എയർ എംബോളിസം തുടങ്ങിയവയ്ക്കിടയാക്കാറുണ്ട്. അമിത അളവിൽ കുത്തിവയ്ക്കുന്നതിലൂടെ പൊടുന്നനെ മരണത്തിനുമിടയാക്കാറുണ്ട്. ലഹരികളിൽത്തന്നെ ഏറെ അപകടകരമാണ് ഇൻഹേലർ അഡിക്ഷൻ. സിന്തറ്റിക് പശകൾ. പെട്രോൾ, പെയിന്റ് തിന്നർ ഇവയൊക്കെ ഇൻഹേലർ അഡിക്ഷൻ ഉള്ളവർ ഉപയോഗിക്കാറുണ്ട്. ശ്വാസകോശമടക്കമുള്ള അവയവങ്ങളെ ഗുരുതരമായി ബാധിക്കാറുണ്ടിത്.


മയക്കുമരുന്നിനടിമപ്പെടുന്ന കുട്ടികളിൽ ക്ഷയം, അർബുദം, കരൾരോഗങ്ങൾ ഇവയുടെ കടന്നുവരവ് വളരെ വേഗത്തിലാണ്. ഉത്തേജകമരുന്നുകൾ, കടുത്ത വേദനസംഹാരികൾ, വിഷാദം കുറയ്ക്കുന്ന മരുന്നുകൾ ഇവയൊക്കെ അമിത അളവിൽ ചേർത്തുണ്ടാക്കുന്ന മയക്കുമരുന്നുകൾ കരൾ, വൃക്ക ഇവയ്ക്ക് നാശം വരുത്തും. ഹൃദ്രോഗ, വാതരോഗങ്ങൾ, കേൾവിക്കുറവ് ഇവയ്ക്കുമിടയാക്കാറുണ്ട്.

ലഹരിക്കടിമപ്പെട്ട് കഴിഞ്ഞാൽ കൂടുതൽ തൃപ്തിക്കായി മാജിക് മഷ്റും, ഹാഷിഷ്, **MDMA** തുടങ്ങിയ കടുത്ത ലഹരികളിലേക്ക് കുട്ടികൾ നീങ്ങും തലച്ചോറിന്റെ പ്രവർത്തന മാന്ദ്യം, സ്വയം പീഡനം, ആത്മഹത്യ ഗുരുതരമായ കുറ്റകൃത്യങ്ങൾ തുടങ്ങിയവയ്ക്കിത് വഴിയൊരുക്കും പുകയിലയിലെ നിക്കോട്ടിൻ ആനന്ദാനുഭൂതിയും ഉത്തേജനവും നൽകി മരണക്കെണിയിലേക്കാണ് തള്ളിവിടുക. പുകയിലയിലെ ടാറും കാർബൺമോണോക്സൈഡുമെല്ലാം അർബുദം ഹൃദ്രോഗം ഇവയ്ക്കിടയാക്കാറുണ്ട്.

### ലഹരിമരുന്നുപയോഗം ഇല്ലാതാക്കാൻ

കുട്ടികളിലെ ലഹരിയുപയോഗം തടയേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്തം സർക്കാരിനാണെന്ന് കരുതാതിരിക്കുക. സർക്കാരിനൊപ്പം കുടുംബത്തിനും അധ്യാപകർക്കും സമൂഹത്തിനും ഒരേ ഉത്തരവാദിത്തമാണ് ഇക്കാര്യത്തിൽ ഉള്ളത്. കുട്ടികൾ സ്ഥിരമായി കൂട്ടംകൂടി നിൽക്കുന്ന ആളൊഴിഞ്ഞ ഇടങ്ങൾ, പതിവായി കുട്ടികൾ പോകുന്ന ലഹരി വസ്തു വിൽക്കാനിടയുള്ള സ്ഥലങ്ങൾ ഇവയിൽ എന്തെങ്കിലും സംശയം തോന്നിയാൽ എക്സൈസ് അധികൃതരെ അറിയിക്കാൻ ഓരോ വ്യക്തിയും ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളെ നേർവഴിക്ക് നടത്താൻ രക്ഷിതാക്കൾ ലഹരി ഉപയോഗത്തിൽ നിന്ന് പൂർണമായും വിട്ടുനിന്നേ മതിയാകൂ. മക്കൾക്ക് സ്നേഹപൂർണമായ ഒരു നിയന്ത്രണമാണ് രക്ഷിതാക്കൾ നൽകേണ്ടത്. മറ്റ് കുട്ടികളുമായി ഒരിക്കലും അവരെ താരതമ്യം ചെയ്യരുത്. മക്കളുടെ ചെറിയ വിജയങ്ങളിൽപ്പോലും പ്രശംസിക്കാനും അവർക്ക് നല്ല കൂട്ടുകാരെ കണ്ടെത്താനും സഹായിക്കാം കുട്ടികളുമായി ദൃഢമായ ആശയവിനിമയം ഉണ്ടാകാൻ വേണ്ടി മെച്ചപ്പെട്ട കുടുംബാന്തരീക്ഷമുണ്ടാക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. കുട്ടിക്ക് മുതിർന്നവരുമായി കൂട്ടുകെട്ടുണ്ടോ? പകൽ

# വലിയ മനുഷ്യർക്കേ ചെറിയവരാകാൻ കഴിയൂ



— വൃന്ദ എം. വിജി വൈദ്യൻ (ID: V-188)

നമുക്ക് കാണാൻ കഴിയാവുന്ന ഏറ്റവും നിഗൂഢമായ വസ്തു മനുഷ്യർ തന്നെ ആണ്. അവരെക്കാൾ നിഗൂഢത പേറുന്ന മറ്റൊരു ശക്തിയെയും ഈ ലോകത്ത് സൃഷ്ടിച്ചിട്ടില്ല. അനേകം ചിന്തകൾ തലയിലും, മനസ്സിലും ഓടിക്കൊണ്ടിരിക്കുമ്പോഴും മുഖത്ത് വിരിയുന്ന ഭാവം മറ്റൊന്നായിരിക്കും, അവരുടെ സംസാരം മറ്റൊന്നായിരിക്കും, പ്രവൃത്തികൾ പാടെ മാറ്റം ഉള്ളവയായിരിക്കും. ഒരു മനുഷ്യനെ പൂർണമായി മനസ്സിലാക്കുക എന്നത് ഇന്നും ഉത്തരമില്ലാത്ത ചോദ്യം ആണ്.

ചെറുതാകാനും ക്ഷമിക്കാനും മറക്കാനും കഴിയുന്നവർക്കേ എപ്പോഴും വലുതാകാൻ സാധിക്കൂ... ഒരു സംഭവ കഥ വായിക്കുവാൻ ഇടയായി. നാല് ഭടന്മാർ ഭാരമേറിയ ഒരു മരക്കഷണം ഉന്തുവണ്ടിയിൽ കയറ്റാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ അതിനു വലിയ ഭാരമുണ്ടായിരുന്നതിനാൽ അത് ഉയർത്തി വണ്ടിയിൽ കയറ്റുമ്പോഴേക്കും വീണ്ടും ഉരുണ്ടു താഴേക്കു വീണു. പല പ്രാവശ്യം പരിശ്രമിച്ചെങ്കിലും മരത്തടി വണ്ടിയിൽ കയറ്റുവാൻ കഴിയാതെ ഭടന്മാർ വിഷമിച്ചു. അവരുടെ മേലാവായ കോർപ്പറൽ  ദൂരെ മാറി നിന്നുകൊണ്ട് ഇതെല്ലാം വീക്ഷിക്കുകയാണ്.



“ഇനിയും തടി കയറ്റിക്കഴിഞ്ഞില്ലേ” എന്ന് അയാൾ ഭടന്മാരോടു വിളിച്ചു ചോദിക്കുന്നത് അതുവഴി കുതിരപ്പുറത്തു വന്ന ഒരാൾ കേട്ടു. വീണ്ടും തടി ഉയർത്താൻ പാടുപെടുന്ന ഭടന്മാരുടെ ദയനീയ സ്ഥിതി കണ്ട് അശ്വാരൂഢനായ മനുഷ്യൻ കോർപ്പറലിനോട് ചോദിച്ചു; ‘നിങ്ങൾക്കൊന്നു സഹായിച്ചു കൂടെ? ഒന്ന് താങ്ങിക്കൊടുത്താൽ തടി വണ്ടിയിലേക്കു കയറും.’ ‘ഞാനൊരു കോർപ്പറലാണ്. ഇത്തരം പണികളൊന്നും ഞാൻ ചെയ്യേണ്ടതല്ല’ ഇതായിരുന്നു കോർപ്പറലിന്റെ മറുപടി. ഇതുകേട്ട ആഗതൻ ഒന്നും മിണ്ടാതെ  കുതിരപ്പുറത്തു നിന്നും ഇറങ്ങി ആ ഭടന്മാരുടെ അടുത്തു ചെന്ന് തടി പിടിക്കാൻ കൂടി. അങ്ങനെ മരക്കഷണം വണ്ടിക്കുള്ളിലായപ്പോൾ ഭടന്മാർ പറഞ്ഞ താങ്ക്സ് പോലും കേൾക്കാൻ നിൽക്കാതെ തിരക്കിട്ട് കുതിരപ്പുറത്തു കയറി ഓടിച്ചു പോവുകയും ചെയ്തു.

അടുത്ത ദിവസം അമേരിക്കയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് വാഷിംഗ്ടണ് ഒരു പൗരസ്വീകരണം അവിടെ നടന്നു. ആ ചടങ്ങിൽ മേൽപ്പറഞ്ഞ കോർപ്പറലും പങ്കെടുത്തിരുന്നു. സ്വീകരണം ഏറ്റുവാങ്ങി വേദിയിലിരിക്കുന്ന വാഷിംഗ്ടനെ കണ്ടപ്പോൾ കോർപ്പറൽ ഞെട്ടി! കാരണം, തലേദിവസം കുതിരപ്പുറത്തു വന്നിറങ്ങി ഭടന്മാരെ തടി കയറ്റാൻ സഹായിച്ച അതേ വ്യക്തി തന്നെയായിരുന്നു  വേദിയിലിരുന്നത്!

വലിയ മനുഷ്യർക്കേ  ചെറിയവരാകാൻ കഴിയു. എന്നാൽ ചെറിയ മനുഷ്യരാകട്ടെ, എപ്പോഴും വലിയവരാകാൻ ശ്രമിച്ചു കൊണ്ടിരിക്കും. ചെറുതാകാൻ തയാറല്ലാത്തവർക്ക് ക്ഷമിക്കാനും മറക്കാനും പറ്റില്ല. വാശിയുടെയും  മത്സരത്തിന്റെയും വൈരാഗ്യത്തിന്റെയും പിന്നിലുള്ളത്  ചെറുതാകാനുള്ള വിഷമമാണ്. നമ്മൾ ചെറുതാകാൻ ഒന്ന് മനസ്സുവച്ചാൽ കുടുംബത്തിലെയും സൗഹൃദങ്ങളിലെയും സഹപ്രവർത്തകരുടെയുമൊക്കേ ഇടയിലുള്ള കലഹങ്ങൾ നീങ്ങിപ്പോകും. വഴക്കുകളും കലഹങ്ങളും എല്ലാം വെറുതെ വലുതാകാൻ ശ്രമിക്കുന്ന ചെറിയ മനുഷ്യരുടെ ദൗർബല്യങ്ങളാണ്.

## Druxit - ലഹരിയിൽ നിന്ന് മോചനം നേടൂ

സമയം ചെലവിടുന്നതെവിടെ? ട്യൂഷനുപോകുന്ന സ്ഥലം, പണവിനിമയം എല്ലാം രക്ഷിതാക്കൾ ശ്രദ്ധിക്കണം. ലഹരിയുടെ അപകടത്തെപ്പറ്റി ലളിതമായി പറഞ്ഞു കൊടുക്കുന്നതോടൊപ്പം ബോധവൽക്കരണ ക്ലാസ്സുകളിൽ കുട്ടിയോടൊപ്പം പങ്കെടുക്കണം. കൂട്ടികളെ ക്രിയാത്മകമായി ചിന്തിപ്പിക്കാനും വായനശീലവും ശുഭാപ്തി വിശ്വാസവും വളർത്താനും അധ്യാപകർക്ക് കഴിയും. വെറുതെയിരിക്കാൻ അനുവദിക്കാതെ കൃഷി, സ്പോർട്സ്, കല, സാഹിത്യ മേഖലകളിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചു വിടാനും ശ്രദ്ധിക്കണം. വീട്ടിലും സ്കൂളിലും പരിഗണന കിട്ടുന്നതോടെ കുട്ടി ലഹരിയിലേക്ക് വീഴാനുള്ള സാധ്യത ഗണ്യമായി കുറയ്ക്കാനാകും. ആവർത്തിച്ച് നടത്തുന്ന ബോധവൽക്കരണൾക്ക് കുട്ടികളെ ലഹരിയിൽ നിന്നകറ്റാനാകും. ചിത്രങ്ങൾ, വീഡിയോ, ഷോർട്ട് ഫിലിം, തെരുവുനാടകം, ചർച്ചകൾ, സെമിനാറുകൾ ഇവയിലൂടെ ലഹരി മുലമുള്ള വിപത്തുകളെപ്പറ്റി സമ്രഗവിവരണം കൂട്ടികൾക്ക് നൽകണം.

### മാതാപിതാക്കൾ എന്ത് ചെയ്യണം?

കുട്ടിയുടെ ഏറ്റവും നല്ല വഴികാട്ടികളും വിധികർത്താക്കളും മാതാപിതാക്കൾ തന്നെയാണ്. കുറ്റപ്പെടുത്താതിരിക്കുക, തുറന്നു സംസാരിക്കുക, ഒറ്റപ്പെടുത്താതിരിക്കുക, കൂടെയുണ്ട് എന്ന ധൈര്യം നൽകുക പേടിപ്പിക്കാതിരിക്കുക, എന്തിനും പരിഹാരമുണ്ട് എന്ന ബോധ്യം നൽകുക, കാര്യങ്ങൾ സംസാരിച്ചു മനസ്സിലാക്കുക, ലഹരി ഉപയോഗമുണ്ട് എന്നു ബോധ്യപ്പെട്ടാൽ അതിന്റെ തുടക്കവും സാഹചര്യവും കാരണവും മനസ്സിലാക്കുക. സ്വയം സാധിക്കുന്നില്ലെങ്കിൽ **Teachers, Counselors, Psychologists, Psychiatrists** എന്നിവരുടെ സഹായം തേടുക. നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുക. **Prevention is better than cure** കുട്ടികളുമായി ദിവസവും സമയം ചിലവഴിക്കുക അവരെ മനസ്സിലാക്കുക അവരെന്താണ് എന്ന് അറിയാത്ത ഒരു അപ്പനും അമ്മയ്ക്കും സ്വഭാവത്തിലെ ചെറിയ വ്യതിയാനങ്ങൾ എങ്ങനെ മനസ്സിലാക്കാൻ സാധിക്കും? പ്രായമനുസരിച്ച് അവർക്ക് മനസ്സിലാകുന്ന രീതിയിൽ സംസാരിക്കുക പ്രത്യേകിച്ച് മാധ്യമങ്ങളിൽ വാർത്തകൾ വരുമ്പോൾ അവരുമായി തുറന്ന് സംസാരിച്ച് അവരെ അതിന്റെ ദൂഷ്യഫലങ്ങൾ പറഞ്ഞ് മനസ്സിലാക്കുക. അവർക്ക് പറയാനുള്ള കാര്യങ്ങൾ ക്ഷമയോടെ കേൾക്കുക. അവരെ സ്വാതന്ത്ര്യം നൽകി വളർത്തുക. അത് ദുരുപയോഗിക്കാൻ ഇടയാക്കാത്ത വിധത്തിൽ നിയ്യ്ത്രിക്കുക. കുട്ടികളുടെ കൂട്ടുകാർ ആരോക്കൊയാണെന്നും എങ്ങനെയുള്ളവരാണെന്നും മനസ്സിലാക്കിയിരിക്കുക. എന്തും നിങ്ങളോട് തുറന്നു പറയാനുള്ള ധൈര്യവും സ്വാതന്ത്ര്യവും അവർക്കു നൽകുക.

വീഴ്ചകളും തെറ്റുകളും സ്വാഭാവികമാണ്. നേരത്തേ മനസ്സിലാക്കി തിരുത്തി കൈപിടിച്ചു നടത്തുക. സർവ്വോപരി അവർക്ക് ഉത്തമ മാതൃകയായിരിക്കുവാൻ ശ്രദ്ധിക്കുക. ദൈവം നമുക്കു നൽകിയിരിക്കുന്ന ഏറ്റവും അമൂല്യമായ സമ്മാനവും ഉത്തരവാദിത്തവുമാണ് നമ്മുടെ കുഞ്ഞുങ്ങൾ. പലപ്പോഴും അവർ പോലുമറിയാതെ ചെന്നുപെടുന്ന ലഹരിയുടെ കെണികൾ ഒഴിവാക്കാൻ അവരുടെ കൂടെ അവരെ മനസ്സിലാക്കി നമുക്കും ദൈവാശ്രയ ബോധത്തിൽ അടിയുറച്ച് നടന്നു നീങ്ങാം.

(മലങ്കര ഓർത്തഡോക്സ് സഭയുടെ ത്രിവത്സര ലഹരി വിരുദ്ധ മിഷൻ പ്രോജക്ട് ആണ് **DRUXIT** സഭാ മാനവശാക്തീകരണ വിഭാഗം നേതൃത്വം നൽകുന്നു).

# SOCIAL MEDIA AND ITS IMPLICATIONS



— Liju Cherian, L-029

RECENTLY, news agencies carried a report from London about how a 14-year-old British girl died from an act of self-harm while suffering from the "negative effects of online content". Molly Russell, from Harrow in northwest London, died in November 2017, leading her family to set up a campaign highlighting the dangers of social media. The case shone a spotlight on social media companies as the teenager "died from an act of self-harm while suffering depression," and added it would not be "safe" to conclude it was suicide. Social media is relatively a newer technology and today, social networks have permeated every sphere of our lives. Multiple researchers have concluded a strong relationship between heavy use of social media platforms with an increase in risk of depression, self-harm, anxiety, and loneliness. Studies have also shown that unlimited use of social media causes stress, bad moods and negative mental health for many of them. What are the major negative implications of social media to an individual?

The negative effects of mass media on society can even lead one towards poverty, crime, nudity, violence, bad mental and physical health disorders. It can also negatively affect teens, distracting them, disrupting their sleep, and exposing them to bullying, rumour spreading, unrealistic views of others' lives and peer pressure. The risks might be related to how much social media teens use.

The influence can be both negative and positive and can be harmful because it invades your privacy like never before. The oversharing happening on social media also makes children a target for predators and hackers leading to cyberbullying which affects a person significantly. The sharing on social media especially by children must be monitored at all times by the parents.

Most of them wake up in the morning and immediately check their Instagram, Snapchat, Twitter or Facebook. However, there are many advantages of social media which the young generation can use rather than becoming increasingly addicted to it. The users, both young and old, can make use of it as a good source of up-to-date information and making it beneficial for education especially the student community. Social media itself is not the problem though it reduces face-to-face communication skills and gives rise to fake news. However, the increased usage of social media is the one that concerns all of us. The more time spent can lead to cyberbullying, social anxiety, depression, and exposure to content that is not age appropriate.

However, many of them never realised how social networking services are able to provide an accessible and powerful toolkit for highlighting and acting on issues and causes that affect and interest young people. The flip side is they can be used for organising activities, events, or groups to showcase issues and opinions and make a wider audience aware of them. These factors have caused social networks to evolve from being a handy means for keeping in touch with friends and family to being used in ways that have a real impact on society. These relate to ways that shape politics, business, world culture, education, careers, innovation, and more. We can also see how social media is affecting the present day churches.

YouTube is the number one platform which is usually recommended for live streaming worship services and sharing videos of worship. Websites like Facebook offer a free, easy way to promote church events and strengthen community outside its services.

Finally, in the case of the UK teen who was "exposed to material that may have influenced her in a negative way and, in addition, what had started as a depression had become a more serious depressive illness?"

Youngsters beware! Tech companies alone cannot be held accountable when they do not really make children's safety a priority. The lesson is to use social media wisely and properly.

*(The writer is a print and social media journalist)*



# ഇരുട്ടിൽ ഇത്തിരി വെളിച്ചമാകാം



— രാജു കറ്റാനം

നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, വിനീതനാക്കുക എന്നീ ആത്മീയതയുടെ ആദിപാഠങ്ങൾ മനുഷ്യമനസ്സുകളിൽ നിന്ന് പടിയിറങ്ങുന്ന ഒരു കാലത്തിലൂടെയാണല്ലോ നമ്മൾ കടന്നുപോകുന്നത്.

നീതി പീഠത്തിലിരുന്നു അന്യായം വിധിക്കുന്ന ന്യായധിപന്മാർ. അസാന്മാർഗിക മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിക്കാൻ വേണ്ടി പരസ്പരം വേട്ടയാടുന്നവർ. ലക്ഷ്യബോധമില്ലാതെ, മയക്കുമരുന്നിലും മറ്റും തപ്പിത്തടയുന്ന യുവതലമുറ. വിദ്വേഷവും പകയും പരത്തുന്ന മത തീവ്രവാദികൾ. കാലം വല്ലാതെ മാറിയിരിക്കുന്നു. സ്വർഗ്ഗത്തെ പോലെ ഭൂമിയെ മാറ്റേണ്ടവർ അധർമ്മങ്ങളിലൂടെ ഭൂമിയെ നരകതുല്യമാക്കുന്നു. അനുനിമിഷം മലിനീകരിക്കപ്പെടുന്ന മനുഷ്യമനസ്സുകൾക്ക് സമഗ്രമായ ശുദ്ധികരണമാവിശ്യമാണ്. എല്ലാം ഒലിച്ചു പോകുന്ന മഴ വെള്ള പാച്ചിലിൽ ചില നന്മകളെങ്കിലും കാത്തുവയ്ക്കേണ്ടത് നാളെയുടെ ആവിശ്യമാണ്. നമ്മുടെ സുഖസൗകര്യങ്ങളെ നമ്മൾ തന്നെ ചോദ്യം ചെയ്യപ്പെടുമ്പോഴും, മറ്റുള്ളവരുടെ ക്ഷേമത്തിന് നമ്മൾ കാരണമാകുമ്പോഴുമാണ് നമ്മുടെ വിശ്വാസം ഫലവത്താകുന്നത്. നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവരുടെ ദു:ഖത്തിന് ഇടവരുത്തരുത്. ബാലിശമായ ആഗ്രഹങ്ങൾക്ക് കടിഞ്ഞാണിടണം, സ്നേഹം ഇഷ്ടപ്പെടണം.

ആർഭാടം, സമ്പത്ത് എന്നിവ മനസ്സിൽ പ്രതിഷ്ഠിക്കുമ്പോൾ നമ്മളിൽ നിന്ന് കരുണയും , വിനയവും, സമത്വവുമൊക്കെ കുടിയിറങ്ങും. കോപത്തെയും, വിദ്വേഷത്തെയും അതിജീവിക്കാനുള്ള മാർഗ്ഗം നിങ്ങളുടെ ശത്രുക്കളേയും സ്നേഹിക്കുകയെന്നുള്ളതാണ്. അന്യോന്യമറിഞ്ഞു കൊണ്ട് മറ്റുള്ളവരെ സഹായിക്കാൻ കഴിയണം കനിവിന്റെ കവാടങ്ങൾ തുറക്കണം സ്നേഹ വെളിച്ചം മനസ്സിലെത്തണം ത്യാഗവും, നന്മയും, പുണ്യവുമൊക്കെ മനുഷ്യനിൽ നിന്ന് ആവിശ്യപ്പെടുന്ന ഒരു കാലത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. യേശു പകർന്നു തന്ന വചനങ്ങളിലൂടെ ജീവിച്ച് നല്ല ഫലങ്ങൾ തരുന്ന വൃക്ഷത്തെ പോലെയാകുക. കല്ലെറിഞ്ഞാലും അത് ഫലം തന്നു കൊണ്ടിരിക്കും. അങ്ങനെ വിദ്വേഷവും ശത്രുതയും അന്ധകാരം പടർത്തുന്ന ഈ ലോകത്ത് സ്നേഹത്തിന്റെ ശാന്തിയുടെയും ചെറിയ മെഴുകുതിരി വെട്ടങ്ങളാവാൻ നമുക്ക്



കഴിഞ്ഞാൽ, നല്ല കുടുംബവും നല്ല ഭരണാധികാരികളും നല്ല സമൂഹവും നല്ല രാഷ്ട്രവ്യവസ്ഥയും ഉണ്ടാകും. വരാനിരിക്കുന്ന തലമുറകൾക്ക് നമ്മുടെതിൽ നിന്ന് ഒട്ടും മോശമല്ലാത്ത ലോകം കഴിയുമെങ്കിൽ മെച്ചപ്പെട്ട ഒന്നു തന്നെ നല്കേണ്ടതു നമ്മുടെ കടമയാണ്.

മഹാകവി കുമാരനാശാന്റെ പ്രത്യാശ പകരുന്ന വരികൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം:

‘ലോലമാം ക്ഷണമെ വേണ്ടു
ബോധമുള്ളിൽ ജ്വലിപ്പാനും
മാലണയ്ക്കും തമസ്സാകെ
നീങ്ങിപ്പോവാനും’

ത്യാഗത്തിലൂടെയും, സഹനത്തിലൂടെയും കടന്നുവന്ന് പ്രത്യാശയുടെ ആത്മ സമർപ്പണവും സഹജീവി സ്നേഹത്തിന്റെ ഉദാത്ത മാതൃകയുമായി മാറിയ പരിശുദ്ധ പരുമലതിരുമേനിയുടെ പ്രാർത്ഥനാ ജീവിതം ആരാധനയ്ക്കപ്പുറം, പിൻതുടരാനുള്ള ജീവിത മാതൃകയാണ്.

*(6-ൽ നിന്നും തുടർച്ച)*

## കമ്പോളത്തിന്റെ നടുവിൽ വിവേകത്തോടെ

കമ്പോള ലഹരി തലയ്ക്ക്പിടിച്ച് വിവേകം കുഴിച്ചു മൂടി എന്തൊക്കെ കാര്യങ്ങളാണ് മനുഷ്യൻ ചെയ്തുകൂട്ടുന്നത്. മൂല്യത്തേക്കാൾ ലാഭത്തിനാണ് മാർക്കറ്റ് പ്രാധാന്യം നൽകുന്നത്. മായം ചേർത്ത ഭക്ഷ്യപദാർത്ഥങ്ങൾ, കൈക്കൂലിയും, അഴിമതിയും, സങ്കോചം കൂടാതെ നിർവ്വഹിക്കുന്ന രാഷ്ട്രീയ – ഉദ്യോഗവൃന്ദങ്ങൾ, ബ്രാൻഡുകളാൽ അടയാളപ്പെടുത്തുന്ന ബന്ധുക്കളും സ്നേഹങ്ങളും വലിച്ചെറിയപ്പെടുന്ന കുടുംബബന്ധങ്ങൾ, കടഭാരം, ആത്മഹത്യ, വിഷാദരോഗം ഇവയെല്ലാം പുതിയ ഉപഭോക്തൃ – കമ്പോള സംസ്കാരത്തിന്റെ ഉത്പ്പന്നങ്ങൾ കൂടിയാണ്. ആവശ്യപ്പെട്ട ബ്രാൻഡിലെ ബൈക്ക് വാങ്ങിക്കൊടുക്കാൻ വിസമ്മതിച്ചപ്പോൾ അമ്മയ്ക്ക് പരപുരുഷ ബന്ധം ഉണ്ടെന്ന് കഥ മെനഞ്ഞ് അപ്പനോട് അത് പറയുമെന്ന് ഭീക്ഷണിപ്പെടുത്തി വിലപേശിയ മകൻ ... പ്രസ്തുത ഭീഷണി ആ അമ്മയുടെ സമനില തെറ്റിക്കുമെന്ന് കണ്ടപ്പോൾ അവരുടെ സഹോദരങ്ങൾ ഇടപെട്ട് പോലീസിന്റെയും മനഃശാസ്ത്ര വിദഗ്ദരുടെയും സഹായത്തോടെയാണ് ആ പ്രശ്നം പരിഹരിച്ചത്. ട്രൻഡുകൾക്ക് പിന്നിൽ പായുമ്പോഴാണ് ജീവിതത്തിന്റെ ട്രാക്ക് തെറ്റുന്നത്.

പ്രലോഭനങ്ങളുടെ ഒരു ലോകമാണിത്. പിശാച് ക്രിസ്തുവിനെ പ്രഘോഷിക്കുമ്പോൾ ദൈവവചനത്തിന്റെ പിൻബലത്തിൽ വിവേകത്തെ ഉദ്ദീപിപ്പിച്ചാണ് അതിനെ അതിജീവിക്കുന്നത്.

ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ വാക്കുകൾ ശ്രദ്ധേയമാണ്.

“ലോകം തിൻമയിൽ വളരാനാണ് എപ്പോഴും പ്രേരിപ്പിക്കുന്നത്. ദൈവമക്കൾ നന്മയിൽ വളരാനാണ് പരിശ്രമിക്കേണ്ടത്. എപ്പോഴും പ്രാർത്ഥിക്കണം. പ്രാർത്ഥിച്ചില്ലെങ്കിൽ സ്വശക്തിയിലായിരിക്കും ആശ്രയിക്കുന്നത്. പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തിൽ ആശ്രയം വെയ്ക്കാം.ജീവിതം സ്വയ കേന്ദ്രീകൃതമാകുമ്പോൾ നാം അഹങ്കരിക്കും. അതിനാൽ ദൈവമായിരിക്കണം ജീവിതത്തിന്റെ കേന്ദ്രം.” ദൈവ കേന്ദ്രീകൃത ജീവിതത്തിന്റെ ഒരു സവിശേഷത സംയമനം ആണ്. സംയമനം എന്നത് സുഖഭോഗങ്ങളുടെ ആകർഷണത്തെ മിതപ്പെടുത്തുകയും ആർഭാട വസ്തുക്കളുടെ ഉപയോഗത്തിന് ഒരു സംതുലിതാവസ്ഥ കൈവരുത്തുകയും ചെയ്യുന്ന സുകൃതമാണ്. മനുഷ്യ വ്യക്തി എന്ന നിലയിൽ ആത്മനിയന്ത്രണം വളർത്തിയെടുക്കുക പ്രധാനപ്പെട്ടതാണ്. ധൂർത്ത് ധാർമ്മികതയ്ക്ക് വിരുദ്ധമാണ്. ആർത്തി നമ്മെ എങ്ങും എത്തിക്കില്ല.... കാലത്തിനനുസരിച്ച് മാറ്റങ്ങൾ അനിവാര്യമാണ്... എന്നാൽ മാറ്റത്തെ വിവേകത്തോടെ ഉപയോഗിക്കാൻ പഠിക്കണം. വിപണിയെ നാം ഉപയോഗിക്കുക. വിപണി നമ്മെ ഉപയോഗിക്കരുത്.

# മനുഷ്യാ ... നീ എവിടെ ?

**(ഹോശയ : 7:8)**



— ഷൈബ പ്രകാശ്

"എഫ്രയീം മറിച്ചിടാത്ത ദോശയാകുന്നു." ഹോശയാ പ്രവാചകൻ യിസ്രയേൽ മക്കളെ നോക്കി കർക്കശമായി പറയുന്ന ഒരു വാക്യമാണിത്. "എഫ്രയിം ആരാണ്? "എഫ്രയിം മറിച്ചിടാത്ത ദോശയാണെന്ന് പറയുവാനുള്ള കാരണം?

"നമ്മുടെ ജീവിതത്തിൽ മറിച്ചിടാത്ത ദോശയുടെ അനുഭവങ്ങൾ ഉണ്ടോ, ഉണ്ടെങ്കിൽ മൊരിഞ്ഞ രുചികരമായ ദോശയായി തീരാൻ എന്തു ചെയ്യണം ? എഫ്രയിം ആരാണ്: നമ്മുടെ പൂർവ്വ പിതാവായ യാക്കോബിന്റെ പ്രീയമകൻ ജോസഫിന്റെ മക്കളാണ് മനശ്ശെയും, എഫ്രയീമും. ജോസഫ് പിതാവായ യാക്കോബിന്റെ അന്ത്യ സമയത്ത് തന്റെ മക്കളായ മനസ്സെയും, എഫ്രിയീമിനെയും അനുഗ്രഹിക്കുന്നതിനായി തന്റെ പിതാവിന്റെ അടുത്ത് കൊണ്ടുവന്നു. യഹൂദ പാരമ്പര്യപ്രകാരം മൂത്ത പുത്രനെയാണ് പിതാക്കൻമാർ അനുഗ്രഹിക്കുന്നത്. എന്നാൽ യാക്കോബ് ഒരു ചതിയിലൂടെയാണ് പിതാവിന്റെ അനുഗ്രഹം തട്ടിയെടുത്തത്. ഇവിടെ ജോസഫ് തന്റെ മൂത്ത മകനായ മനെശ്ശെയെ വലതുകൈയുടെ വശത്തും ഇളയ മകനായ എഫ്രയീമിനെ ഇടതുകൈയുടെ വശത്തും നിർത്തി. (ഉൽപ. :48:13). സ്വാഭാവീകമായി യാക്കോബ് തന്റെ വലതുകൈ മനെശ്ശെയുടെ തലയിലും, ഇടതു കൈ എഫ്രയീമിന്റെ തലയിലും വച്ച് അനുഗ്രഹിക്കേണ്ടതാണ്.


എന്നാൽ സൂത്രക്കാരനായ യാക്കോബ് ഇവിടെയും ഒരു സൂത്രം പ്രയോഗിക്കുകയാണ്. യാക്കോബ് തന്റെ കൈകൾ പിണച്ചു വച്ച് വലതുകൈ എഫ്രയീമിന്റെ തലയിലും, ഇടതുകൈ മനെശ്ശെയുടെ തലയിലും വച്ചനുഗ്രഹിച്ചു. അങ്ങനെ ഇളയവനായ എഫ്രയീമിന്റെ സന്തതി പരമ്പര അനുഗ്രഹിക്കപ്പെട്ട യിസ്രയേൽ മക്കളുടെ കൂട്ടത്തിലായി. എഫ്രയീം മറിച്ചിടാത്ത ദോശയാണെന്ന് പറയുവാനുള്ള കാരണമെന്ത്? യഹോവയായ ദൈവം തന്റെ ജനത്തിന്റെ കഷ്ടത കണ്ട് മിര്സയീമിന്റെ അടിമത്വത്തിൽ നിന്ന് അവരെ വിടുവിച്ച് വാഗ്ദത്ത ഭൂമിയായ കനാൻ നാട്ടിലേക്ക് നയിച്ചു.

40 വർഷം മരുഭൂമിയിലൂടെ അവർ സഞ്ചരിച്ചു. അക്കാലമത്രയും യഹോവയായ ദൈവം പകൽ മേഘസ്തംഭമായി രാത്രി അഗ്നി തൂണായി അവർക്കു വഴികാട്ടിയായി കൂടെ നടന്നു. അവർക്കായി ആകാശത്ത നിന്ന് മന്നായെയും കാടപക്ഷിയെയും ആഹാരമായി പൊഴിച്ചു കൊടുക്കുന്നു. കരിമ്പാറയെ പിളർന്നു വെള്ളമൊഴുക്കി. അവരുടെ ദാഹം തീർന്നു. ചെങ്കടലിൽ ചെങ്കൽ പാതയൊരുക്കി അവരെ കരയബച്ചു. പ്രതിബന്ധമായി നിന്ന യരിഹോമതിലിനെ ദൈവം തകർത്തെറിഞ്ഞു. ഇതെല്ലാം കണ്ണാലെ കണ്ട, അനുഭവിച്ചറിഞ്ഞ യിരസയേൽ മക്കളിൽ ഒരു വിഭാഗം ദൈവത്തോടു മത്സരിച്ചു. വലിയവനായ ദൈവത്തെ അവർ മറന്നു.

അവരെ നോക്കിയാണ് പ്രവാചകൻ പറയുന്നത്. "എഫ്രയീം മറിച്ചിടാത്ത ദോശയാകുന്നു" അവർ വിഗ്രഹങ്ങളെ ഉണ്ടാക്കി. അന്യ ദൈവത്തെ ആരാധിച്ചു. പുരോഹിതൻമാർ ഉൾപ്പെടെ വീഞ്ഞുകുടിച്ച് മത്തരായി. അവർ യഹോവയോടു മത്സരിച്ചു. മദ്യപാനം, വ്യഭിചാരം, കുല, കൊള്ള മുതലായ സാമൂഹിക തിൻമകൾക്കടിമപ്പെട്ടു. എന്നാൽ ക്രമേണ അശ്ശൂരിന്റെയും പ്രതാപം നഷ്ടപ്പെട്ടു. അശ്ശൂരിനെ ലക്ഷ്യമാക്കി പോയവർക്കു നഷ്ടപതാപത്തെ നോക്കി നെടുവീർപ്പു കൊണ്ട് മടങ്ങേണ്ടി വന്നു. ആകാശത്തിൽ നക്ഷത്രങ്ങളുടെ ഇടയിൽ കൂടു കൂട്ടിയാലും അവരെ ദൈവം താഴെ ഇറക്കും.

അതിന്റെ ഏറ്റവും മികച്ച ഉദാഹരണം ശിംശോന്റെ ജീവിതകഥ (ന്യായ:16:21) ദൈവത്തെ മറക്കുന്നവരെ ഞാൻ നിങ്ങളെ കീറിക്കളയും എന്നാണ് വചനം പറയുന്നത്. അങ്ങനെ എഫ്രയിം രുചി പകരാത്ത മൊരിയാത്ത പച്ചമാവ് രുചിക്കുന്ന മറിച്ചിടാത്ത ദോശപോലെയാണ് എന്ന് വചനം പറയുന്നു. നമ്മുടെ ജീവിതത്തിൽ മറിച്ചിടാത്ത ദോശയുടെ അനുഭവങ്ങൾ ഉണ്ടോ, ഉണ്ടെങ്കിൽ മൊരിഞ്ഞ രുചികരമായ ദോശയായി തീരാൻ എന്തു ചെയ്യണം? ഇന്നത്തെ ക്രൈസ്തവ സമൂഹത്തെ നോക്കി ദൈവം കരയുകയാണ്. മനസ്സലിവുള്ള ദൈവം ദീർഘക്ഷമയോടെ നമ്മെ വിളിക്കുകയാണ്. "മക്കളെ മടങ്ങിവരുവിൻ" ഗലാ. 5:20 മുതലുള്ള വാക്യത്തിൽ പറയുന്നതുപോലെ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് മറിച്ചിടാത്ത ദോശയാകാതെ ഇരുവശവും തിരിച്ചും മറിച്ചും ഇട്ട് നല്ല മൊരിഞ്ഞ രുചികരമായ ദോശയായി മാറണം. അതാണ് ദൈവം മനുഷ്യനിൽ നിന്ന് ആഗ്രഹിക്കുന്നത്. നൈമിഷിക സന്തോഷത്തിനുവേണ്ടി മദ്യത്തിനും മയക്കുമരുന്നിനും പിന്നാലെ പോകുന്നവരെ, സാമ്പത്തീക നേട്ടത്തിനുവേണ്ടി നരബലി നടത്തുന്ന മനുഷ്യരെ ...... മടങ്ങിവരുവിൻ. നീതിമാനെ ദൈവം ഉള്ളംകൈയ്യിൽ വഹിച്ച് പൊൻ ചിറകടിയിൽ മറച്ചു കാത്തു സൂക്ഷിക്കും. അല്ലെങ്കിൽ സർവ്വനാശമായിരിക്കും ഫലം. ഇസബേൽ രാജ്ഞി, ആഹാബ് രാജാവ് , ആധുനിക കാലത്തെ സദ്ദാം ഹുസ!!ൈ!!ൻ, ഗദ്ദാഭി ഇവരുടെയൊക്കെ അന്ത്യം നമുക്ക് ചരിത്രം കാണിച്ചുതരുന്നു. ദൈവത്തെ മറന്ന യിസ്രയേൽ ജനം ബാബേലിലേക്ക് അടിമകളായി കൊണ്ടുപോകപ്പെട്ടു ആ അവസ്ഥ വരാതെ, മക്കളെ മടങ്ങി വരുവിൻ എന്ന ദൈവവിളി കേൾക്കാം നല്ല മൊരിഞ്ഞ്, ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന, രുചികരമായ ദോശയായി, ഒരു ക്രൈസ്തവ സമൂഹത്തെ പടുത്തുടർത്താം.


FAVOURS RECEIVED



Inserted by

A WELL-WISHER

# ആലയം ശൂന്യമായിരിക്കെ തട്ടിട്ട വീടുകളോ ?!



— റവ. ഫാ. ഷാനു ഏബ്രാഹാം

ഇസ്രായേലിന്റെ ജീവിതത്തെ ആഴത്തിൽ പരിശോധിച്ചാൽ എന്നും ഇസ്രായേലിനെ നേർവഴിക്കു നടത്തുന്ന ശബ്ദമായിരുന്നു പ്രവാചകന്മാരുടേത്. പ്രവാസാനന്തരകാലത്ത് ഇസ്രായേലിനെ നടത്തിയ പ്രവാചക നിരയിലെ വേറിട്ട ശബ്ദത്തിന്റെ പേര് ഹഗ്ഗായി. Haggai was a single agenda prophet. കൃത്യമായി വംശവും ഗോത്രവും രേഖപ്പെടുത്താതെ പാരമ്പര്യത്തിന്റെ പ്രൗഢിയിലും മേലാപ്പുകളിലും അഹങ്കരിക്കാതെ പ്രവാചകനെന്ന ബോധ്യം മാത്രം കൈമുതലാക്കിയ ഒരുവൻ ഹഗ്ഗായി. പ്രവാചക ജീവിതത്തിൽ ഒരേയൊരു സന്ദേശം, ഒരേയൊരു ദൗത്യം മാത്രം, ഒരുപാട് കാര്യങ്ങൾ ഒന്നും അദ്ദേഹത്തിന് പറയാനുണ്ടായിരുന്നില്ല. ഒരുപാട് കാര്യങ്ങൾക്കിടയിൽ പ്രധാനപ്പെട്ട കാര്യങ്ങളൊന്നും അദ്ദേഹം മറന്നിട്ടുമില്ലായിരുന്നു. ഹഗ്ഗായി പ്രവാചകന്റെ സന്ദേശത്തിന്റെ മുഴുവൻ ആത്മാവും പേറുന്ന വാക്യം (ഹഗ്ഗായി 1:4) 'ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർക്കുവാൻ കാലമായോ?' ഏറെ വിമർശന ശരങ്ങൾ ഒളിഞ്ഞിരിക്കുന്ന ചോദ്യമാണ് പ്രവാചകന്റേത്. സംസ്കാരത്തിന്റെയും ആത്മീയതയുടെയും ശേഷിപ്പുകളെ പ്രതിഷ്ഠിക്കുവാനുള്ള ദൈവശബ്ദത്തിന്റെ പ്രതിധ്വനിയാവുകയാണ് പ്രവാചകൻ.

### 1. ആത്മീയ പുതുക്കത്തിന്റെ അനിവാര്യതയിലേക്ക് പ്രവചനം വിരൽ ചൂണ്ടുന്നു.


**(It points towards the very necessity of spiritual rejuvenation)**

പ്രവാസം നൊമ്പരങ്ങളുടേതായിരുന്നു. പ്രവാസാനന്തര ജനതയോട് പ്രവചാകൻ ഒരു കാര്യമേ ആവശ്യപ്പെടുന്നുള്ളു, ബാബിലോണുകാർ നശിപ്പിച്ച യെറുശലേം ദേവാലയം പുനരുദ്ധരിക്കണം. യെറുശലേം നഗരത്തിന്റെ നാശത്തോടൊപ്പം കത്തിയെരിഞ്ഞത് അവരുടെ വിശുദ്ധ ദേവാലയം മാത്രമായിരുന്നില്ല, ആത്മീയ അന്തരീക്ഷം പാടെ ഉലയുകയായിരുന്നു. ഏറെ ഹൃദ്യമായ യഹൂദനും അവന്റെ ദൈവവുമായുള്ള ബന്ധം പ്രവാസകാലത്ത് നൊമ്പരപ്പെടുത്തുന്ന ഓർമ്മ മാത്രമായി. ദൈവവുമായുള്ള ആ ബന്ധം പുനഃസ്ഥാപിക്കപ്പെടണം, അതിന് ആലയം വിശുദ്ധമാക്കപ്പെടണം. പ്രവചനം ആരംഭിക്കുന്നിടത്ത് ഒരിക്കൽ ദൈവജനമായിരുന്നവരെ (my people) ദൈവം തന്നെ ഈ ജനം (this people) എന്ന് അഭിസംബോധന ചെയ്യുന്നിടത്താണ് നഷ്ടങ്ങളിലേക്കാഴുന്ന ആ ബന്ധവും അതിന്റെ ഓർമ്മകളിലെ ഇഴയടുപ്പവുമാണ് ഒരു പുതുക്കപ്പെടലിന്റെ അനിവാര്യതയിലേക്ക് പ്രവചനത്തെ കൊണ്ടെത്തിക്കുന്നത്. സംഖ്യാപുസ്തകം 28:11–15 അനുസരിച്ച് മാസത്തിന്റെ ആദ്യ പാരമ്പര്യമായി യാഗമർപ്പിക്കുവാൻ, നിവേദ്യങ്ങൾ സമർപ്പിക്കുവാൻ, പ്രത്യേകം തെരഞ്ഞെടുത്തിട്ടുള്ള ദിവസമാണ്. ഹഗ്ഗായി 1:1–ൽ ദാര്യാവേശ്വിന്റെ രണ്ടാം ആണ്ട് ആറാം മാസം ഒന്നാം തീയതി യഹോവയുടെ അരുളപ്പാട് എന്നാണ് ആരംഭം. ദേവാലയത്തിന്റെ അസാന്നിദ്ധ്യത്തിൽ ഈ ആഘോഷത്തിൽ യാഗമർപ്പിക്കുന്നതെവിടെ എന്ന ചോദ്യത്തിന്റെ പശ്ചാത്തലത്തിൽ സ്വന്തം പേരിനെ അർത്ഥപൂർണ്ണമാക്കി ഹഗ്ഗായി പ്രവചിക്കുന്നു.

ഹഗ്ഗായി എന്ന പേര് ഹാഗ് എന്ന എബ്രായ പദത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ആഘോഷം എന്ന നാമധാരിയായ പ്രവചാകൻ ആഘോഷത്തിന്റെ ഏറ്റവും പ്രധാന ആവശ്യമായ ദേവാലയം നിർമ്മിക്കുവാനും അതുവഴി ആത്മീയ അന്തരീക്ഷം വീണ്ടെടുക്കാനും ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിലേക്കും അവിടെ നിന്നും വി. പൗലോസ് ശ്ലീഹായിലേക്കുമൊക്കെ സഞ്ചരിക്കുമ്പോൾ നമ്മിൽ




FAVOURS RECEIVED



Inserted by

BIJU PARUMALA & FAMILY

Puthenpurayil (H), Parumala

തന്നെ ഇതൾ വിരിയേണ്ട ദേവാലയവും, ആത്മീയതയും നിഷ്ഠകളും വെളിവാക്കുന്നുണ്ട്. നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുയെന്നും അറിയുന്നില്ലയോ?. പ.സഭയുടെ കൗദാശികനുഭവങ്ങൾ നമ്മെ ആത്മീയ പുതുക്കത്തിന്റെ അനുഭവത്തിലേക്ക് ക്ഷണിക്കുന്നു. അത് മാമോദീസായിലൂടെയുള്ള പുനർജ്ജനനവും കുമ്പസാരത്തിലൂടെയുള്ള നീതീകരണവും വി.കുർബ്ബാനയിലൂടെയുള്ള വിശുദ്ധീകരണവും കർത്താവിന്റെ പുനരാഗമനത്തിൽ ലഭിക്കുവാനുള്ള മഹത്വീകരണവും എന്നിങ്ങനെ വിവക്ഷിക്കുന്നു. നിർമ്മിക്കേണ്ട, ശുദ്ധീകരിക്കേണ്ടതായ മന്ദിരത്തെക്കുറിച്ച് നമുക്ക് ബോധ്യമുണ്ട്. ആത്മീയ പുതുക്കപ്പെടലിലൂടെ നമുക്കുള്ളിലെ ദേവാലയങ്ങളെ പുനരുദ്ധരിക്കാം.

## 2. കൂട്ടായ്മയുടെ അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

**(It points towards the necessity of communion)**

പ്രവചനം വിമർശനങ്ങളുടെ കൂരമ്പുകൾക്കിടയിലും കൂട്ടായ്മയിലേക്കുള്ള ക്ഷണമായാണ് ഏറെ ആഴത്തിൽ മനസ്സിലാക്കേണ്ടത്. യിസ്രായേലിന്റെ സാമൂഹ്യ ജീവിതത്തെ നിർണ്ണയിച്ചിരുന്ന അവരുടെ സംസ്കാരത്തിന്റെ കേന്ദ്രമായി വർത്തിച്ചിരുന്നത് ദേവാലയമാണ്. അങ്ങനെയെങ്കിൽ ദേവാലയത്തിന്റെ തകർച്ച അവരുടെ സാമൂഹ്യ ജീവിതത്തിന്റെ തകർച്ചയാണ്. എസ്രാ പുസ്തകം 1:24 വാക്യങ്ങളിൽ സംസാരിക്കാമെങ്കിൽ ബി.സി 538–ൽ പേർഷ്യൻ രാജാവായ കോരെശ് ബാബിലോൺ പിടിച്ചെടുക്കുകയും പ്രവാസികളോട് ദയാപൂർവ്വം ഇടപെടുകയും അവരെ സ്വാതന്ത്രരാക്കുകയും സ്വന്തദേശത്ത് ദേവാലയം പണിയുവാനുള്ള അനുമതി രാജകീയ വിളംബരത്തിൽ കൂടി നൽകുകയും ചെയ്തതാണ്. മടങ്ങി വന്ന ജനത ദേവാലയത്തിന്റെ പണി ആരംഭിക്കുന്നുണ്ടെങ്കിലും ശമര്യാക്കാരുടെ എതിർപ്പുമൂലം ദേവാലയത്തിന്റെ പണി തുടരുവാൻ സാധിക്കാതെ വന്നു. ഭൂരിപക്ഷം വരുന്ന ദരിദ്രർക്ക് വരൾച്ചയുടെയും, ഞെരുക്കത്തിന്റെയും കഥകൾ പറയാനുണ്ടായിരുന്നെങ്കിലും, ന്യൂനപക്ഷമെങ്കിലും ഒരു പറ്റം ധനികർ തങ്ങളുടെ സുഖലോലുപതയിൽ നിശബ്ദത പാലിക്കുന്നു. സ്വന്തം കാര്യങ്ങളിൽ മുഴുകിയിരിക്കുന്നവർക്ക് ആത്മീയതയുടെ അനന്തതയെ പുൽകുവാനോ വ്യാകുലപ്പെടുവാനോ സമയമുണ്ടാകില്ലെന്ന് ചരിത്രം സാക്ഷിക്കുമ്പോൾ ദേവാലയ പുനർനിർമ്മാണവും പതിയെ മറവിയിലാണ്ടു പോയി.

എന്നാൽ സാമൂഹ്യസാമ്പത്തികരാഷ്ട്രീയ അസ്വസ്ഥതകൾ നിത്യജീവിതത്തെ തൊട്ടു തുടങ്ങിയപ്പോൾ പ്രവാചക ശബ്ദമുയർന്നു. ദേവാലയ പുനർനിർമ്മാണത്തിലക്ക് പ്രശ്നങ്ങളെ ഒരുമിപ്പിലൂടെ നേരിടുന്ന കൂട്ടായ്മയുടെ ശബ്ദത്തിന്റെ പ്രതിധ്വനികൾ ഉയരുന്നു. കൂട്ടായ്മയിലേക്കുള്ള ചാലകമായി പ്രവാചക ശബ്ദമുയരുമ്പോൾ നമുക്ക് പറയേണ്ടിവരും ആത്മീയതയുടെ നിദാന്ത ദർശനം, അത് കൂട്ടായ്മ തന്നെയെന്ന്. ഞാൻ ചോർന്നൊലിച്ചില്ലെങ്കിൽ, എന്റെ ഭവനം ചോർന്നൊലിച്ചില്ലെങ്കിൽ ഞാൻ സുരക്ഷിതനെന്നോ ഞാൻ രക്ഷ പ്രാപിച്ചവനെന്നോ അല്ല ഓർത്തഡോക്സ് ആത്മീയത പങ്കുവയ്ക്കുന്നത്. മറിച്ച് ചോർന്നൊലിക്കാത്ത ഒരു ദേവാലയം കൂട്ടായ്മയുടെ ഇടം രക്ഷയുടെ സാമൂഹ്യ വശത്തെക്കുറിച്ചാണ്. ആ യാത്രയിൽ സ്വാർത്ഥതയുടെ ചില ഭവനങ്ങളെ ഉപേക്ഷിക്കേണ്ടി വരും കൂട്ടായ്മയുടെ ദേവാലയങ്ങളെ പുൽകേണ്ടിവരും. ഇസ്രായേലും അവരുടെ ദൈവമായുള്ള ഉടമ്പടി പോലും ഉറപ്പുവരുത്തുന്നത് കൂട്ടായ്മയാണ്. എന്നും ദൈവത്തിന്റെ ജനമായി ദൈവത്തോട് ചേർന്ന് നിൽക്കാനുള്ള കൂട്ടായ്മ ഉറപ്പുവരുത്തുന്ന ഉടമ്പടിയാണ് പഴയ നിയമം പരിചയപ്പെടുത്തുന്നത്.

പ്രളയം കടന്നുപോകുമ്പോൾ നമ്മിൽ ബാക്കിയാകുന്ന നല്ല ഓർമ്മകൾ കൂട്ടായ്മ യുടെതാണ്. ഇസ്രായേലിനെ പ്രവാചകൻ ക്ഷണിക്കുന്നതും കൂട്ടായ്മയിലൂടെയുള്ള അതിജീവനത്തിലേക്കാണ്. കെട്ടിപ്പൊക്കുന്ന സ്വാർത്ഥതയുടെ മേൽക്കൂരകൾ അതിജീവനത്തിന്റെ ആകാശം താണ്ടുകയില്ലെന്ന് പ്രവാചകൻ ആണയിടുന്നു. ഒരുമയുടെ മന്ദിരമാകാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. സഭാ ശുശ്രൂഷയിൽ പോലും ഞാൻ വിചാരം തട്ടിട്ട വീടുകളിൽ കയറി താമസിക്കുമ്പോൾ ശൂന്യമാകുന്ന ദേവാലയങ്ങളെക്കുറിച്ച് ക്രിസ്തു ശരീരമാകുന്ന സഭയെന്ന ദേവാലത്തെക്കുറിച്ച് തന്നെ പ്രവചന ശബ്ദം ഉയരുന്നു. അവിടങ്ങളില്ലെല്ലാം ഹഗ്ഗായി പ്രവാചകന്റെ സ്വരം ഹൃദയമന്ത്രമാകണം. From individual to community. വ്യക്തി കേന്ദ്രീകരണത്തിൽ നിന്ന് ഒരുമയുടെ ദേവാലയങ്ങളിലേക്ക്!

## 3. ഉചിതമായ സന്ദർഭങ്ങളിലെ യുക്തമായ ഇടപെടലുകളെ ഓർമ്മിപ്പിക്കുന്നു.

**(t points towards the very necessity of sensible interventions at appropriate moments)**

യാഗം നന്ദിയർപ്പിക്കലാണ്. പ്രവാസത്തെ പിന്നിലാക്കി വരുന്ന ജനം ആദ്യം ചെയ്യേണ്ടത് യാഗത്തിന് ഉചിതമായ ഈ സമയത്ത് യഹോവയ്ക്ക് നന്ദികരേറ്റുക എന്നതാണ്. Right action at the right time. ഹഗ്ഗായി പ്രവചനത്തിന്റെ ആദ്യവാക്യം തന്നെ ഈ സമയത്തിന്റെ പ്രത്യേകത ഓർമ്മിപ്പിക്കുന്നു എന്നിട്ടും പെരുന്നാൾ ദിവസം യാഗാമർമ്മിക്കേണ്ട ദേവാലയം ശൂന്യമായി കിടക്കുന്നു. പാഴും ശൂന്യവും എന്ന് അർത്ഥം വരുന്ന ഹാറേബ് എന്ന എബ്രായ പദമാണ് ദേവാലയത്തിന്റെ ശൂന്യാവസ്ഥയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ആത്മീയമായ ചടഞ്ഞിരിപ്പാണ് ഇസ്രായേൽ വരുത്തുന്നത്. ഉചിതമായ സമയത്ത് നിസംഗത കൊണ്ട് മൗനം തീർക്കുന്ന നേതൃത്വ നിരയെ പ്രവചനം, ഓർമ്മയിലേക്കും കർമ്മനിരതയുടെ ആവശ്യകതയിലേക്കും ക്ഷണിക്കുകയാണ്. ശയലതിയേലിന്റെ മകനായ സെരുബാബേൽ യെഹോസാദാക്കിന്റെ മകനായ മഹാപുരോഹിതനായ യോശുവാ തുടങ്ങി ശൂന്യാവസ്ഥയെ നീക്കേണ്ട ഉത്തരവാദിത്വമുള്ള നേതൃത്വനിര നിശബ്ദമാകുന്നിടത്താണ് പ്രവചനം ആരംഭിക്കുന്നത്. ദൈവജനമായ നാം ചിലപ്പോഴെങ്കിലും പാഴും ശൂന്യമാകുന്ന ചടഞ്ഞിരിപ്പുകൾക്കും ഉദാസീനതകൾക്കും വിധേയമായിട്ടുണ്ടെന്നാണ് ചരിത്രം പഠിപ്പിക്കുന്ന പാഠം. സമയമായിട്ടില്ല എന്നു തന്നെയാണ് ഇസ്രായേലും പറഞ്ഞ മറുപടി എന്നാൽ ഇത് മാറ്റത്തിന്റെ സമയമെന്നാണ് പ്രവാചകനിലൂടെ മുഴങ്ങുന്ന ദൈവശബ്ദത്തിന്റെ പക്ഷം.

ദേവാലയത്തിലേക്കും, ആരാധനയിലേക്കുള്ള തിരിച്ചുവരവിന്റെ സമയം ഇസ്രായേലിൽ നിന്ന് പൊയ്പോയ മഹത്വം തിരിച്ചു വരുവാനുള്ള സമയം. അതുകൊണ്ടാണ് ദൈവാലയത്തിന്റെ ഉദ്ദേശശുദ്ധി നഷ്ടപ്പെട്ട് ആരാധനയോട് എതിർത്തും അറച്ചും നിന്ന് എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാരിൽ നിന്ന് പ്രവാചക ശബ്ദങ്ങൾക്ക് ഹഗ്ഗായി പ്രവാചകനിൽ നിന്ന് വ്യതിയാനം ഉണ്ടാകുന്നു. സീയോനും, ദേവാലയവും, ഇസ്രായേലും ഒന്നായി തീരുന്ന സുന്ദര നിമിഷങ്ങളിലേക്ക് തിരിച്ച് വരുവാനുള്ള സമയം, ഇസ്രായേലിന്റെ സിരകളിലേക്ക് വിമോചനത്തിനു വേണ്ടി, അതിജീവനത്തിനു വേണ്ടി, സ്വാതന്ത്രത്തിനുവേണ്ടി ഒരു ജനത ഒരുങ്ങുന്ന നിമിഷങ്ങൾക്കായാണ്. പ്രവാചകന്റെ ആഹ്വാനം വിമോചന സ്വപ്നങ്ങൾക്ക് ക്ഷേമകാല പ്രതീക്ഷകൾക്ക്, സമാധാന നിമിഷങ്ങൾക്ക് ഇതൾ വിരിയണമെങ്കിൽ ദേവാലയമുയരണം. നിസ്സംഗതയും നിശബ്ദതയുമല്ല. മറിച്ച് കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിലെ യുക്തമായ ഇടപെടലുകളുടെ അനിവാര്യതയെയാണ് പ്രവാചക സ്വരം ഓർമ്മപ്പെടുത്തുന്നത്.

ആശയങ്ങളെ ഒരിക്കൽക്കൂടി ചേർത്തുവയ്ക്കുമ്പോൾ ഒരു പുതുക്കത്തിന്റെ അനുഭവത്തിലൂടെ ആത്മീയ കൂട്ടായ്മയിലേക്കുള്ള ക്ഷണമായി മാറുകയും ആത്മീയ ജീവിതം ഉചിതമായ സമയത്തെ യുക്തമായ ഇടപെടലാണെന്ന് പ്രവാചകൻ ഓർമ്മപ്പെടുത്തുന്നു. ദേവാലയത്തിലൂടെ ഇസ്രായേലിലേക്ക് തിരിച്ചെത്തുന്ന മഹത്വം അവരുടെ സാമൂഹ്യ രാഷ്ട്രീയസാമ്പത്തിക അസ്ഥിരതകളെ, അസ്വസ്ഥതകളെ പരിഹരിക്കുന്നതാണ്. എല്ലാറ്റിനുമപ്പുറം ദേവാലയം ഓർമ്മിപ്പിക്കുന്നത് യഹോവയുടെ പരമാധികാരത്തെയാണ്. യുഗാന്ത്യത്തിന്റെ ചിന്തകളെ ഹൃദയം കൊണ്ട് സ്പർശിക്കുമ്പോൾ എല്ലാവരും ഒരുമിച്ചു കൂടുന്ന ആത്യന്തികമായ മനുഷ്യകുലത്തിന്റെ ലക്ഷ്യം ആരാധനയിലേക്കു കൂടിയാണ് പ്രവചനം നമ്മെ കൈപിടിച്ചുയർത്തുന്നത്. ദൈവപ്രസാദത്തിന്റെയും, മഹത്വപ്രത്യക്ഷതയുടേയും ഒടുങ്ങാത്ത ദൈവസാന്നിധ്യത്തിന്റെയും പ്രതീക്ഷകൾ നൽകിയാണ് പ്രവചനം അവസാനിക്കുന്നത്. നാം തന്നെ ദേവാലയമാകുവാനും ഒരുമയോടെ സഭയെന്ന മന്ദിരത്തിന് മേൽക്കൂരയൊരുക്കാനും ഉചിതമായ സമയങ്ങളിൽ യുക്തമായ ഇടപെടലുകളാകുവാനും ദൈവസാനിധ്യത്തിന്റെ നിമിഷങ്ങളെ അനുനിമിഷം നുകരുവാനും സാധ്യമാവട്ടെ...

# സ്വകാര്യത




— റവ. ഫാ. ഷിജി കോശി
*യുവജന പ്രസ്ഥാനം, കേന്ദ്ര വൈസ് പ്രസിഡന്റ്*

ഏത് വ്യക്തിയെ സംബന്ധിച്ചും അതിപ്രധാനമാണ് സ്വകാര്യത അതുകൊണ്ടുതന്നെ അതിലേയ്ക്കുള്ള തള്ളിക്കയറ്റവും ഏതു കടന്നുകയറ്റവും ആ വ്യക്തിയെ മാനസികമായി തളർത്തും. ഇന്ന് മാധ്യമങ്ങളും പത്രങ്ങളും മാറുന്ന ലോകത്തോടൊപ്പം നിൽക്കാനുള്ള വ്യഗ്രതയിൽ മറ്റുള്ളവന്റെ സ്വകാര്യതയിലേയ്ക്ക് കടന്നു കയറാൻ മത്സരിക്കുകയാണ്. എന്തേ പത്രങ്ങളും ചാനലുകളും ഇത്തരം നെറിവുകേടുകൾ കാണിക്കുന്നു എന്നതിന്റെ മൂലകാരണം തേടുകയാണെങ്കിൽ നാം എത്തുക. നമ്മുടെ തന്നെ മനസ്സിൽ അപഥ സഞ്ചാരങ്ങളിലേയ്ക്കും മറ്റുള്ളവരുടെ സ്വകാര്യ ജീവിതം നമ്മെ രസിപ്പിക്കുന്നതുകൊണ്ടാണ് നിലനിൽപ്പിനായി മാധ്യമങ്ങൾ നമുക്കായി നൽകുന്നത്. ഈയിടെ നമുക്കു കൈവന്ന ഡിജിറ്റൽ സാങ്കേതിക മൊബൈൽഫോൺ ക്യാമറകളിലൂടെയും അവയിലെ ബ്ലൂറ്റുത്ത് ടെക്നോളജിയിലൂടെയും മനുഷ്യന്റെ ഈ മാനസിക ക്രമഭംഗത്തിന് ഏറ്റവും സ്വകാര്യമെന്ന് കരുതുന്ന ഭവനങ്ങളെപ്പോലും സുരക്ഷിതമല്ലാതായിരിക്കുന്നു. പഴയകാലത്തെ ഒളിഞ്ഞുനോട്ടക്കാരെക്കാൾ അവരുടെ പുതുതലമുറ കൂടുതൽ ക്രിമിനൽ സ്വഭാവം പുലർത്തുന്നു എന്നത് സ്വഭാവ വൈകല്യത്തെ കൂടുതൽ അപകടകാരിയാക്കുന്നു.

അങ്ങനെയെങ്കിൽ ആലോചിക്കേണ്ടത് ഇത്തരം മനോവൈകല്യങ്ങളെ നമുക്കെങ്ങിനെ പ്രകിരോധിക്കാനാകും. ഇന്റർനെറ്റിന്റെ അദൃശ്യവലയിൽ ലോകമൊന്നാകെ കുരുക്കികിടത്തുന്ന ഈ കാലത്ത് നിയമനിർമ്മാണം വഴി തടയാനാകുമെന്ന് കരുതിയെങ്കിൽ തെറ്റി. മാറേണ്ടത് നമ്മുടെ മനോഭാവമാണ്. അതിനായി ആദ്യം നാമ പരന്റെ സ്വകാര്യതയെ ബഹുമാനിക്കാൻ പഠിക്കണം. ഒരാൾ പുറംലോകത്തുനിന്ന് മറച്ചുപിടിക്കുന്ന അയാളുടെ ശരീരമായാലും, മനസ്സായാലും അതയാളുടെ സ്വാതന്ത്ര്യമാണ്. പക്ഷെ നമ്മുടെ ആത്മീയ ലോകത്തുപോലും സത്യമേതെന്നോ മിഥ്യയേതെന്നോ അറിയാതെ നാം കിട്ടുന്നതൊക്കെ ഷെയർ ചെയ്ത് ആഘോഷിക്കുകയാണ്. സഭയിലെ പിതാക്കന്മാരെക്കുറിച്ചും ആരാധനകളെക്കുറിച്ചും ഒക്കെ സമയം കിട്ടുമ്പോഴൊക്കെ അർത്ഥം അറിയാതെ രാപകലില്ലാതെ വിമർശിക്കപ്പെടുകയാണ്. കുറേപ്പേർ തിരുത്താൻ വാദികളെന്ന ലേബലിൽ എന്ത് വാർത്ത കിട്ടിയാലും സത്യമെന്തെന്നുപോലും ആലോചിക്കാതെ സമൂഹ്യമാധ്യമങ്ങിൽ അനാവരണം ചെയ്യുകയാണ്.

സദുദ്ദേശപരമായ വിമർശനം ചില തിരുത്തുൾക്ക് വഴിതെളിയിക്കും എന്നതിൽ തർക്കമില്ല. കോവിഡ് കാലഘട്ടത്തിലും ശേഷവും നമ്മുടെ കുഞ്ഞുങ്ങളുടെ കൈകളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം വർദ്ധിച്ചപ്പോൾതന്നെ ഇതെല്ലാം ചെറുപ്രായത്തിൽ അവർക്ക് ആത്മീയതയിൽ നിന്നും സഭാ സ്നേഹത്തിൽ നിന്നും പിന്നോട്ടു പോവുകയാണ്. എത്രയോ ജീവിതങ്ങളാം നാം മുഖാന്തിരം തകർക്കപ്പെട്ടത് ഒരിക്കലെങ്കിലും അത്തരമൊരു ദൈന്യതയിലൂടെ കടന്നുപോയ ഒരാൾക്കെ അതെന്താണെന്ന് വ്യക്തമാകൂ. എങ്കിലും ലോകമാകെ നമ്മുടെയൊക്കെ സ്വകാര്യജീവിതങ്ങൾ കൂടുതൽ കൂടുതൽ അനാവൃതമാക്കുന്നു എന്നത് വല്ലാതെ അലോസരപ്പെടുത്തുന്നതിനാണ്. മാത്രമല്ല ഈ കടന്ന് കയറ്റങ്ങൾ പലതും നിയമവിധേയമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് പുതുതലമുറ ഒരു ലഹരിയുടെ മായികലോകത്താണ്. ഇനിയും ഇത് ഏറിവരിക തന്നെ ചെയ്യും. എന്നിരുന്നാലും മറ്റുള്ളവരുടെ സ്വകാര്യതയെ മാനിക്കുവാനും ആദരിക്കാനും അതു വഴി ആരോഗ്യമുള്ള ആദരവുള്ള പുതുതലമുറ വളരുവാനും ഇടയാകട്ടെ.






# നമുക്ക് ജീവിക്കാൻ ഒരേ ഒരു ഭൂമി



— റവ. ഫാ. കോശി ജോൺ,
*General secretary, Ecological Commission*

***ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു. (സങ്കീ: 24:1)***




ദൈവസൃഷ്ടിയിൽ ഭൂമി മനോഹരമായിരിക്കുന്നു. സൃഷ്ടിച്ച് കഴിഞ്ഞ് ദൈവം തന്റെ കരവിരുതിനെ കണ്ട് ഏറെ സന്തോഷിക്കുന്നു. സങ്കീർത്തനത്തിലൂടെ ദാവീദ് രാജാവ് പാടുന്നു. ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു എന്ന് മനുഷ്യഹൃദയത്തെ ത്രസിപ്പിക്കുന്നതും ആകർഷിക്കുന്നതുമാണ് ദൈവത്തിന്റെ സൃഷ്ടി. ഭൂമി അതിലുള്ള സകലതും ദൈവത്തിന്റേതാകുന്നു എന്ന പ്രസ്താവന പൗലോസ് ശ്ലീഹാ കൊരിന്ത്യർക്കെഴുതുമ്പോൾ ഉദ്ദേശിക്കുന്നത്. ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിനുള്ളതല്ലോ. (1 കൊരി. 10:26).

ഒരേ ഒരു ഭൂമി എന്നതാണ് ഈ വർഷത്തെ ലോകപരിസ്ഥിതി ദിന സന്ദേശം. പ്രകൃതിയുമായി ഇഴുകിച്ചേർന്ന് നിലനിൽപ്പിന്റെ അതിജീവനം തുടരാം എന്ന് യു.എൻ. പരിസ്ഥിതി സംഘടന ലോകത്തെ ആഹ്വാനം ചെയ്യുന്നു. united nation environment പ്രോഗ്രാമിന്റെ തുടക്കം 1972 ജൂൺ 5–ന് സ്വീഡനിലെ സേനയ്ക്ക് ഹോമിലായിരുന്നു. അന്നാണ് ലോകത്ത് ആദ്യമായി പരിസ്ഥിതിയെക്കുറിച്ച് ഒരു വീണ്ടുവിചാരമുണ്ടാകുന്നത്. സമ്മേളനത്തിൽ പങ്കെടുത്ത ഏക വിദേശ പ്രധാന മന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ആയിരുന്നു. 50 വർഷം മുൻപ് സേനയ്ക്കു നേരിൽ ഉയർത്തിയ മുദ്രാവാക്യമാണ് ഒരേ ഒരു ഭൂമി എന്നത്. ആദ്യ ഉച്ചകോടിയുടെ ജൂബിലി ആഘോഷിക്കുമ്പോൾ അതേ മുദ്രാവാക്യം തന്നെ സംഘാടകർ വീണ്ടും തെരെഞ്ഞെടുത്തിരികുന്നു വ്യവസായ വിപ്ലവം സൃഷ്ടിച്ച വികസനത്തിന്റെ മുന്നേറ്റത്തിനിടയിൽ ഒളിച്ചിരുന്ന മലിനീകരണവും പരിസ്ഥിതി നാശവും ഇന്ന് മനുഷ്യന്റെ നിലനിൽപ്പു തന്നെ ചോദ്യം ചെയ്തിരിക്കുകയാണ്. കാർബൺ ബഹിർഗമനവും പെട്രോൾ കത്തിക്കലും മൂലം ഉയരുന്ന ആഗോള താപനവും അനുബന്ധമായ കാലാവസ്ഥാ മാറ്റവും നമ്മെ തുറിച്ചു നോക്കുന്നു. കടുത്ത വേനലും താപതരംഗങ്ങളും ഒരു വശത്ത്, മറുവശത്ത് സർവ്വ സംഹാരിയായ പ്രളയവും പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളുടെയും താളം തെറ്റുന്നു. നിനവെ പട്ടണത്തിലെ ജനങ്ങളെപ്പോലെ നാം അനുതാപത്തിലേയ്ക്കും തിരിച്ചുവരവിലേയ്ക്കും മടങ്ങേണ്ട സമയം ആഗതമായിരിക്കുന്നു. ഭൂമിയുടെ പനി കുറയ്ക്കുന്ന യജ്ഞത്തിൽ പങ്കാളികളാകാം.

എത്ര മനോഹരമായ ഭൂമിയാണ് ദൈവം നമുക്ക് ദാനമായി നൽകിയിരിക്കുന്നത്. ഈ ഭൂമിക്കു നമ്മൾ ചെയ്യേിയിരിക്കുന്ന ഉത്തരവാദിത്വം നമ്മൾ നിറവേറ്റുന്നില്ല എങ്കിൽ നമ്മുടെ ജീവിത കാലത്തു തന്നെ ഈ ഭൂമിയുടെ അന്ത്യവും സംഭവിക്കും. സ്നാനം നൽകുന്നത് ജലത്തിലാണ്. ജലം ജീവന്റെ അടയാളമാണ്. അനുതാപം എന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ മാത്രം പ്രത്യേകതയാണ്. നമുക്ക് പാരിസ്ഥിതിക പാപത്തിനെതിരായ അനുതാപം ഉയർത്തണം. ഉയർത്തെഴുന്നേൽപ്പ് ഈ പ്രപഞ്ചത്തിന് സംഭവിക്കേണ്ടതാണ്. അപ്പോഴാണ് സങ്കീർത്തനകാരനോട് ചേർന്ന് നമുക്ക് പറയുവാൻ സാധിക്കുന്നത്. ആകാശം സന്തോഷിക്കുകയും ഭൂമി ആനന്ദിക്കുകയും സമുദ്രവും അതിന്റെ നിറവും മുഴങ്ങുകയും ചെയ്യട്ടെ എന്ന് ഹരിത ജീവിതക്രമം ഒരു താളവും ലയവും ജീവിതത്തിന് സഞ്ചരിക്കുമ്പോൾ ഒരു സമൂഹത്തെ കൂടെ നിർത്തി മുന്നോട്ടു നയിക്കുവാൻ സാധിക്കും. സഭാംഗങ്ങളും ഇടവകകളും ഒന്നായി നിന്ന് ഈ ദൈവീകയജ്ഞത്തിൽ പങ്കാളിയാവുമ്പോൾ സൃഷ്ടാവായ ദൈവത്തിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുവാൻ കഴിയും. നമ്മെ സൃഷ്ടിച്ചതിൽ ദൈവത്തിന് സന്തോഷവും ഉണ്ടാകും. ത്രിയേക ദൈവമേ! പരിശുദ്ധാത്മാവിന്റെ സർവ്വ സൃഷ്ടിയേയും പുതുക്കുക എന്ന് ആശയോടെ നമുക്ക് പ്രാർത്ഥിക്കാം ............. പങ്കാളിയാകാം ...........

**FAVOURS RECEIVED**



Inserted by

**Saji John & Family**

# ഉത്തമഗീതം



— റവ. ഫാ. സജോ ജോഷ്വാ

**"ഞങ്ങളുടെ മുന്തിരിത്തോട്ടങ്ങൾ പൂത്തിരിക്കയാൽ മുന്തിരവള്ളി നശിപ്പിക്കുന്ന കുറുക്കൻമാരെ, ചെറു കുറുക്കൻമാരെ തന്നെ പിടിച്ചു തരുവിൻ" (ഉത്തമഗീതം 2:15)**

വസന്തകാലം മനുഷ്യഹൃദയങ്ങളിൽ ഒരുപാട് സ്വപ്നങ്ങൾ സമ്മാനിക്കുന്നു. പ്രകൃതിയുടെ താളാത്മകതയിൽ മാറിമറയുന്ന ഋതുഭേദങ്ങൾ ആണ് ഭൂമിയെ ഫലസമ്പുഷ്ടമാക്കുന്നതും, ഒപ്പം ഊഷരതയിലേക്ക് നയിക്കുന്നതും, വസന്തകാലം നമുക്ക് തരുന്നത് പ്രതീക്ഷകളുടെ അഥവാ സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരമാണ്. വേനലിന്റെ കൊടുംചൂടിലും, അതിശൈത്യത്തിന്റെ സ്മരണകൾ ഉണർത്തുന്ന രാത്രികളിലും മുന്നോട്ട് നടന്നു നീങ്ങുവാൻ മനുഷ്യനെ സഹായിക്കുന്നത് വസന്തത്തിന്റെ വരുവാനുള്ള ആഹ്ലാദമാണ് അദ്ധ്വാനിക്കുന്ന കർഷകന്റെ പരിശ്രമത്തിന്റെ ഫലങ്ങളാണ് പൂത്തിരിക്കുന്ന മുന്തിരിവള്ളികൾ.

പൂക്കളോടുകൂടിയ വസന്ത കാല പശ്ചാത്തലത്തിൽ അലങ്കാര സമ്പുഷ്ടവും, പൗരസ്ത്യ കാല്പനികത നിറഞ്ഞതുമായ ഈ പ്രേമ ഗാഥയിൽ പ്രകൃതിയോടും, ഉദ്യാനങ്ങളോടും, മൈതാനം, മുന്തിരിത്തോപ്പുകൾ, ഫലവൃക്ഷത്തോപ്പുകൾ, ആട്ടിൻകൂട്ടം ഇവയോട് ശലോമോനുായിരുന്ന ഇഷ്ട ഭാവങ്ങളുടെ ആവിഷ്കാരമാണിത്. എബ്രായ കവിതാ സമാഹാരങ്ങളിൽ വളരെ മികച്ച രചനയാണിത്. പ്രത്യക്ഷലക്ഷണ പ്രകാരം ദാമ്പത്യാനുഭവത്തിന്റെ ഒരു ഗുണസ്ഥിതിയാണിത്. ഗാഢാനുരാഗത്തിന്റെ സ്വകാര്യ ഉല്ലാസം വെളിപ്പെടുത്തുന്നതാണ് ഇതിന്റെ സാരം. വിവാഹം ദൈവത്താൽ ഏർപ്പെട്ടപ്പെട്ടതിനാൽ ഉത്തമഗീതത്തിൽ ദൈവവചനത്തിന് സ്ഥാനമുണ്ട്.

എന്നാൽ യഹൂദരും ക്രൈസ്തവരും ഈ കവിതയിൽ ആഴമേറിയ അർത്ഥം കണ്ടെത്താറുണ്ട്. പെസഹാ പെരുനാൾ കാലത്ത് അലങ്കാരികമായ പുറപ്പാടിന്റെ അനുസ്മരണമെന്നോണം യെഹൂദന്മാർ അത് വായിക്കുന്നു. ഒരു സാധുകന്യകയിൽ രാജാവ് അനുരുക്തനാകുന്നതുപോലെ സ്വർഗ്ഗീയ രാജാവായ ദൈവം യിസ്രയേലിനെ തന്റെ മണവാട്ടിയായി കരുതുന്നു. പുതിയ നിയമത്തിൽ സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി ചിത്രീകരിച്ചിരിക്കുന്നു. എഫെസ്യർ 5:23

"ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു." കുഞ്ഞാടിന്റെ കല്യാണ വിരുന്നിലെ ഹാലേലൂയ്യ ഗീതമായി ഈ സ്നേഹ ഗാഥയെ ചിത്രീകരിയ്ക്കാം. ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള സ്വയം മറന്ന ദൃഢാനുരാഗത്തിന്റെ ഒരു മുൻ രുചിയാണ് ഹൃദ്യമാർന്ന ഈ വരികൾ" – വെളിപ്പാട് 19:6,7

"ഹല്ലേലൂയ! സർവ്വ ശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു. നാം സന്തോഷിച്ച് ഉല്ലസിച്ച് അവന് മഹത്വം കൊടുക്കുക. കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുങ്ങിയിരിക്കുന്നു"

മുന്തിരിത്തോട്ടവും ചെറുകുറുക്കൻമാരും നമുക്ക് മമ്പിൽ വലിയ വെല്ലുവിളികളാണ്. അദ്ധ്വാനിക്കുന്ന കർഷകന്റെ ഹൃദയത്തെ കീറിമുറിച്ച് കടന്നു വന്ന് മുന്തിരിത്തോട്ടത്തെ നശിപ്പിക്കുന്ന ചെറുകുറുക്കൻമാരുടെ ഇടയിലാണ് നാം ജീവിക്കുന്നത്. മുന്തിരിത്തോട്ടം നമുക്ക് നൽകുന്ന അദ്ധ്യാത്മീക പാഠങ്ങൾ എന്താണെന്ന് വിശകലനം ചെയ്യുവാനും, ചെറുകുറുക്കൻമാരുടെ ആക്രമണങ്ങൾക്ക് ഒരറുതി വരുത്തുവാനും ദൈവത്തിന്റെ ആത്മാവ് തന്റെ ദിവ്യ ജ്ഞാനം നമ്മിൽ നിറയട്ടെ. സഭയാകുന്ന മുന്തിരിത്തോട്ടം പൂത്ത് നിറഞ്ഞ് നിൽക്കുന്നു. വരുവിൻ നമ്മുക്ക് അതിന്റെ സൗന്ദര്യം ആസ്വദിക്കാം.

## 1. കാത്തിരിപ്പിന്റെ ആദ്ധ്യാത്മീകതയെ പകർന്നു നൽകുന്ന മുന്തിരിത്തോട്ടം

യിസ്രായേല്യനായ നാബോത്തിന്റെ മുന്തിരിത്തോട്ടം നമുക്ക് കാത്തിരിപ്പിന്റെ സന്ദേശത്തെ പകർന്നു നല്കുന്നു. (1.രാജാ 21) പിതാക്കൻമാരുടെ അവകാശമായി തനിക്കു ലഭിച്ചത് അമൂല്യ പാരമ്പര്യങ്ങളുടെ ഒരു വിളനിലമാണ്. ആ നിലത്തെ അവകാശപ്പെടുത്തുവാൻ ആഹാബ് പരിശ്രമിക്കുന്നു. മുന്തിരി വിളയുന്ന ഇടങ്ങൾ ചീര തോട്ടമാക്കുക എന്നതാണ്. ആഹാബിന്റെ ലക്ഷ്യം. എന്നാൽ ചീരയുടെ വിത്തുകൾ വീഴുവാൻ നാബോത്ത് അനുവദിക്കുന്നില്ല. 'മുന്തിരി' കർഷകന്റെ കാത്തിരിപ്പിന്റെ പ്രതിഫലമാണ്. ചീരയാകട്ടെ നൊടിയിൽ മുളയ്ക്കുന്നതും ഫലമേന്മയുള്ള, മുറിവുണക്കുന്നതും ആയ മുന്തിരി പഴകുംതോറും വീര്യം ഇരട്ടിയാക്കും. അദ്ധ്വാനഭാരമില്ലാതെ മുളയ്ക്കുന്ന ചീരകൾ പരിമിതമായ ഗുണ പരിധിയിൽ ഒരുങ്ങി നിൽക്കുന്നു.

ഇന്നത്തെ സമൂഹം 'മുന്തിരിയുടെ കാത്തിരിപ്പിന്റെ അദ്ധ്യാത്മീകതയേക്കാൾ ചീരയുടെ പെട്ടെന്നുള്ള പ്രഭയിൽ വീണുപോകുന്നു. ഇവിടെ വളർത്തപ്പെടുന്നു മുന്തിരിക്കുലകൾ സഭയുടെ അദ്ധ്യാത്മിക പാരമ്പര്യങ്ങളാണ്. ആഹാബിനെപ്പോലെയുള്ള ചെറുകുറുക്കന്മാർ ഈ പൂത്ത മുന്തിരിവള്ളികൾ അപഹരിച്ച് പകരം നൊടിയിൽ വാടുന്നതും ക്ഷണികവുമായ അദ്ധ്യാത്മീക സംസ്കാരത്തിന്റെ 'ചീര' വിത്തുകൾ വിതറുവാൻ വെമ്പൽ കൊള്ളുന്നു. പ്രീയന്റെ വരവിനായുള്ള മുന്തിരിത്തോട്ടത്തിന്റെ കാത്തിരിപ്പാണ് അവളുടെ സ്നേഹത്തെ അഗാധമാക്കുന്നതാണ്.

ക്രിസ്തുവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകൻ കാത്തിരിപ്പിന്റെ അദ്ധ്യാത്മീകതയെ പഠിപ്പിച്ചവനും, പരിശീലിപ്പിച്ചവനും ആയിരുന്നു. സഖറിയ എലിസബേത്ത് ദമ്പതികളുടെ കാത്തിരിപ്പിന്റെ ഫലമായ മുന്തിരിക്കുല "ആത്മാവ് അവനെ മരുഭൂമിയിലേക്ക് പോകുവാൻ നിർബന്ധിച്ചു" (മർക്കോ 1:12) മരുഭൂമി യോഹന്നാന് കാത്തിപ്പിന്റെ മുന്തിരിത്തോട്ടം ഒരുക്കി. ചെറുകുറുക്കൻമാരായ ഹെരോദാവിന്റെ മുമ്പിലും അവന് ശക്തി നല്കിയത്



ഈ കാത്തിരിപ്പിന്റെ ഭവനങ്ങളായിരുന്നു. (മരുഭൂമി). ശൗലായി രൂപാന്തരപ്പെട്ട പൗലോസ് നേർവ്വീഥി തെരുവിലെ യൂദയുടെ ഭവനം കാത്തിരിപ്പിന്റെ അദ്ധ്യാത്മീകത നൽകിയാണ് അവനെ കർതൃ ശുശ്രൂഷയ്ക്ക് യോഗ്യനാക്കിയത്.

ആധുനികതയിൽ ഉപഭോഗ സംസ്കാരവും, വ്യക്തികേന്ദ്രീകൃത സംസ്കൃതികളും നടമാടുമ്പോൾ കാത്തിരിപ്പിന്റെ അദ്ധ്യാത്മിക തയെ പ്രദാനം ചെയ്യുന്ന മുന്തിരിത്തോപ്പുകൾ, നശിപ്പിക്കപ്പെടുവാ തിരിക്കുവാൻ നാം ചില മതിലുകൾ പണിയും, ബാബിലോൺ പ്ര വാസകാലത്തു നിന്നും മടങ്ങി എത്തിയ യിസ്രയേൽ ജനതയ്ക്ക് സംസ്കാരങ്ങളുടെ സംരക്ഷണത്തിനും ആരാധനാ സ്വാകന്ത്രത്തി നുമായി എസ്രായും, നെഹമ്യാവും ഉയർത്തിയ മതിലുകൾ പോലെ സംരക്ഷണ ഭിത്തികൾ നമ്മുക്കും പണിയാം.

## 2 അതിജീവതത്തിന്റെ ആത്മാവിനെ നൽകുന്ന മുന്തിരിത്തോട്ടം

അതിജീവനം ഒരു ദൈവീക നൽവരമാണ്. മുന്തിരിത്തോട്ടത്തിൽ ശാന്തമായി വസിക്കുന്നവനിൽ അജയ്യ ശക്തിയുടെ ഉറവിടം പൊട്ടി പുറപ്പെടും. ജീവിതയാത്രയിൽ സംരക്ഷകനായി, ശക്തിയായി പരി ശുദ്ധാത്മാവ് കൂടെ ഉാകും. ശാന്തനാകുന്നവന്റെ മേൽ ശക്തിയായി ആത്മാവ് ആവസിക്കുന്ന ഇടങ്ങളാണ് മുന്തിരിത്തോട്ടങ്ങൾ.

ന്യായാധി 14:5,6:
"അങ്ങനെ ശിംശോനും അവന്റെ അപ്പനും അമ്മയും തിമ്നയിലേക്ക് പോയി. തിമ്നക്ക് അരികിലുള്ള മുന്തിരിത്തോട്ടങ്ങളിൽ എത്തിയ പ്പോൾ ഒരു ബാലസിംഹം അവന്റെ നേരെ അലറിവന്നു. അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു. കയ്യിൽ ഒന്നും ഇല്ലാതെ ഇരിക്കെ അവൻ അതിനെ ഒരു ആട്ടിൻക്കുട്ടിയെ പോലെ കീറി കളഞ്ഞു"

കൈയിൽ ഒരായുധവും ഇല്ലാതെ നിരാലംബരായി കഴിയുന്ന ഒരു മനുഷ്യന് മുന്തിരിത്തോട്ടത്തിന്റെ അകത്തളങ്ങൾ വിശ്വാസവും, വീര്യം, ആത്മധൈര്യവും നൽകി അതിജീവനപാതകൾ തുറന്നു കാട്ടും എന്നുള്ളതിൽ സംശയമില്ല.

വി. ലൂക്കോസിന്റെ സുവിശേഷം 2:22–39 വരെയുള്ള ഭാഗങ്ങളിൽ അതിജീവനത്തിന്റെ ആത്മാവിനെ സാക്ഷിയാക്കുന്ന രണ്ട് ശ്രേഷ്ഠ വ്യക്തിത്വങ്ങളെ നമുക്ക് കാണുവാൻ കഴിയും. വൃദ്ധനായ ശിമയോനും വൃദ്ധയായ ഹന്നാ പ്രവാചകിയും അതിജീവന ത്തിന്റെ പാതയിൽ ഏറെ ദൂരം സഞ്ചരിച്ചത് ഹന്നാ പ്രവാചകി യാണ് ദേവാലയ അന്തരീക്ഷത്തിൽ ജീവിച്ചതുമൂലം അവൾക്ക് ജീവിതത്തെ സധൈര്യം നേരിടുവാൻ കരുത്തുണ്ടായി. ദേവാലയ ത്തിനുള്ളിൽ പുരുകേന്ദ്രീകൃതമായ ആരാധനാ പശ്ചാത്തലം, അവിടെ ഒരു പക്ഷേ അവൾക്ക് ഏറെ പ്രാധാന്യം ലഭിച്ചിരിന്നില്ല. ദേവാലയത്തിന് പുറത്താകട്ടെ കമ്പോള സംസ്കാരങ്ങൾ പൊടി പൊടിയ്ക്കുന്നു. ഇവയ്ക്ക് നടുവിൽ ഹന്ന ഒരു പക്ഷെ ഒരു അപ്രധാന കഥാപാത്രമായേക്കാം. എന്നാൽ ക്രിസ്തുവിന്റെ നടുവിൽ അവൾക്ക് ലഭിച്ചത് ഒരു വലിയ അംഗീകാരമായിരുന്നു.

അവളുടെ നോമ്പിനും നമസ്കാരത്തിനും ശക്തി നൽകിയ ബല ഹീനയായ അവൾക്ക് അതിജീവനം സിദ്ധിച്ചത് ഒരു പക്ഷെ യാഗ പീഠത്തിന്റെ ചുവടുകളിൽ നിന്ന് ഒഴുകിയ നദിയിലൂടെ ആകണം. ദൈ വാലയത്തിന്റെ ഉൾവശം അതിജീവനത്തിന്റെ കരുത്ത് നൽകുന്ന മുന്തിരിത്തോട്ടമാണ്. യെഹസ്കിയേൽ 47–ാം അദ്ധ്യായത്തിൽ ദൈവാലയത്തിൻരെ ഉമ്മറപ്പടികളിൽ നിന്നും യാഗപീഠത്തെ ചുറ്റി ഒഴുകുന്ന നദിയുടെ വൃത്താന്തം സൂചിപ്പിക്കുന്നു.

യെഹസ്കിയേൽ 37:9
"എന്നാൽ ഈ നദി ചെന്ന് ചേരുന്നിടത്തൊക്കെയും ചലിക്കുന്ന സകലപ്രാണികളും ജീവിച്ചിരിയ്ക്കും"
യഹോവയാം ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിന്റെ പ്രതീകമായ സഭയിൽ നിന്നും ഉത്ഭവിക്കുന്ന ജീവന്റെ നദിയ്ക്ക് അതിജീവന ത്തിന്റെ കരുത്തും ഫലപ്രാപ്തിയും നൽകുന്നു.
യെഹസ്കിയേൽ 47 : 12



"നദീതീരത്ത് അക്കരെയും ഇക്കരെയും തിന്മാൻ തക്ക ഫലമുള്ള സകലവിധ വൃക്ഷങ്ങളും വളരും അവയുടെ ഇലവാടുകയില്ല ഫലം ഇല്ലാതെ പോകയില്ല അതിലെ വെള്ളം വിശുദ്ധമന്ദിരത്തിൽ നിന്നും ഒഴുകിവരുന്നതുകൊണ്ട് അവ മാസംതോറും പുതിയ ഫലം കായ്ക്കും. അവയുടെ ഫലം തിന്മാനും അവയുടെ ഇല ചികിത്സയ്ക്കും ഉതകും"

മുന്തിരിത്തോട്ടത്തിൽ പാർക്കുന്നവൻ അതിജീവനത്തിലൂടെ ഫലം പുറപ്പെടുവിക്കുന്നു. മുന്തിരിത്തോട്ടം സഭയാണ്. സഭയുടെ ആദ്ധ്യാ ത്മിക ദർശനങ്ങളിൽ നിഷ്ഠയോടെ വ്യാപരിക്കുന്നവൻ സകല പ്രതിസന്ധിയെയും അതിജീവിക്കുവാൻ ശക്തിയുള്ള വടവൃക്ഷ മായി വളരും. വി: കൂദാശകൾ അവന് ജീവന്റെ ജലമായി തീരും. ശാന്തമായ ആ അദ്ധ്യാത്മിക സംസ്കാരത്തെ നമുക്ക് ആശ്ലേഷിക്കാം.

137–ാം സങ്കീർത്തനം മുന്തിരിത്തോട്ടം നഷ്ടപ്പെട്ട ഒരു ജനതയുടെ ദീനരോദനമാണ്. ബാബേൽ നദികളുടെ തീരം അവരെ സംബ ന്ധിച്ചിടത്തോളം വൈദേശിക സംസ്കാരത്തിന്റെ തടവറയാണ്. യെരുശലേം ദൈവജനത്തിന്റെ മുന്തിരിത്തോട്ടമായിരുന്നു. ദേവാ ലയ ആരാധനകൾ ജനത്തിന് സമ്മാനിച്ചത് കാത്തിരുന്ന വിമോച കന്റെ ആഗതം സമാഗതമാക്കുന്നു എന്ന സന്ദേശമാണ്. ദൈവാലയ യാഗപീഠവും, മോശയുടെ ന്യായപ്രമാണവും അവർക്ക് അതിജീ വനത്തിന്റെ ആയുധങ്ങളായിരുന്നു. എന്നാൽ പവിത്രമായ മുന്തിരി ത്തോട്ടത്തെ നശിപ്പിച്ചുകൊണ്ട് ബാബേൽ രാജാവായ നെബൂഖ ദ്നേസർ ദൈവജനത്തെ ബാബിലോണിലേക്ക് കൊണ്ടുപോയ പ്പോൾ തകർന്നടിഞ്ഞത് ഒരു ജനതയുടെ സംസ്കൃതിയുടെ പരിവേ ഷങ്ങളാണ്. എങ്കിലും ദൈവികനീതി അവരെ കൈവിടില്ല. പ്രവാ സാനന്തരം മടങ്ങി വന്ന ദൈവജനം എസ്രയുടെയും, നെഹമ്യാ വിന്റെയും നേതൃത്വത്തിൽ 'മതിൽകെട്ടി' യെരുശലേം സംരക്ഷിച്ചു. പൂത്തു നിൽക്കുന്ന മുന്തിരിത്തോട്ടങ്ങളുടെ മനോഹാരിതയെ അപ ഹരിക്കുന്ന ചെറുകുറുക്കന്മാരായ ആഹാബും, നെബൂഖദ്നേസറും നമ്മുടെ ഇടയിൽ പാർക്കുന്നു നിശ്ചയം. ഇത് ക്ഷണിക സന്തോഷ ത്തിനും, കാര്യസാദ്ധ്യത്തിനായി മുന്തിരിത്തോട്ടം വിട്ട് ദൂരെ പോകു ന്നവർക്ക് അതിജീവനം നഷ്ടപ്പെടും.

### ഉപസംഹാരം

ഇരുപത്തിയൊന്നാം നൂറ്റാണ്ട് പലതും കൊണ്ടും സവിശേഷത ആർജ്ജിക്കുന്നു. മാനവികതയ്ക്ക് ഈ നൂറ്റാണ്ട് നൽകിയ വീക്ഷ ണങ്ങളുടെ വ്യത്യസ്തത അദ്ധ്യാത്മിക ജീവിത പാരമ്പര്യങ്ങ ളെയും സ്വാധീനിച്ചിരിന്നു. അദ്ധ്വാനിക്കുന്ന കർഷകൻ രുചി യോടെ തന്റെ അദ്ധ്വാനം അനുഭവിച്ച നാളുകൾ ഇന്ന് പാഠ പുസ്കത്തിലെ കഥകൾ മാത്രമാണ്. ആദ്ധ്യാത്മികത ഒരു ദൈവീക അന്വേഷണവും വളർച്ചയുമാണ് എന്ന് പഠിപ്പിക്കുന്ന പൗരസ്ത്യ ദർശനങ്ങൾക്ക് അതീതമായി വളരുന്ന **instant spirituality** ഇന്ന് ഏറെ സ്വീകാര്യം ആയിത്തീർന്നിരിക്കുന്നു. ദ്രുതഗതിയിലുള്ള ആദ്ധ്യാത്മിക വളർച്ചയിൽ പിതാക്കന്മാർ നമുക്ക് കൈമാറിയ അതുല്യ പാരമ്പര്യങ്ങളുടെയും വിശുദ്ധിയുടെയും ഉറവിടങ്ങ ളായ മുന്തിരിത്തോട്ടങ്ങൾ ജീർണ്ണിക്കുവാനോ അപഹരിക്കപ്പെടു വാനോ സാധ്യമാകാതിരിക്കുവാൻ പ്രാർത്ഥനയോടെ നമുക്ക് യത്നിക്കാം.

# HYPERTENSION – THE SILENT KILLER



— **Dr. Dalia Merin Sam** *Specialist Internal Medicine*
*Aster Royal Hospital, Muscat*

## INTRODUCTION

Hypertension or high blood pressure is a major health problem worldwide. According to the World Health Organization, the number of adults aged 30-79 years having hypertension has increased from 650 million to 1.28 billion in the last 30 years. An estimated 46% of adults with hypertension are unaware that they have the condition. Hypertension significantly increases the risks of heart, brain, kidney and other diseases.

## WHAT IS HYPERTENSION?

Hypertension is the force exerted by the circulating blood against the wall of the major blood vessels in the body. It is written in 2 numbers .The first (systolic) number represents the pressure in blood vessels when the heart contracts .The second (diastolic) number represents the pressure in the vessels when the heart rests between the beats.

Hypertension is diagnosed when the systolic BP is more than 140 mmHg and diastolic BP is more than 90 mmHg .on two separate days.

## WHO ARE AT RISK FOR HYPERTENSION?

There are risk factors for hypertension, which can be modifiable and non-modifiable.

Modifiable risk factors include unhealthy diet like excessive salt consumption, junk food consumption, physical inactivity, consumption of tobacco and alcohol, and being overweight or obese. Non-modifiable risk factors include a family history of hypertension, age over 65 years and co-existing diseases such as diabetes or kidney disease.

Sometimes, high Blood Pressure can be due to other causes, like thyroid, Kidney disorders, medications related etc, then it is called Secondary hypertension.

There is also White Coat Hypertension, in which Blood Pressure readings are high only at the Doctors office, which is also very commonly seen.

Nowadays we are witnessing a lot of young people having high BP due to unhealthy lifestyle, along with other lifestyle diseases like Diabetes and high cholesterol.

## WHAT ARE COMMON SYMPTOMS OF HYPERTENSION?

Hypertension is called a "silent killer". Most people with hypertension are unaware of the problem because it may have no warning signs or symptoms. Sometimes patients present to the Eye Specialist with bleeding in the eyes (sub conjunctival haemorrhage), or even to the ENT Specialist with bleeding from the nose, and then they are diagnosed with hypertension.

Other common symptoms are early morning headaches, vision changes, buzzing in the ears, palpitation and chest pain.

They can even present to the Emergency with one sided weakness (stroke) and Heart attacks.

## WHAT ARE THE COMPLICATIONS OF UNCONTROLLED HYPERTENSION?

Hypertension is a major risk factor for heart attacks, stroke, kidney failure and cardiovascular death.

## HOW TO PREVENT HYPERTENSION

As we all know that prevention is better than cure. Diet and lifestyle modification is the most important factor for reducing hypertension.

**Dietary changes include :**

- Reducing salt intake (to less than 5g daily).
- Eating more fruit and vegetables.
- Limiting the intake of foods high in saturated fats.

It is called DASH (Dietary Approach to Stop Hypertension)

**Avoid smoking:** Reduce the consumption of alcohol
Weight reduction by reducing the sedentary behaviors such as watching TV, playing computer games, or spending time online.

**Increasing physical activity:** 30 minutes of moderate walking every day, using steps instead of elevator, engaging in any outdoor sports, cycling etc.

Reducing stress and good sleep is also very important in BP control.

World Hypertension Day is celebrated on May 17 and the theme for this year is MEASURE YOUR BLOOD PRESSURE, CONTROL IT, LIVE LONGER.

Since Hypertension is a silent killer, it is important to regularly check your BP with your family physician, control it by the diet and lifestyle modification and follow the instructions of the doctor regarding the medications to control hypertension.

# ചെമ്മീൻ പച്ചക്കറി തീയൽ



— Jessy Kunjumon

## ആവശ്യമായ സാധനങ്ങൾ:

1. ചെമ്മീൻ......................... 15 എണ്ണം
2. ചെറിയ ഇഞ്ചി............... 1/2 കപ്പ്
3. പച്ച ഏത്തക്ക ...............1
4. മുരിങ്ങക്ക ......................1
5. ചെറിയ വഴുതനങ്ങ .....2
6. പച്ച തക്കാളി.................1
7. തക്കാളി പഴുത്തത് .......1
8. ചച്ചമുളക്......................4
9. കറിവേപ്പില....................2 തണ്ട്



## മസാലയ്ക്ക് വേണ്ട സാധനങ്ങൾ:

1. തേങ്ങപീര.................................. 1 1/2
2. മല്ലിപ്പൊടി ................................. 2 ടീസ്പൂൺ
3. കാശ്മീരി മുളകുപൊടി........... 2 ടീസ്പൂൺ
4. മഞ്ഞൾപൊടി............................ 1/2 ടീസ്പൂൺ
5. ഉലുവ 5,6 എണ്ണം, ജീരകം ഒരുനുള്ള്
6. കുരുമുളക് ................................. 1/2 ടീസ്പൂൺ
7. വാളൻപുളി................................. ഒരു ചെറിയ
   ...................................................... നെല്ലിക്ക വലിപ്പം
8. വെളിച്ചെണ്ണ, ചുവന്നുള്ളി 2, ഉണക്കമുളക്, കടുക് 1 ടീസ്പൂൺ

## തയ്യാറാക്കുന്നവിധം


ചെമ്മീൻ പൊളിച്ചെടുത്ത് കഴുകി വൃത്തിയാക്കി വയ്ക്കണം. പച്ചക്കറികളും വൃത്തിയാക്കി ചെറിയ നീളത്തിൽ അരിഞ്ഞ് വയ്ക്കണം. പച്ചതക്കാളിയും മുറിച്ച് കഷണങ്ങളാക്കി വയ്ക്കണം. പഴുത്ത തക്കാളിയും മുറിച്ച് ഉള്ളിലെ ദശഭാഗം കളഞ്ഞ് വയ്ക്കണം.

ഒരു പാൻ വച്ച് ചൂടായാൽ തേങ്ങ പീരയിട്ട് അതിന്റെ കൂടെ 1 തണ്ട് കറിവേപ്പിലയും, 1 വെളുത്തുള്ളിയും , 2 ചെറിയ ഉള്ളിയും ചേർത്ത് ഇളക്കി ചെറുതായി ചുവന്നുവരുമ്പോൾ, ഒരു നുള്ളു ഉലുവയും, ഒരു നുള്ളു ജീരകവും ചേർത്ത് ഇളക്കി 2 ടീസ്പൂൺ മല്ലിപ്പൊടി, 2 ടീസ്പൂൺ മുളകുപൊടി, 1/2 ടീസ്പൂൺ കുരുമുളക്, 1/2 ടീസ്പൂൺ മഞ്ഞൾപൊടിയും ചേർത്ത് നല്ല ബ്രൗൺ നിറം ആയാൽ വാങ്ങി തണുത്ത ശേഷം അരച്ച് വയ്ക്കണം.

പാത്രം വച്ച് നല്ലതുപോലെ ചൂടായാൽ പഴുത്ത തക്കാളി ഒഴികെ എല്ലാ ചേരുവകകളും 2 ടീസ്പൂൺ ഓയിൽ ഒഴിച്ച്, വഴറ്റണം. കഷണങ്ങൾ വേകാൻ പാകത്തിന് ചൂടുവെള്ളം ഒഴിച്ച്, ഉപ്പും ചേർത്ത് അടച്ച്, പകുതി വേവായാൽ, വൃത്തിയാക്കി വച്ചിരിക്കുന്ന ചെമ്മീൻ കൂടി ചേർത്ത് വേവിക്കണം. തിളച്ച് വെന്തു കഴിഞ്ഞാൽ പുളി 1/2 കപ്പ് വെള്ളത്തിൽ പിഴിഞ്ഞ് അരിച്ച് ചേർക്കണം. നല്ലതുപോലെ തിളച്ചശേഷം അരപ്പ് ചേർത്ത് പാകത്തിന് വെള്ളം ചേർത്ത്, ആവശ്യമായ ഉപ്പും ചേർത്ത് അടച്ച് വച്ച് തിളച്ചാൽ പഴുത്ത തക്കാളി ചേർക്കണം. കറി നല്ലതുപോലെ തിളച്ചശേഷം, പുളിയും ഉപ്പും പാകത്തിന് നോക്കിയിട്ട് ഗ്യാസ് ഓഫ് ആക്കാം.1 ടീസ്പൂൺ വെളിച്ചെണ്ണ ചൂടായശേഷം 1 ടീസ്പൂൺ കടുക് പൊട്ടിയ ശേഷം, ഒരു ചെറിയ ഉള്ളി അരിഞ്ഞതും, 2 ഉണക്കമുളകും, കറിവേപ്പിലയും ചേർത്ത് ചുവന്നുവരുമ്പോൾ കറിയിൽ ഒഴിച്ച് ഉപയോഗിക്കാം. സ്വാദിഷ്ഠമായ ചെമ്മീൻ പച്ചക്കറി തീയൽ തയ്യാർ.

## KIDS ZONE

### CROSSWORD




1. Who is the father of Zephaniah?
2. David hide in which cave ?
3. What is the name mother of King Rehoboam?
4. The birthplace of Nahum?
5. Who wrote about the day is coming when all proud and evil people will burn like straw?
6. For how many days the daughters of Israel went yearly to lament the daughter of Jephthah?
7. Where was Abner buried?
8. Name of the god of Moab?
9. Name of the star god?
10. .......... Will be destroyed in a war, but not by human power?


**Instructions: • Answers must be Emailed to mgomevineyard@gmail.com on or before 15th December 2022.**

• Members of the editorial board and their family members are excluded from the kids Quiz Contest. • Children below 14 years can only participate.

• Winners will be selected by a draw if the right answers are more than one and the result will be published in the next edition. • The decision of the Vineyard Committee will be final.

Mar Gregorios Orthodox Maha Edavaka - Muscat | Vineyard


# പെരുന്നാൾ സപ്ലിമെന്റ്



## ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ പരുമല തിരുമേനിയുടെ 120-ാം ഓർമ്മപ്പെരുനാൾ

**2022 നവംബർ 4, 5 തീയതികളിൽ**

## മസ്കറ്റ് മഹാ ഇടവകയിൽ പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് കൊടിയേറി






വിശ്വാസ സമൂഹത്തിന്റെ പ്രാർത്ഥന മന്ത്രങ്ങളോടെ മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ കാവൽപിതാവായ പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 120–ാം ഓർമ്മപ്പെരുന്നാളിന് ഒക്ടോബർ 28–ന് കൊടിയേറി. രാവിലെ സെന്റ് തോമസ് ചർച്ചിൽ നടന്ന വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം ഉയർത്തുവാനുള്ള കൊടിയും വഹിച്ചുകൊണ്ട് വൈദികരും വിശ്വാസ സമൂഹവും പരമ്പരാചാരങ്ങളോടെ പ്രദക്ഷിണമായെത്തി പ്രത്യേക ശുശ്രൂഷകളോടെയാണ് പുതുതായി നിർമ്മിച്ച കൊടിമരത്തിന്റെ കൂദാശയും തുടർന്ന് കൊടിയേറ്റ് കർമ്മവും നിർവ്വഹിച്ചത്. ഇടവക വികാരി ഫാ. വർഗീസ് റ്റിജു ഐപ്പ്, അസ്സോ. വികാരി ഫാ. എബി ചാക്കോ, ഫാ. സഖറിയാ ജോൺ എന്നിവർ കാർമ്മികത്വം വഹിച്ചു.



# ഏലിയാദീർഘദർശി പരിശുദ്ധ നോമ്പിന്റെ യഥാർത്ഥ മാതൃക



— റവ. ഫാ. മനു വർഗ്ഗീസ്, *അഹമ്മദാബാദ്*

പരിശുദ്ധ പരുമല തിരുമേനി തന്റെ ഊർശ്ലേം യാത്രാവേളയിൽ കപ്പലിൽ  കാറ്റും കോളും അടിച്ചപ്പോൾ ഏലിയാ ദീർഘദർശിയുടെമദ്ധ്യസ്ഥതയിൽഅഭയംപ്രാപിച്ചുപ്രാർത്ഥിച്ചു. കടൽ ശാന്തമായി. നാട്ടിൽ തിരികെ വന്ന് കോട്ടയം പട്ടണത്തിൽ ഒരു കുരിശു സ്ഥാപിച്ചതാണ് ഇന്ന് വളർന്ന് ഏലിയാ കത്തീഡ്രൽ ആയി മാറിയത് പ. പരുമല തിരുമേനിയുടെ ഒരു വലിയ മദ്ധ്യസ്ഥ പിതാവാണ് ഏലിയാ ദീർഘദർശി.

എല്ലാ വിശുദ്ധ കുർബാനയിലും നമ്മൾ ഏലിയാവിനെ ഓർക്കാറുണ്ട്. ''കർത്താവേ എന്നോട് അരുളി  ചെയ്യേണമേ.'' എന്ന് പുരോഹിതൻ നെഞ്ചത്തടിച്ച് പ്രാർത്ഥിക്കുമ്പോൾ (1 രാജാ 18).

ഏലിയാവ് വിറക് അടുക്കി വെള്ളം കൊണ്ട് ശുദ്ധീകരിച്ചു. ബലിവസ്തു വച്ചു. ആ വെള്ളം ഒഴുകുവാൻ തോടു നിർമ്മിച്ചു പ്രാർത്ഥിച്ചു. തീ ഇറങ്ങി ദഹിപ്പിച്ചു. ആ വെള്ളവും വറ്റി അവിടെ ഏലിയാവ് ഒരു കടും കൈയും ചെയ്തു. 450 ബാലിനെ ആരാധിക്കുന്ന കള്ള പ്രവാചകൻമാരെ കൊന്നു.

ഇവിടെ നിന്നും ഏലിയാവ് ഓടിപ്പോയി കിടക്കുന്നത് ഒരു ചൂരച്ചെടിയുടെ ചുവട്ടിൽ ആണ്. നമ്മളും പലപ്പോഴും ഇതുപോലുള്ള ചൂരച്ചെടികളുടെ ചുവട്ടിൽ അഭയം തേടും.


ചൂരചെടിയുടെചുവട്ടിൽദൂതൻവന്ന്ഏലിയാവിനെവിളിക്കുന്നു. അവിടെ കനലിൽ അട തയ്യാർ. അലസത പൂണ്ട് പ്രവാചകൻ പിന്നെയും കിടന്നുറങ്ങി.നമ്മുടെ പ്രതിസന്ധികളിൽ ദൈവം നമ്മെ സഹായിക്കും .പക്ഷേ പിന്നീട് നാം അലസരാവരുത്.

''എഴുന്നേറ്റ് തിന്നുക, നിനക്ക് ദീർഘദൂരം സഞ്ചരിക്കാനുണ്ട്.'' എന്ന് പറഞ്ഞ് ദൂതൻ ദീർഘദർശിയെ വീണ്ടും വിളിച്ചെഴുന്നേല്പിച്ചു. ഏലിയാവ് കനലിൽ ചുട്ട അട തിന്നതാണ്  നാമും കനലിൽ ചുടുന്ന വിശുദ്ധ കുർബാന (ചുട്ട അടയുടെ ഭക്ഷണം) 40 രാവും 40 പകലും ഏലിയാവ് ഉപവസിച്ച് ഹോറേബിലേക്ക് നടന്നു. ഇത് അബ്രഹാം ഇസഹാക്കിനെയും കൊണ്ട് നടന്ന മോറിയാ മല തന്നെ. ചുരചെടിയുടെ സമീപത്തേക്കല്ല

*(ശേഷം ... 25-ൽ)*





## FAVOURS RECEIVED



Inserted by

**ANU JOHNY & FAMILY**

## FAVOURS RECEIVED



Inserted by

**Saji Abraham & Family**





# പുണ്യസ്മൃതികളുടെ നവംബർ

— Moly Abraham (ID: A-017)

“ഭാരതമെന്നു കേട്ടാലഭിമാന-
പൂരിതമാകണം അന്തരംഗം
കേരളമെന്നു കേട്ടാലോ
തിളയ്ക്കണം ചോര
നമുക്ക് ഞരമ്പുകളിൽ”

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രത്യേകാൽ കേരള ക്കരയിൽ നിന്നും നാടും വീടും ബന്ധുക്കളെയും, പ്രീയപ്പെട്ടവ രെയും വിട്ടുപിരിഞ്ഞ് ഈ സുന്ദരമായ അറേബ്യൻ രാജ്യത്ത് സസുഖം താമസിച്ച് ആരാധനയിലും പ്രാർത്ഥനയിലും ഒക്കെ സം ബന്ധിച്ച് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ദൈവം തന്ന അവസ രത്തെ ഓർത്ത് നന്ദി പറഞ്ഞുകൊണ്ട് ഞാൻ തുടങ്ങട്ടെ.

കേരളക്കരയാകെ ഉത്സാഹത്തോടും, ആഹ്ലാദത്തോടും കൂടി ആഘോഷിക്കുന്ന ഒരു സുദിനമാണ് ‘കേരളപ്പിറവി’ 1956 നവംബർ ? ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സുപ്രധാന ദിനം. മലബാർ കൊച്ചി ട്രാവൻകൂർ എന്നീ സ്വതന്ത്ര പ്രൊവിൻസുകളെ ഒരു സ്വതന്ത്ര സംസ്ഥാനമാക്കി കേരളത്തെ രൂപപ്പെടുത്തിയതിന്റെ 66–ാം വാർഷികാഘോഷദിനം. സ്കൂൾ, കോളജ് തലത്തിൽ നിന്നും പരിപാടികളുടെ ഒരു ഘോഷയാത്ര തന്നെ സംഘടിപ്പിക്കുകയും അതിൽ സമ്മാനങ്ങൾ നേടിയതും ഒക്കെ എന്റെ സ്മൃതി പഥത്തി ലേക്ക് ഓടിയെത്തുന്നു. കേരള പിറവിദിനത്തിൽ പ്രത്യേകാൽ കസവുള്ള സാരിയണിഞ്ഞ് കൂട്ടുകാർ എല്ലാവരും ഒത്തൊരുമിച്ച് ആഹ്ലാദത്തോടെ മധുരം പങ്കുവയ്ക്കുന്നതും. ഇന്നെന്നപോലെ ഓർക്കുന്നു. ഈ ഓർമ്മ നമ്മുക്ക് അഭിമാനിക്കാവുന്ന നമ്മുടെ കേരളത്തെക്കുറിച്ചുള്ള ഓർമ്മയിൽ ഒന്നുമാത്രം.


സഭയെ സംബന്ധിച്ചിടത്തോളം നമ്മുക്ക് അറിവുള്ളതും അറി വില്ലാത്തതുമായ എല്ലാ പരിശുദ്ധരേയും ഓർക്കുന്ന Slmaoeny. “All Saints Day Eastern" ഓർത്തഡോക്സ്, കത്തോലിക്ക സഭ മുതലായ ക്രിസ്ത്യൻ വിഭാഗങ്ങൾ ഈ ദിനം കൊണ്ടാടുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സംബന്ധിച്ചി ടത്തോളം ഒക്ടോബർ 30 മുതൽ നവംബർ 5 വരെയുള്ള തീയതിക ളിൽ ആദ്യം വരുന്ന ഞായറാഴ്ചയാണ് സഭയുടെ ശുദ്ധീകരണം അഥവാ കൂദാശ് ഈത്തോ സഭാ വർഷം ആരംഭിക്കുന്നത്. ഇതേ തുടർന്നാണ്. നവംബർ 2 പരുമല തിരുമേനി എന്ന് ലോകമെമ്പാ ടുമുള്ള ജനസഹസ്രം വാഴ്ത്തിപ്പാടുന്ന ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മദിനം 1848 ജൂൺ 5–ന് ജനിച്ച് 1902 നവംബർ 2–ന് കർത്തൃ സന്നിധിയിലേക്ക് എടുക്കപ്പെട്ട ആ പുണ്യ പിതാവിനെ പരി ശുദ്ധനായി പ്രഖ്യാപിച്ചിട്ട് 75 വർഷ മാകുന്ന ദിവസം. 1947 നവം. 2–ന് ഈ പുണ്യ പിതാവിനെ പരിശു ദ്ധനായി പ്രഖ്യാപിക്കുന്നു. ഒരു ഇന്ത്യക്കാരനെന്ന നിലയിൽ പരി ശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന ആദ്യപിതാവ് ഭാരതാംബയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ 75 വർഷം ആഘോഷമായി ആചരി ച്ചു കഴിഞ്ഞ അവസരത്തിൽ ആ പുണ്യ പിതാവും എല്ലാം ഒത്തൊരു മിച്ച് പ്രാർത്ഥനാപൂർവ്വം ഓർക്കപ്പെടുകയും നന്മകൾ പങ്കിടുകയും ചെയ്യുന്ന മാസം. ഈ അവസരത്തിൽ പരുമലപ്പള്ളി പെരുനാൾ ദിനം ആദ്യ കുർബാനയിൽ സംബന്ധിക്കുവാൻ മാതാപിതാക്ക ളോടൊരുമിച്ച് കുടുംബ സമേതം പരുമലയിൽ പോയിരുന്ന കാര്യം എന്റെ സ്മൃതിപഥത്തിലേക്ക് ഓടിയെത്തി. അന്ന് പമ്പാ നദിയുടെ മുകളിലൂടെ പാലത്തിന്റെ സാകര്യമില്ലാതിരുന്ന സമയം ചങ്ങാട ത്തിൽ കാറ് കയറ്റി അക്കരെ എത്തി വി. കുർബാനയിൽ സംബ ന്ധിച്ച് തിരികെ വരുന്ന വഴി കുട്ടികളുടെ ഹരമായ ബലൂൺ, കുപ്പി വള, മുതലായ സാധനങ്ങൾ ഒക്കെ വാങ്ങി തിരികെ വരുന്നത് ഓർ ക്കണം. അമ്മ ചെറുപ്പത്തിൽ എന്റെ മകളേയും പാടി പഠിപ്പിച്ചിരുന്ന ആ തിരുമേനിയെക്കുറിച്ചുള്ള ഗാനവും ഞാൻ ഓർക്കുന്നു.

യാമം തോറും കണ്ണീരാൽ
കർത്തൃ സന്നിധി സാഷ്ടാംഗം
പ്രാർത്ഥന നോമ്പുപവാസങ്ങൾ
പാലിച്ചോനേ പരിശുദ്ധാ

നമ്മുടെ ഇടവകയെ സംബന്ധിച്ചിടത്തോളം ആ പുണ്യ പിതാവിന്റെ നാമത്തിൽ സ്ഥാപിതമായ മോർ ഗ്രിഗോറിയോസ് ഓർത്തഡോ ക്സ് ചർച്ച് (ഇന്നത്തെ മോർ ഗ്രീഗോറിയോസ് ഓർത്തോഡ്ക്സ് മഹാ ഇടവക) 50 വർഷം പൂർത്തിയാക്കപ്പെട്ടതിന്റെ സുവർണ്ണ ജൂബിലി ആഘോഷവർഷം കൂടിയാണല്ലോ. അതിന്റെ ഉത്ഘാടന ചടങ്ങുകൾ നമ്മുടെ ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവറുഗീസ് മോർ യൂലിയോസ് തിരുമേനി നിർവ്വഹിക്കുകയും നമ്മുടെ ഇടവ കവികാരി ബഹുമാനപ്പെട്ട വർഗീസ് റ്റിജു ഐപ്പ് അച്ചന്റെ ഭാവന യിൽ വിടർന്ന വരികൾക്ക് അച്ചൻ തന്നെ ഈണം പകർന്ന് നൽകി സമ്മാനിച്ച ഗാനോപഹാരം അന്ന് മനോഹരമായി ക്വയർ അംഗങ്ങൾ അവതരിപ്പിച്ചതും ഓർമ്മയിൽ തങ്ങി നിൽക്കുന്ന അനുഭവങ്ങളാണ്. സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. ആ പുണ്യ പിതാവിന്റെ ഓർമ്മ നാം നവംബർ 4–ന് ആയി കൊണ്ടാടുകയാ ണല്ലോ. പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥ പ്രാർത്ഥന നമുക്ക് അനുഗ്രഹത്തിനായി ഭവിക്കട്ടെ. നവംബർ, 2007 എന്റെ മരണം വരെ എനിക്ക് മറക്കുവാൻ സാധിക്കാത്ത ദിവസം കൽക്കട്ടാ ഭദ്രാ സനത്തിന്റ അധിപനായി ഇടവകയുടെ ഇടയനായി സ്നേഹ ത്തിന്റെ തിരിനാളം കെടാതെ സൂക്ഷിച്ച നമ്മുടെയെല്ലാം പ്രിയങ്ക രനായിരുന്ന ശ്രേഷ്ഠാചാര്യൻ സ്തേഫാനോസ്മോർ തേവോദോസി യോസ് തിരുമേനിയുടെ 15 90 ഓർമ്മദിനം ഞങ്ങളുടെ അമ്മച്ചിയുടെ ജന്മദിനം പ്രമാണിച്ച് നവംബർ 40 തീയതി അഭിവന്ദ്യ തിരുമേനി യ്ക്ക് മേശയൊരുക്കുവാൻ തീരുമാനിച്ചു.

അന്നേ ദിവസം ഒരു മണി സമയത്ത് ബഹു. ഷാജി അച്ചന്റെ കൊച്ചമ്മയെ ഫോണിൽ ബന്ധപ്പെടുകയും ഭക്ഷണം പാർസ ണേജിൽ എത്തി ക്കണമെന്നുള്ള നിബന്ധനകൾക്ക് അതീതമാ യി വക്കീലിന്റെ വീട്ടിൽ വന്ന് മേശയിൽ പങ്കെ ടുക്കണമെന്നുള്ള തിരുമേനിയുടെ ആഗ്രഹപ്രകാരം ഞങ്ങളൊരുക്കിയ മേശയിൽ സംബ ന്ധിച്ച് അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞ് തിരിച്ചുപേ ായ തിരുമനസ്സിന്റെ അന്നത്തെ കുർബാ നയിൽ സംബന്ധി ക്കാനെത്തിയ അവസരത്തിലാണ് തിരുമേനിയെ ആസ്പത്രി യിൽ അഡ്മിററ് ആക്കി എന്ന വിവരം അറിയുന്നത്. പിറ്റേ ദിവ സം അതിരാവിലെ പ്രാർത്ഥന നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ ഫോൺ നിർത്താതെ അടിച്ചു കൊണ്ടേയി രു ന്നപ്പോൾ ഫോൺ എടുത്ത് സങ്കടകരമായ വാർത്തകേട്ട് പൊട്ടി ക്കരഞ്ഞുപോയി. പിറ്റേ ദിവസം തിരുമേനിയെ കൊണ്ടുവരുവാൻ പോയ അവസരത്തിൽ ചലനമറ്റ ആ കിടപ്പ് ഹൃദയ ഭേദകമായിരു ന്നു. എന്റെ സങ്കടത്തിന് അതിരില്ലായിരുന്നു. അറേബ്യൻ രാജ്യ ങ്ങളിലും കേരളത്തിലും ഇന്ത്യയിലുടനീളവും ഞങ്ങളുടെ ഭ്രാ സനാധി പനായ് പ്രത്യകിച്ച് എല്ലാവരാലും സ്നേഹിക്കപ്പെട്ട് എല്ലാ വരേയും സ്നേഹിച്ച് തന്റെ കർമ്മ മേഖല നൂറു ശതമാനം ആത്മാ ർത്ഥതയോടും ഹൃദയനൈർമ്മല്യത്തോടും ശുഷ്കാന്തി യോടും ചെയ്ത അതുല്യനായ പുണ്യപിതാവേ ഞങ്ങൾക്കുവേണ്ടി മദ്ധ്യ സ്ഥത അണക്കേണമെ. അദ്ദേഹത്തോടൊപ്പമുള്ള അനവധി ധന്യ മുഹൂർത്തങ്ങൾ ഹൃദയചെപ്പിൽ ഇന്നും സൂക്ഷിക്കുന്നു. പരി. പരുമല തിരുമേനിയുടേയും തോവോദോസിയോസ് തിരുമേനി യുടേയും ഓർമ്മ കൊണ്ടാടുന്ന അവസരത്തിൽ ആ പാവന സ്മരണയ്ക്കുമുമ്പിൽ ഒരു കൈത്തിരിയായി കത്തിയണയുവാ നാണെനിക്കിഷ്ടം. Litergical കലണ്ടർ പ്രകാരം മറ്റനേകം പിതാക്ക ന്മാരുടെ ഓർമ്മ ഈ നവംബർ മാസം കൊണ്ടാടുന്നുണ്ട്. നവംബർ–6 വലിയപറമ്പിൽ ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് നവംബർ–8 അഭിവന്ദ്യ മാത്യൂസ് പ്രഥമൻ ബാവാ കോനാട്ട് മാത്തൻ മൽപ്പാൻ തുടങ്ങി അനേകം പിതാക്കൻമാരുടെ ഓർമ്മ കൊണ്ടാടുന്ന ഈ നവംബർ മാസം ആ പുണ്യ പിതാക്കന്മാരുടെ പ്രാർത്ഥനകൾ നമുക്ക് കോട്ടായിരിപ്പാൻ കർത്താവിനോട് പ്രാർത്ഥിക്കാം. ഇടവക ദിനാചരണത്തിന് എല്ലാവിധമായ ആശംസ കളും നേരുന്നു.

## FAVOURS RECEIVED




Inserted by

**GEORGE KUNJUMON & FAMILY**

(Makkattu, Perinad, Kollam) Muscat - Oman


## FAVOURS RECEIVED



Inserted by

**JOEMON & FAMILY**


## FAVOURS RECEIVED



Inserted by

**John P Luke & Family**

## FAVOURS RECEIVED



Inserted by

**SABU KOSHY & FAMILY**







*(22-ൽ നിന്നും തുടർച്ച)*

# ഏലിയാദീർഘദർശി പരിശുദ്ധനോമ്പിന്റെ യഥാർത്ഥ മാതൃക

നിത്യതയുടെ ആഹാരമായ വിശുദ്ധ കുർബാന സ്വീകരിച്ച് ഹോറേബിലേക്ക് നമുക്കും പോകണം. തമ്പുരാന്റെ മുഖം ഹോറേബിൽ കാണുന്ന ഏലിയാബിനെ പോലെ നാമും ആകണം.

തീയിലും കൊടുംകാറ്റിലും ദൈവം വരുന്നില്ല. എന്നാൽ ശാന്തതയുടെ മൃദുസ്വരത്തിൽ ഏലിയാവിന്റെ മുമ്പിൽ ദൈവം വരുന്നു. പൗരസ്ത്യ ആരാധനയുടെ ഒരു പ്രതിരൂപമാണ്. നോമ്പോടും ഉപവാസത്തോടും കൂടി ഏലിയാവ് കൂടുതൽ ശക്തനായി മാറുകയാണ്. രാജകൊട്ടാരത്തിലേക്കാണ് ഏലിയാവ് പിന്നീട് പോകുന്നത്. അവിടെ ആരെയും പേടിക്കാതെ താൻ പ്രവചനം നടത്തുന്നു. ഇസബേലിനോട് ചങ്കൂറ്റത്തോടെ പറയുന്നു. ''നീയും നിന്റെ പിതൃഭവനവുമാണ് ഇസ്രയേലിന്റെ നാശത്തിന് കാരണം. നായ് നിന്റെ രക്തം നക്കി കുടിക്കും''. അത് അപ്രകാരം സംഭവിച്ചു.

“നീയും നിന്റെ പിതൃഭവനവുമാണ് ഇസ്രയേലിന്റെ നാശത്തിന് കാരണം. നായ് നിന്റെ രക്തം നക്കി കുടിക്കും”. അത് അപ്രകാരം സംഭവിച്ചു.

കർമ്മേലിൽ കണ്ട ദൈവത്തിന്റെ ശക്തി നമ്മെ ഭരിക്കണം. പിൻഗാമിയെ അഭിഷേകം ചെയ്തിട്ട് അഗ്നിത്തേരിൽ ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു. ഏലിയാവ് നമുക്ക് സമ സ്വഭാവമുള്ള മനുഷ്യനാണ്. സാറാഫാത്തിലെ വിധവയുടെ മകൻ മരിക്കുന്നത് ഏലിയാവിന് ഒരു പ്രതിസന്ധിയാണ്. മൂന്ന് പ്രാവശ്യം അവന്റെമേൽ കിടക്കുമ്പോൾ ആ കുട്ടി എഴുന്നേൽക്കുന്നു. അപ്പോൾ ആ വിധവ മൂന്നു കാര്യങ്ങൾ വിളിച്ചു പറയുന്നു.

1. ഏലിയാവ് ഒരു ദൈവപുരുഷൻ
2. ഏലിയാവിന്റെ ദൈവം സത്യമുള്ളത്
3. ഏലിയാവിന്റെ ദൈവം സത്യമുള്ളത്

പുതിയ നിയമത്തിൽ കർത്താവിനോടുകൂടി മോശയും ഏലിയാവും താബോർ മലയിൽ തേജസ്ക്കരിക്കപ്പെട്ടു. അത് നമ്മുടെ പ്രവർത്തന മണ്ഡലങ്ങളിൽ പകർത്തണം. ഏലിയാവിന് കാക്ക അപ്പം കൊടുത്തു. നമുക്കറിയാം കാക്കയ്ക്ക് ഒരപ്പം അല്ലെങ്കിൽ രണ്ണെം തന്റെ ചുിൽ പിടിക്കാൻ പറ്റും. അതിൽ കൂടുതൽ ആണെങ്കിൽ അത് താഴെ വീഴും. ഏലിയാവിന്റെ ഈ മിതത്വം നമുക്കും പരിശീലിക്കാം. അപ്പോൾ വിധവക്ക് എണ്ണ ലഭിച്ചപോലെ ആ ദേശത്തുള്ള കടങ്ങൾ മുഴുവൻ കൊുവന്നാലും നിറയാത്തതുപോലെ എണ്ണ നമുക്കും ലഭിക്കും.

“നോമ്പ് നോൽക്കുന്നവന്റെ തലമുറ സ്വർഗ്ഗത്തിലായിരിക്കും”
“ മോശയും ഏലിയാവും
നോറ്റുപവാസം നാൽപതുനാൾ
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായെ ജയിച്ചു.”

പ. പരുമല തിരുമേനി ഒരു മാതൃകാപുരുഷനായി കരുതിയിരുന്ന ഏലിയാ ദീർഘദർശിയുടെയും,നമ്മൾ ആരുടെ പെരുനാൾ ആചരിക്കുന്നുവോ ആ പ. പിതാവിന്റെയും മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

# അബലരെ കരുതുന്ന നേതൃത്വം മാതൃക: മന്ത്രി കെ.എൻ. ബാലഗോപാൽ

പരുമല: അബലരെ കരുതുന്ന നേതൃത്വം മഹനീയ മാതൃകയാണെന്ന് സംസ്ഥാന ധന വകുപ്പ് മന്ത്രി ശ്രീ.കെ.എൻ.ബാലഗോപാൽ പ്രസ്താവിച്ചു. പരിശുദ്ധ ബാവാ തിരുമേനിയുടെ നേതൃത്വം സഭയ്ക്ക് മാത്രമല്ല, സമൂഹത്തിനും തണലാകുന്നുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ സ്ഥനാരോഹണ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒന്നാം സ്ഥാനാരോഹണ വാർഷികത്തോടനുബന്ധിച്ച് പരുമല സെന്റ് ഗ്രിഗോറിയോസ് ആശുപത്രിയുടെ സഹകരണത്തിൽ നടപ്പാക്കുന്ന സൗഖ്യം പഞ്ചവത്സര ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനം പരി.കാതോലിക്കാ ബാവാ നിർവഹിച്ചു.

സഭയുടെ ദൗത്യം കണ്ണീരൊപ്പുന്നതുകൂടിയാണെന്നും പരിശുദ്ധ ബാവാ പ്രസ്താവിച്ചു.

പരിശുദ്ധ കാതോലിക്കാ ബാവാ ഒരു സഭയുടെ മാത്രമല്ല, എല്ലാ ക്രൈസ്തവ സഭകളെയും കോർത്തിണക്കുന്ന മഹനീയ നേതൃത്വമാണെന്ന് അനുഗ്രഹ പ്രഭാഷണത്തിൽ ഡോ.ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത പറഞ്ഞു.

ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. കെ.വി.പോൾ റമ്പാൻ, സഭാ പി.ആർ.ഒ. ഫാ.മോഹൻ ജോസഫ്, പരുമല ആശുപത്രി സി.ഇ.ഒ. ഫാ.എം.സി.പൗലോസ് എന്നിവർ പ്രസംഗിച്ചു.



# ഫാ ഡോ. തോമസ് വർഗീസ് അമയിലും, റോണി വർഗീസ് എബ്രഹാമും ഓർത്തഡോക്സ് സഭാ ട്രസ്റ്റിമാർ

പത്തനാപുരം: ഓർത്തഡോക്സ് സഭയുടെ വൈദിക ട്രസ്റ്റിയായി ഫാ. ഡോ. തോമസ് വർഗീസിനെയും അൽമായ ട്രസ്റ്റിയായി റോണി വർഗീസ് എബ്രഹാമിനെയും മലങ്കര അസോസിയേഷൻ തെരെഞ്ഞെടുത്തു. പത്തനാപുരം മൗണ്ട് താബോർ ദയറായിലെ തോമാ മാർ ദീവന്നാസിയോസ് നഗറിൽ നടന്ന യോഗത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു.


സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും സന്നിഹിതരായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആകെ 4203 പേർ വോട്ടിംഗിൽ പങ്കെടുത്തു വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിച്ച ഫാ. ഡോ. തോമസ് വർഗീസ് അമയിൽ 1991 വോട്ടും അൽമായ ട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിച്ച റോണി വർഗീസ് എബ്രഹാമിന് 2772 വോട്ടും, നേടി തിരഞ്ഞെടുക്കപ്പെട്ടു. അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രകൃതി ദുരന്തത്തിൽ കഴിയുന്നവരെ സഹായിക്കുവാനും സഭയുടെ ആശ്രമങ്ങൾ, സ്ഥാപനങ്ങൾ, ദേവാലയങ്ങൾ എന്നിവിടങ്ങളിൽ തരിശായികിടക്കുന്ന സ്ഥലങ്ങളെ കൃഷിഭൂമികളാക്കി പ്രകൃതി സ്നേഹത്തിൽ അധിഷ്ഠിതമായി ജീവിക്കുവാനും പരിശുദ്ധ കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. വിദേശ രാജ്യങ്ങളിൽ പഠനത്തിനു പോകുന്ന വിദ്യാർത്ഥികളുടെ ആത്മീയ പരിപോഷണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് മാനേജിങ് കമ്മറ്റി അംഗങ്ങളായി നോമിനേറ്റ് ചെയ്തവരുടെ പേരുകൾ സഭാ വക്താവ് ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് വായിച്ചു. കാതോലിക്കാ മംഗള ഗാനം, ദേശീയ ഗാനം, ആശിർവാദം എന്നിവയോടെ യോഗ നടപടികൾ അവസാനിച്ചു.

# ലഹരിക്കെതിരെ ഡ്രഗ്സിറ്റ് പദ്ധതിയുമായി മലങ്കര ഓർത്തഡോക്സ് സഭ

കോട്ടയം: സമൂഹം നേരിടുന്ന 'ലഹരി അടിമത്തം' എന്ന മഹാ വിപത്തിനെതിരെ ഗാന്ധി ജയന്തി ദിനത്തിൽ കേരള സർക്കാർ ആരംഭിക്കുന്ന ഒരു മാസം നീളുന്ന ബോധവത്കരണ പദ്ധതിയുമായി മലങ്കര ഓർത്തഡോക്സ് സഭയും സർവാത്മനാ സഹകരിച്ചു പ്രവർത്തിക്കുമെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ.

മുഖ്യമന്ത്രി വിളിച്ചു ചേർത്ത മത സാമുദായിക നേതാക്കളുടെ യോഗത്തിൽ ഈ വിഷയം സംബന്ധിച്ച് സഭയുടെ പൂർണ്ണ പിന്തുണ അറിയിച്ചിട്ടുണ്ട്. ഓർത്തഡോക്സ് സഭയുടെ വിവിധ ആത്മീയ പ്രസ്ഥാനങ്ങളുടെ സഹകരണത്തോടെ 'ലഹരിമുക്ത സഭ, ലഹരിമുക്ത സമൂഹം' എന്ന മുദ്രാവാക്യവുമായി സഭയുടെ മാനവശാക്തീകരണ വിഭാഗം ആവിഷ്കരിക്കുന്ന ഡ്രഗ്സിറ്റ് (**DRUXIT**) എന്ന ത്രിവത്സര ലഹരിവിരുദ്ധ ബോധവത്കരണ പദ്ധതി എല്ലാ ഇടവകകളിലും സഭാവക സ്ഥാപനങ്ങളിലും നടപ്പിലാക്കും. സഭയും സർക്കാരും നടത്തുന്ന ലഹരിവിരുദ്ധ പദ്ധതികൾ സംബന്ധിച്ച് ഒക്ടോബർ 2-ന് (ഞായർ) പള്ളികളിൽ അറിയിപ്പുകൾ നൽകുംബൃഹത്തായ ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിച്ചു കൊണ്ടും സമകാലീന സമൂഹത്തിനും വളർന്നുവരുന്ന തലമുറയ്ക്കും പ്രയോജന പ്രദമായ പദ്ധതിയിലേക്ക് സഭാവിശ്വാസികളുടെ അടിയന്തിര ശ്രദ്ധ ആവശ്യപ്പെട്ടു കൊണ്ടും പ. കാതോലിക്കാ ബാവാ തിരുമേനി പള്ളികൾക്ക് കല്പന അയച്ചിട്ടുണ്ട്.



# ഭവന നിർമ്മാണ പദ്ധതിയുമായി മഹാ ഇടവക



തലചായ്ക്കാൻ ഇടമില്ലാത്തവർക്ക് ഭവന നിർമാണ പദ്ധതിയൊരുക്കി മസ്കത്ത് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക. തണൽ ജീവകാരുണ്യ പദ്ധതിയിൽ 'ബൈത്തോ' എന്ന് നാമകരണം ചെയ്തിരിക്കുന്ന പദ്ധതിയിലൂടെ കേരളത്തിലെ വിവിധ പ്രദേശങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് വച്ച് നൽകയെന്നതാണ് ലക്ഷ്യമിടുന്നത്.

തണൽ പദ്ധതിയുടെ ഈ വർഷത്തെ ഉദ്ഘാടനം റുവി സെന്റ്. തോമസ് പള്ളിയിൽ വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം നടന്ന ചടങ്ങിൽ ഇടവക വികാരി റവ. ഫാ. വർഗീസ് റ്റിജു ഐപ്പ് നിർവ്വഹിച്ചു. 'നമുക്ക് ഇനിയും ദൈവാലയങ്ങൾ ഉണ്ടാകണം, തലചായ്ക്കാൻ ഇടമില്ലാത്ത നമ്മുടെ സഹോദരങ്ങൾക്ക് വസിക്കുവാനുള്ള ആലയങ്ങൾ' മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ ഹൃദയസ്പർശിയായ ഈ ആഹ്വാനം ഉൾക്കൊണ്ടും ഇടവകയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായുമാണ് ഈ വർഷം ഭവന നിർമ്മാണ പദ്ധതി ഏറ്റെടുത്തതെന്ന് റവ. ഫാ. വർഗീസ് റ്റിജു ഐപ്പ് പറഞ്ഞു.

ചടങ്ങിൽ സഭാ മാനേജിംഗ് കമ്മറ്റി അംഗവും പ്രമുഖ സംരംഭകനുമായ ഡോ. ഗീവർഗീസ് യോഹന്നാനിൽ നിന്ന് ആദ്യ തുക സ്വീകരിച്ചു. മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ ലഭിക്കുന്ന അവസരങ്ങൾ പാഴാക്കരുതെന്ന് ആശംസകൾ അറിയിച്ച് അദ്ദേഹം പറഞ്ഞു. ആക്ടിംഗ് സെക്രട്ടറി സജി ഏബ്രഹാം, കൺവീനർ അജു തോമസ് എന്നിവർ സംസാരിച്ചു. ട്രസ്റ്റി ജാബ്സൺ വർഗീസ്, കോ–ട്രസ്റ്റി ബിനു കുഞ്ചാറ്റിൽ, സെക്രട്ടറി ബിജു പരുമല എന്നിവർ സന്നിഹിതരായിരുന്നു. കഴിഞ്ഞ 16 വർഷങ്ങളായി ഇടവക നടപ്പാക്കി വരുന്ന തണൽ ജീവകാരുണ്യ പദ്ധതിയിലൂടെ ഹൃദയ ശസ്ത്രക്രിയ, കാൻസർ ചികിത്സ, വൃക്ക രോഗികൾക്കുള്ള ചികിത്സാ സഹായം, വിവാഹം, ഭവന നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ ആയിരത്തിലധികം പേർക്ക് ഇതിനോടകം ധനസഹായം നൽകിയിട്ടുണ്ട്. ഈ വർഷം തന്നെ സുവർണ്ണ ജൂബിലി പദ്ധതിയായി കോട്ടയം മെഡിക്കൽ കൊളേജിനോട് ചേർന്ന് പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സെന്ററിനായി അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകും. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മറ്റ് നിരവധി പദ്ധതികളും പരിപാടികളുമാണ് ഈ വർഷം ആവിഷ്ക്കരിച്ചിട്ടുള്ളത്. ഭവന നിർമ്മാണ പദ്ധതിക്കൊപ്പം ഇടവകയുടെ സാന്ത്വനം ജീവകാരുണ്യ പദ്ധതിയിലൂടെ ചികിത്സാ, വിവാഹം, വിദ്യാഭാസം തുടങ്ങിയവയ്ക്കുള്ള ധനസഹായവും നൽകും.

# മസ്കറ്റ് സംഗമം 2022




മഹാ ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മസ്കറ്റ് മഹാ ഇടവകയിൽ സേവനമനുഷ്ഠിച്ച വന്ദ്യ വൈദികർക്കും, പൂർവ്വകാല അംഗങ്ങൾക്കും, ഇപ്പോഴത്തെ അംഗങ്ങൾക്കും പുനഃസമാഗമ വേദിയൊരുക്കി മസ്കറ്റ് സംഗമം ജൂലൈ 10–നു കോട്ടയം പാമ്പാടി ദയറാ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു.

രാവിലെ 6.30–ന് പ്രഭാത നമസ്കാരം, വി. കുർബ്ബാന അതിനെത്തുടർന്ന് രജിസ്ട്രേഷൻ, പ്രഭാത ഭക്ഷണം, 10 മുതൽ അംഗങ്ങളുടെ സംഗമം ഉദ്ഘാടനം, സ്വയം പരിചയപ്പെടുത്തൽ, സ്മൃതിപഥങ്ങൾ, ധ്യാനം, ക്ലാസ്സ്, പൊതുചർച്ച, അലുമ്നി അസ്സോസ്സിയേഷൻ രൂപീകരണം, എന്നിവ സംഗമത്തിന്റെ ഭാഗമായിരുന്നു., 2 മണി മുതൽ പൊതുസമ്മേളനത്തിനു തുടക്കമായി. സഭയുടെ പരമാധ്യക്ഷനും പൗരസ്ത്യ കാതോലിക്കായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനി സംഗമം ഉദ്ഘാടനം ചെയ്തു. ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി, പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും നിരണം ഭദ്രാസനാധിപനുമായ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി, എന്നിവർ ആശംസകൾ അറിയിച്ചു.

വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഓ. ജോൺ, അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, കേരളത്തിന്റെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലും മുൻ ഇടവകാംഗവുമായ ഡോ. ബിജു ജേക്കബ് തുടങ്ങി സഭയിലേയും രാഷ്ട്രീയ–സാമൂഹിക–സാംസ്കാരിക രംഗത്തെയും പ്രമുഖ വ്യക്തിത്വങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു. കൂടാതെ മലങ്കര സഭാ ഗുരുരത്നം വന്ദ്യ ഡോ. ടി. ജെ. ജോഷ്വാ അച്ചൻ ക്ലാസിനു നേതൃത്യം നൽകി. ഇടവകയുടെ സ്ഥാപക അംഗങ്ങളെയും വിശിഷ്ട വ്യക്തിത്വങ്ങളേയും ചടങ്ങിൽ ആദരിച്ചു.

മസ്കറ്റ് മഹാ ഇടവക ഒമാനിൽ 50 ആണ്ടുകൾ പൂർത്തിയാക്കുന്ന അനുഗ്രഹീത വേളയിൽ ഇടവകയിൽ സേവനമനുഷ്ഠിച്ച വന്ദ്യ വൈദികർക്കും പൂർവ്വകാല അംഗങ്ങൾക്കും ഇപ്പോഴത്തെ അംഗങ്ങൾക്കും പുനഃസമാഗമ വേദിയൊരുക്കുന്നതിനും ഈ പ്രവാസമണ്ണിൽ നിന്നും നാം ആർജ്ജിച്ച ദൈവീക നന്മകളെ നന്ദിപൂർവ്വം സ്മരിക്കുന്നതിനും പ്രവാസത്തിന്റെ നല്ലോർമ്മകൾ പങ്കുവയ്ക്കുന്നതിനും സംഗമം വേദിയായി.



# കുരിശിൻ തൊട്ടിയുടെ താത്ക്കാലിക കൂദാശ നിർവ്വഹിച്ചു

മസ്കറ്റ്: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ പരിശുദ്ധ ദൈവ മാതാവിന്റെ നാമത്തിൽ നിർമ്മിച്ച കുരിശിൻ തൊട്ടിയുടെ താത്ക്കാലിക കൂദാശ ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ നിർവ്വഹിച്ചു. സെന്റ് തോമസ് ചർച്ചിൽ നടന്ന വിശുദ്ധ കുർബ്ബാനക്ക് ശേഷം കുരിശടിയിൽ പ്രതിഷ്ഠിക്കുവാനുള്ള സ്ലീബാ വഹിച്ചുകൊണ്ട് വൈദികരും വിശ്വാസികളും പ്രാർത്ഥനയോടെ കുരിശടിയിൽ എത്തിച്ചേരുകയും തുടർന്ന് വന്ദ്യ തോമസ് പോൾ റമ്പാച്ചന്റെ മുഖ്യ കാർമ്മികത്വത്തിലും ഇടവക വികാരി ഫാ. വർഗീസ് റ്റിജു ഐപ്പ്, അസ്സോ. വികാരി ഫാ. എബി ചാക്കോ, ഫാ. ഷാനു ഏബ്രഹാം എന്നീ വൈദീക ശ്രേഷ്ഠരുടെ സഹകാർമ്മികത്വത്തിലുമാണ് കൂദാശാ കർമ്മം നിർവ്വഹിച്ചത്. പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ ആചരിക്കുന്ന ദിനങ്ങളിൽ തന്നെ കുരിശടിയുടെ പണികൾ പൂർത്തിയാക്കി വിശ്വാസികൾക്ക് പ്രാർത്ഥനക്കായി ഒരുക്കുവാൻ സാധിച്ചത് വലിയ ദൈവീക കൃപയാണെന്ന് ഇടവക വികാരി അനുസ്മരിച്ചു.

# സണ്ടേസ്കൂൾ കുട്ടികൾക്കായി “പൊന്നോണം 2022” സംഘടിപ്പിച്ചു



മസ്കറ്റ് മഹാ ഇടവകയുടെ ആഭിമുഖ്യത്തിൽ സണ്ടേസ്കൂൾ കുട്ടികൾക്കായി ഓണാഘോഷം സംഘടിപ്പിച്ചു. “പൊന്നോണം 2022” എന്ന പേരിൽ നടത്തിയ ആഘോഷം കേരളത്തിന്റെ ദേശീയ ഉത്സവമായ ഓണത്തെക്കുറിച്ചും നാടിന്റെ സംസ്കാരവും ആചാരങ്ങളും അടുത്തറിയുവാനുള്ള വേദിയായി. ഒപ്പം ഓണത്തിന്റെ തനിമ വിളിച്ചോതുന്ന പ്രതീകങ്ങളും കലാകായിക മത്സരങ്ങളും സമന്വയിപ്പിച്ച് കൊണ്ടുള്ളതായിരുന്നു പരിപാടികൾ.

ഇടവക വികാരി ഫാ. വർഗീസ് റ്റിജു ഐപ്പ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വന്ദ്യ തോമസ് പോൾ റമ്പാച്ചൻ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഫാ. ഷാനു ഏബ്രഹാം ഓണം സന്ദേശം നൽകി. അസ്സോ. വികാരി ഫാ. എബി ചാക്കോ സന്നിഹിതനായിരുന്നു. സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ ശ്രീ. ഏബ്രഹാം മാത്യു, ഡോ. ഗീവർഗീസ് യോഹന്നാൻ എന്നിവർ ആശംസകൾ നേർന്നു. മുന്നോറോളം കുട്ടികൾ കലാകായിക മത്സരങ്ങളിൽ പങ്കെടുത്തു. ഇടവക, സണ്ടേസ്കൂൾ ഭാരവാഹികൾ പരിപാടിക്ക് നേതൃത്വം നൽകി.

# 2022-23 വർഷത്തിലെ പ്രവർത്തനോത്ഘാടനവും അംഗത്വ വിതരണവും

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 2022–23 വർഷത്തിലെ പ്രവർത്തനോത്ഘാടനവും ആദ്യ അംഗത്വ വിതരണവും വി. കുർബ്ബാനാന്തരം നടക്കുകയുണ്ടായി.

സെന്റ്. തോമസ് ദേവാലയത്തിൽ വച്ച് നടന്ന ചടങ്ങിൽ, മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഭദ്രദീപം തെളിയിച്ച് ഉത്ഘാടനം നിർവ്വഹിച്ചു.

തുടർന്ന് ഈ വർഷത്തെ യുവജനപ്രസ്ഥാനത്തിന്റെ ആദ്യ അംഗത്വ വിതരണം പരി. കാതോലിക്കാ ബാവാ, ശ്രീ. എബിൻ ബാബുവിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

ഭാരതീയ ക്രൈസ്തവ സഭകളിലെയും മലങ്കര സഭയുടേയും പ്രഥമ പ്രഖ്യാപിത പരിശുദ്ധൻ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ (പരിശുദ്ധ പരുമല തിരുമേനി) നാമത്തിൽ 1972–ൽ സ്ഥാപിതമായ മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടൊപ്പം ചേർന്നുനിന്നു കൊണ്ട്, 45 വർഷങ്ങൾ പൂർത്തീകരിക്കുന്ന ഇടവക യുവജന പ്രസ്ഥാനം അടുത്ത ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധങ്ങളായ കർമ്മപരിപാടികൾക്കാണ് രൂപം നൽകുന്നത്.

ഇടവക വികാരി. റവ.ഫാ വർഗീസ് റ്റിജു ഐപ്പ്, സഹ. വികാരി റവ. ഫാ എബി ചാക്കോ, ഇടവക ട്രസ്റ്റി ശ്രീ. ജാബ്സൺ വർഗീസ്, സെക്രട്ടറി ശ്രീ. ബിജു പരുമല, കോ–ട്രസ്റ്റി ശ്രീ. ബിനു ജോസഫ് കുഞ്ചാറ്റിൽ, മുതലായവർ ഉത്ഘാടന ചടങ്ങിൽ സന്നിഹിതരായിരുന്നു. യുവജനപ്രസ്ഥാനം വൈസ്–പ്രസിഡന്റ് ശ്രീ. ഷിജു കെ. ഫിലിപ്പ്, സെക്രട്ടറി ശ്രീ. ബിപിൻ ബി. വർഗ്ഗീസ്, ട്രസ്റ്റി ശ്രീ. ജെസ്റ്റിൻ സാമുവേൽ, ജോ. സെക്രട്ടറി ശ്രീ. റോബിൻ തോമസ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# ലോഗോ പ്രകാശനം ചെയ്തു




മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 45–ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കിയ ലോഗോയുടെ പ്രകാശനം ഇടവക വികാരിയും പ്രസ്ഥാനം പ്രസിഡന്റുമായ ബഹുമാനപ്പെട്ട റവ. ഫാ. വർഗീസ് റ്റിജു ഐപ്പ് അച്ചൻ നിർവ്വഹിക്കുന്നു. സഹ: വികാരി റവ. ഫാ. എബി ചാക്കോ അച്ചൻ ഇടവക ഭരണ സമിതി അംഗങ്ങൾ യുവജനപ്രസ്ഥാനം ഭാരവാഹികൾ 45–ത് ഇയർ Celebration Convener എന്നിവർ സന്നിഹിതരായിരുന്നു

# സ്നേഹ സാഹോദര്യ ജ്വാല

**India @ 75 - Independence Day Celebration**

ഭാരതത്തിന്റെ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് മസ്ക്കറ്റ്, മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2022 ഓഗസ്റ്റ് 14 ഞായറാഴ്ച വൈകിട്ട് 7 മണിക്ക് വിശുദ്ധ ശൂനോയോ പെരുന്നാൾ കുർബ്ബാനയ്ക്ക് ശേഷം സെന്റ് തോമസ് ദേവാലയത്തിൽ വച്ച് ‘സ്നേഹ സാഹോദര്യ ജ്വാല’ സംഘടിപ്പിക്കുകയുണ്ടായി.

എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിന സ്മരണയ്ക്കായി എഴുപത്തിയഞ്ച് ദേശീയ പതാകകൾ വിതരണം ചെയ്യുകയും, ഏവരും തിരികൾ തെളിയിച്ച് ബഹുമാനപ്പെട്ട ഇടവക വികാരി റവ. ഫാ. വർഗീസ് റ്റിജു ഐപ്പ് അച്ചൻ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ വാചകം ഏറ്റു ചൊല്ലുകയും ചെയ്തു.

# "മധുരമെൻ മലയാളം" - മാതൃഭാഷ പഠന കളരി-2022 സമാപിച്ചു



മസ്കറ്റ്: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ മൂന്ന് ആഴ്ചകളിലായി നടത്തി വന്നിരുന്ന മധുരമെൻ മലയാളം മാതൃ ഭാഷ പഠന കളരി 2022–നു സമാപനം കുറിച്ചു.

പ്രവാസ ലോകത്തു ജനിച്ചു വളർന്ന കുഞ്ഞുങ്ങൾക്ക് മാതൃഭാഷയുടെ മഹത്വവും മാധുര്യവും പകർന്നു നൽകുന്നതിനായി ഇടവക യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും വേനലവധിക്കാലത്തു നടത്തി വരുന്ന മധുരമെൻ മലയാളം മാതൃ ഭാഷ പഠന കളരി 2022 ആണ് ഇന്ന് സമാപിച്ചത്. ഓരോ പ്രവാസിയും സ്വന്തം മാതൃ ഭാഷയെ പ്രാണന് തുല്യം ഹൃദയത്തോട് ചേർത്ത് വയ്ക്കുന്നു. പിറന്ന മണ്ണും, ആദ്യം മൊഴിഞ്ഞതും ആദ്യാക്ഷരം കുറിച്ചതുമായ ഭാഷയും എന്നും അവനു ജരാനരകൾ ബാധിച്ചാലും ഗൃഹാതുരത്വം ഉണർത്തുന്ന ഓർമ്മകളാണ്. ഏകദേശം 40 ഓളം കുട്ടികളാണ് ഇതിൽ കഴിഞ്ഞ മൂന്നു ആഴ്ചകളിലായി പങ്കെടുത്തത് പാട്ടും, കഥകളും, അക്ഷര മാലകളുമായി ഗാന രചയിതാവും, സംവിധായകനുമായ ശ്രീ. ജയ്പാൽ ദാമോദർ കുട്ടികൾക്കായി ക്ലാസ്സുകൾ നയിച്ചു.

കലാകാരനും, മൃദംഗ വിദ്വാനും, യൂണിവേഴ്സൽ റെക്കോർഡ് ഫോറത്തിന്റെ സാഹിത്യ വിഭാഗത്തിൽ 2021–ലെ ദേശീയ പുരസ്ക്കാര ജേതാവും ആയിരുന്ന ശ്രീ. വിനോദ് പെരുവം മുഖ്യാഥിതി ആയിരുന്നു.

പഠന കളരിയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയുണ്ടായി.

മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക വികാരി ബഹുമാനപ്പെട്ട റവ. ഫാ. വർഗീസ് റ്റിജു ഐപ്പ് അച്ചൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, മഹാ ഇടവക കോ–ട്രസ്റ്റി ശ്രീ. ബിനു ജോസഫ് കുഞ്ചാറ്റിൽ, ആശംസകൾ അർപ്പിച്ചു.

മധുരമെൻ മലയാളം മാതൃ ഭാഷ പഠന കളരി 2022–നു മുഖ്യ നേതൃത്വം നൽകിയ ശ്രീ. ബിജു ജോൺ തേവലക്കര ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

യുവജന പ്രസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ഷിജു കെ. ഫിലിപ്പ്, പ്രസ്ഥാനം സെക്രട്ടറി ശ്രീ. ബിപിൻ ബി. വർഗീസ്, ജോ–സെക്രട്ടറി ശ്രീ. റോബിൻ തോമസ്, ട്രസ്റ്റി. ശ്രീ. ജെസ്റ്റിൻ സാമുവേൽ എന്നിവർ മേൽനോട്ടം നിർവ്വഹിച്ചു.

## കേരളത്തനിമ വിളിച്ചോതി യുവജനപ്രസ്ഥാനം ഓണം ആഘോഷിച്ചു

മസ്ക്കറ്റ്: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയിലെ യുവജന പ്രസ്ഥാനത്തിന്റെ നേതൃതത്തിൽ ഈ വർഷത്തെ ഓണാഘോഷം വിപുലമായ കലാപരിപാടികളോടെ അരങ്ങേറി. കേരളത്തിന്റെ തനത് പൈതൃകവും സംസ്കാരവും വിളിച്ചോതുന്നതായിരുന്നു.സെപ്റ്റംബർ 16ന് വാദീകബീർ മസ്കറ്റ് ക്ലബ് ഓഡിറ്റോറിയത്തിൽ നടന്ന ഓണാഘോഷം.

താലപ്പൊലിയേന്തിയ വനിതകൾ പരമ്പരാഗത ശൈലിയിൽ മഹാബലിയെ ആനയിച്ചുകൊണ്ടായിരുന്നു ഉദ്ഘാടന സമ്മേളനത്തിന് തുടക്കം കുറിച്ചത്. മഹാ ഇടവക വികാരി ഫാ. വർഗീസ് റ്റിജു ഐപ്പ് അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ സഹവികാരി ഫാ. എബി ചാക്കോ പ്രാരംഭ പ്രാർത്ഥന നടത്തി. യുവജന പ്രസ്ഥാനം സെക്രട്ടറി ശ്രീ. ബിപിൻ ബി. വർഗീസ് വിശിഷ്ടാതിഥികളെ സ്വാഗതം ചെയ്തു. തുടർന്ന് നാടൻപാട്ട് കലാകാരനും പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകനുമായ ശ്രീ. അതുൽ നറുകര പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കടുവ എന്ന ചിത്രത്തിലെ തന്റെ ഒറ്റ ഗാനം കൊണ്ട് മലയാള സിനിമാ ഗാന രംഗത്ത് വിസ്മയം തീർത്ത അദ്ദേഹത്തിന്റെ നാടൻ പാട്ടുകളും, ചലച്ചിത്ര ഗാനങ്ങളും അക്ഷരാർത്ഥത്തിൽ സദസ്സിനെ ഒന്നടങ്കം ആഹ്ലാദ തിമിർപ്പിലാക്കി.

കവിയും, സംവിധായകനും, ഗാന രചയിതാവുമായ ശ്രീ. കെ. ആർ. പി. വള്ളികുന്നം ഓണസന്ദേശം നൽകി. ഓർത്തഡോക്സ് സഭാ മാനേജിങ് കമ്മറ്റി അംഗങ്ങളായ ഡോ. ഗീവർഗീസ് യോഹന്നാൻ, ശ്രീ. ഏബ്രഹാം മാത്യു, മഹാ ഇടവക സെക്രട്ടറി ശ്രീ. ബിജു പരുമല എന്നിവർ ആശംസകൾ നേർന്നു. ട്രസ്റ്റി. ശ്രീ. ജാബ്സൺ വർഗീസ്, കോ–ട്രസ്റ്റി. ശ്രീ. ബിനു കുഞ്ചാറ്റിൽ, യുവജന പ്രസ്ഥാനം വൈസ്. പ്രസിഡന്റ്. ശ്രീ. ഷിജു കെ. ഫിലിപ്പ്, ട്രസ്റ്റി. ശ്രീ. ജെസ്റ്റിൻ സാമുവേൽ, ഓണാഘോഷ പരിപാടികളുടെ കൺവീനർ ശ്രീ. നെബി തോമസ് എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

തുടർന്ന് ഇടവകയിലെ ആത്മീയ സംഘടനകളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി. സീനിയർ ക്വയർ അംഗങ്ങളുടെ തിരുവാതിര, വനിതാ സമാജം അംഗങ്ങളുടെ നൃത്തം, യുവജന പ്രസ്ഥാന അംഗങ്ങളുടെ സിനിമാറ്റിക് കോൽക്കളി, സണ്ടേസ്കൂൾ കുട്ടികളുടെ നൃത്താവിഷ്ക്കാരങ്ങൾ തുടങ്ങിയവ ശ്രദ്ധേയമായിരുന്നു. ഒപ്പം മറ്റു കലാ പരിപാടികളും ഓണാഘോഷത്തിന് നിറപ്പകിട്ടേകുന്നതായിരുന്നു.



വിഭവസമൃദ്ധമായ ഓണസദ്യയ്ക്ക് ശേഷം വടംവലിയുൾപ്പടെയുള്ള കായിക മത്സരങ്ങളും അരങ്ങേറി. വിജയികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.


ശ്രീ. ബിജു ജോൺ, ശ്രീമതി. മന്ന മെർലിൻ എന്നിവരായിരുന്നു അവതാരകർ. പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ച ഏവർക്കും കൺവീനർ ശ്രീ. ബെൻസൺ സ്കറിയ നന്ദി പ്രകാശിപ്പിച്ചു. ശ്രീ. നെബി തോമസ്, ശ്രീ. ജിജോ കെ. ഉമ്മൻ എന്നിവരും കൺവീനർമാരായി പ്രവർത്തിച്ചു.

## ദൈവമാതാവിന്റെ ജനനപെരുനാൾ ആചരിച്ചു


മസ്ക്കറ്റ്: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാഇടവകയിൽ പരിശുദ്ധ ദൈവമാതാവിന്റെ ജനന പെരുന്നാൾ ശുശ്രൂഷകൾക്ക് ഭക്തിപൂർവ്വംആചരിച്ചു. സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടന്ന വിശുദ്ധമൂന്നിന്മേൽ കുർബാനക്ക് വെരി. റവ. തോമസ് പോൾ റമ്പാൻ, റവ. ഫാ. ഷാനു എബ്രഹാം, റവ. ഫാ എബി ചാക്കോ എന്നിവർ കാർമികത്വം വഹിച്ചു.

മഹാഇടവകയുടെ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 1 വ്യാഴം മുതൽ 7 ബുധൻ വരെ നടന്ന വചന ശ്രുശ്രുഷകൾക്ക് വെരി. റവ. തോമസ് പോൾ റമ്പാൻ, റവ. ഫാ. ഷാനു എബ്രഹാം എന്നിവർ നേതൃത്വം നൽകി. മഹായിടവക വികാരി റവ. ഫാ. വർഗീസ് റ്റിജു ഐപ്പ് അച്ചൻ സഹകാർമികത്വം വഹിച്ചു.

പരിശുദ്ധ ദൈവമാതാവേ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ എന്ന വിശ്വാസികളുടെ കണ്ഠങ്ങളിൽ നിന്ന് ഉയർന്ന പ്രാർത്ഥനാമുഖരിതവും ഭക്തി നിർഭരമായ ശ്രുശ്രുഷകളോടെ നൂറു കണക്കിന് വിശ്വാസികൾ പങ്കെടുത്ത പെരുന്നാൾ, നേർച്ച വിളമ്പോടെ പര്യവസാനിച്ചു.




ആചാര്യേശാ...മശിഹാ കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം!



**റവ.ഫാ.ഒ.തോമസ് (68)**
ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം
മുൻ ജനറൽ സെക്രട്ടറി

ആദരാഞ്ജലികൾ...

**MAR GREGORIOS ORTHODOX MAHA EDAVAKA - MUSCAT**



മുൻ അസോസിയേഷൻ സെക്രട്ടറി
**ഡോ. അലക്സാണ്ടർ കാരയ്ക്കൽ**
ആദരാഞ്ജലികൾ

**MAR GREGORIOS ORTHODOX MAHA EDAVAKA - MUSCAT**

## SAD DEMISE



**Mr GEORGE VARGHESE**
09/09/1938 — 09/08/2022

Rtd Deputy Chief Engineer,
Kerala State Electricity Board
Wadavarsseril House, Kottayam


Saji Abraham & Minu Elizabeth Saji

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## നവാഭിഷിക്തരായ മെത്രാപ്പോലീത്താമാർക്ക്




അഭി. അബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത



അഭി. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത




അഭി. ഗീവർഗ്ഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത



അഭി. ഗീവർഗ്ഗീസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്ത



അഭി. ഗീവർഗ്ഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത



അഭി. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത



അഭി. സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത

# പ്രാർത്ഥനാശംസകൾ

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക, മസ്കറ്റ്

Late Lamented

## H.G.Dr. Zachariah Mar Theophilos Metropolitan



**ഭാഗ്യ സ്മരണാർഹനായ**

**ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനി**

1952 - 2017

**വന്ദ്യപിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ.**

**Inserted by:**

**Kodiat Family – Trivandrum & Muscat**

**STRICTLY FOR PRIVATE CIRCULATION ONLY**

**PUBLISHED & OWNED BY**

**MAR GREGORIOS ORTHODOX MAHA EDAVAKA**

P. O. Box 984, P.C. 100, Muscat, Sultanate of Oman • Tel: +968-2470 2606, Fax: +968-2479 0811

e-mail: office@mgomemuscat.com • www.mgomemuscat.com/vineyard